
2026 APRIL
VOL 25
ISSUE 4
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക




**JESUS YOUTH**
A MISSIONARY
MOVEMENT AT
THE SERVICE OF
THE CHURCH

www.jykairosmedia.org

"അവൻ ഉയിർപ്പിക്കപ്പെട്ടു"

(മത്തായി 28, 6)




"സ്നേഹത്തിൽ ഐക്യപ്പെട്ടാൽ മാത്രമേ
യുദ്ധത്തിന്റെ നിരന്തരമായ
ഭീഷണികളെ നമുക്ക് മറികടക്കാൻ കഴിയൂ"

– പോപ്പ് ലിയോ XIV

എഡിറ്റേഴ്സ് റൂം -
**അഡ്വ. കെ.ജെ. ജോൺസൺ**
jjadvocatesjy@gmail.com



# കരയാം, പക്ഷേ നിരാശപ്പെടരുത്

കേരള ജനതയെ പ്രത്യേകിച്ച് ചെറുപ്പക്കാരെ ഈ നാളുകളിൽ പ്രചോദിപ്പിച്ച രണ്ട് തിരുവനന്തപുരത്തുകാരാണ് സഞ്ജു സാംസണും ശ്രീജയും. സമൂഹത്തിന്റെ വ്യത്യസ്ത മേഖലയിലാണ് അവർ ജീവിക്കുന്നതെങ്കിലും പ്രതിസന്ധികളെ നേരിട്ട അവരുടെ മനോഭാവങ്ങൾ ഒന്നുതന്നെയെന്ന് നിരീക്ഷിക്കാം. കളികളിൽ നിന്നും മാറ്റി നിർത്തിയപ്പോൾ താനനുഭവിച്ച മാനസിക വേദനയെക്കുറിച്ച് സഞ്ജു തുറന്നു പറഞ്ഞിട്ടുണ്ട്. തന്റെ സ്വപ്നങ്ങൾ തകർന്നുപോകുമോ എന്നുകരുതി കണ്ണീർ വാർത്ത സന്ദർഭങ്ങൾ ഒരുപാടുണ്ടായിട്ടുണ്ടെന്ന് സഞ്ജു ലോകകപ്പ് നേടിയ ശേഷമുള്ള അഭിമുഖത്തിൽ പറഞ്ഞു. നിരാശയിലേക്ക് പോകാതെ മനസ്സിനെ പിടിച്ചുനിർത്താൻ സഹായിച്ചവരെ നന്ദിയോടെ സ്മരിച്ചു.

പ്രതികൂലമായ സാഹചര്യങ്ങളെ തരണം ചെയ്താണ് ശ്രീജ ഇന്ത്യൻ സിവിൽ സർവീസ് എന്ന ഉന്നതമായ സ്വപ്നത്തിലേക്കടുത്തത്. മത്സരപരീക്ഷയുടെ കാഠിന്യവും ജീവിത സാഹചര്യങ്ങളുടെ വെല്ലുവിളികളും സങ്കടപ്പെടുത്തിയെങ്കിലും മനസ്സിനെ പ്രസന്നമാക്കാൻ തന്റെ മുറിയിൽ ദൈവവചനങ്ങൾ അടക്കമുള്ള ക്രിയാത്മക സന്ദേശങ്ങൾ ഒട്ടിച്ചുവച്ചു. സങ്കടങ്ങൾ പലതുണ്ടായെങ്കിലും നിരാശയിലേക്ക് പോകാതെ ദൈവം നയിച്ചുവെന്ന് അവർ പറയുന്നു.

സങ്കടങ്ങൾ ജീവിതവഴിയിൽ സാധാരണമാണ്, പക്ഷേ ക്രിയാത്മകമാണ്. നിരാശയിലേക്ക് നിപതിക്കുമ്പോൾ രക്ഷപ്പെടാനുള്ള കഠിന പരിശ്രമങ്ങൾ നടത്തേണ്ടിവരും. പ്രതിസന്ധികളെ അതിജീവിക്കാനുള്ള ശരീരത്തിന്റെ സാധാരണമായ പ്രകൃതമാണ് കരച്ചിൽ എന്നാണ് പറയുന്നത്. ഹൃദയത്തെ ഉലയ്ക്കുന്ന വേദനയിലൂടെ കടന്നുപോകുമ്പോൾ വരുന്ന കണ്ണുനീർ, വരുംനാളുകളെ ധൈര്യപൂർവം നേരിടാനുള്ള ഊർജമാണ് പകർന്നു തരുന്നത്. കുരിശിൽ കിടന്നുകൊണ്ട് ക്രിസ്തു വിലപിച്ചു. "എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ട് അങ്ങെന്നെ ഉപേക്ഷിച്ചു." ഈ വിലാപസ്വരം കേട്ട സ്വർഗം പൊഴിച്ച ഒരിറ്റു കണ്ണുനീർ, 'പാഷൻ ഓഫ് ദ ക്രൈസ്റ്റ്' എന്നസിനിമയിൽ ചിത്രീകരിച്ചിട്ടുണ്ട്. ഏതാനും നിമിഷം കഴിഞ്ഞപ്പോൾ പിതാവേ അങ്ങയുടെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു എന്ന സംതൃപ്തി നിറഞ്ഞ മനസ്സോടെയാണ് ക്രിസ്തു കുരിശിൽ തലചായ്ക്കുന്നത്.

ഓരോ സങ്കടവും ദൈവം കാണുന്നു. ഓരോ വിലാപങ്ങളിലും അവൻ ആശ്വസിപ്പിക്കുന്നു. പല സങ്കടത്തിനും ഉത്തരം തേടുന്ന മനുഷ്യർക്ക് മുൻപിൽ, ഒരു ഉത്തരവും രേഖപ്പെടുത്താതെ ശാന്തമായാണ് ക്രിസ്തു കുരിശിൽ കിടക്കുന്നത്. സങ്കടത്തിനു ശേഷമുള്ള ശാന്തതയിൽ പിതാവായ ദൈവത്തിന്റെ മൃദുമന്ത്രണങ്ങൾ അവിടന്ന് കേട്ടിട്ടുണ്ടാകും. ആ ആശ്വാസത്തിലാകണം അവിടന്ന് തലചായ്ച്ചത്. ഓരോ സങ്കടത്തിനുശേഷവും ലഭിക്കുന്ന ചെറിയ ഇടവേളകളിൽ ദൈവത്തിന്റെ സ്വരം ശ്രവിക്കാൻ നാം ശ്രദ്ധിക്കണം.

തന്റെ ബാറ്റിംഗ് മികവ് കൊണ്ട് മാത്രം ഇന്ത്യൻ ടീം ലോകകപ്പ് കിരീടത്തിലേക്ക് നടന്നടുത്തപ്പോൾ, തന്നെ സാന്ത്വനപ്പെടുത്തിയ സ്വർഗത്തെ ഓർമിക്കാൻ സഞ്ചു ഉയർത്തിയ കൈകൾ കാലങ്ങളോളം പ്രതീക്ഷ നൽകുന്ന സന്ദേശമാണ്. വർഷങ്ങൾ നീണ്ട പരിശ്രമത്തിനൊടുവിൽ ലഭിച്ച IFS എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടപ്പോൾ ശ്രീജയും ആ ഉന്നതമായ പ്രചോദനങ്ങളെ മറച്ചുവച്ചില്ല.

"വിലപിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും." വിലാപം വ്യക്തിപരം മാത്രമാകാതെ ചുറ്റുമുള്ള ജനതകളെയും ജീവികളെയും കുറിച്ചാകുമ്പോൾ ആ വിലാപത്തിന്റെ പേര് ക്രിസ്തീയതയെന്നും ആശ്വാസത്തിന്റെ പേര് ക്രിസ്തുവെന്നും ആകുന്നു.

എഡിറ്റർ-ഇൻ-ചീഫ്

Kairos MEDIA

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr Paul A.J. *(KJYC Animator)*

**Director, Kairos Media**
Dr. Chackochan Njavallil 9447572513

**Printer and Publisher**
Reji J. Karot 9447394142

**Managing Trustee**
Ginees Francis 9562379515

**Executive Director**
Godwin Ignatious 9995211689 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Abhilesh Thomas +1 (289) 952-1785
***East Timor*** Sr. Julie Antony +670 77827618 (WhatsApp) +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Sijo C. Johny +974 3357 2544
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
INDIA: 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org
+91 484 2984327

USA: Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org
+1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam


കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:

Cloudcatholic Mobile App

Print (Mal, Eng, Buds)

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com

contents



06
10
18
24
26
28
30

**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327 62382 79115
kairosmag@jykairosmedia.org


# letters

ജീവിതം അതിമനോഹരം എന്ന തലക്കെട്ടിലെ ലേഖനം ഹൃദ്യമായിരുന്നു. കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം എങ്ങനെ ഊഷ്മളമാകണം, പ്രത്യേകിച്ച് മാതാപിതാക്കൾ അനുദിന ജീവിതത്തിൽ അറിഞ്ഞിരിക്കേണ്ട അടിസ്ഥാനപരമായ ചില നല്ല കാര്യങ്ങളെക്കുറിച്ചും ഒക്കെ ഓർമപ്പെടുത്തുന്നുണ്ട് ഈ ലേഖനം. ഇത്തരത്തിൽ കുടുംബത്തെക്കുറിച്ചും കുടുംബബന്ധങ്ങളെ കുറിച്ചും മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബോണ്ടിങ്ങിനെ കുറിച്ചുമൊക്കെയുള്ള ലേഖനങ്ങൾ കൂടുതൽ പ്രസിദ്ധീകരിക്കുന്നത് നന്നായിരിക്കും. യുവ മൈ സ്റ്റോറിയിൽ ആൻസി ജോസിന്റെ 'ഒരു ടെസ്റ്റും ട്വിസ്റ്റും' എന്ന അനുഭവം നന്നായിരുന്നു. ചെറിയ ചെറിയ കാര്യങ്ങളിലൂടെ ദൈവത്തിന്റെ പരിപാലനയെ കാണാനും അതിൽ വളർന്നു വരാനും ഇത്തരത്തിലെ അനുഭവങ്ങൾ സഹായകമാകുന്നുണ്ട്, പ്രത്യേകം നന്ദി. ജോസ് അന്റോണിയോ കാസ്റ്റിനെക്കുറിച്ചുള്ള ലേഖനവും കാലിക പ്രസക്തിയുള്ളതാണ്. രാഷ്ട്ര നേതാക്കളും ഭരണകർത്താക്കളുമൊക്കെ ഇത്തരത്തിൽ ദൈവത്തെ ഉയർത്തിപ്പിടിക്കുന്നവരാകുമ്പോൾ എത്ര മനോഹരമായിരിക്കും നമ്മുടെ ലോകം. അതിനായി പ്രത്യാശയോടെ കാത്തിരിക്കുന്നു, പ്രാർഥിക്കുന്നു. വാർത്താവിചാരത്തിലെ എല്ലാ വിഷയങ്ങളും കാലികപ്രസക്തമാണെന്ന് മാത്രമല്ല, നിരന്തരം ജനങ്ങളുടെ ഓർമകളിലേക്ക് ഇത്തരം കാര്യങ്ങൾ എത്തിക്കാനും പര്യാപ്തമാണ്. കെയ്റോസിന്റെ പ്രവർത്തകർക്ക് പ്രാർഥനയും ആശംസകളും.

***ലിഡിയ ജോസ്, തിരുവനന്തപുരം***

36 42 46 32 40





ഫ്രം ദി ഹാർട്ട് - ഡോ. എഡ്വേർഡ് എടേഴത്ത്

# സംസാരം തുടരട്ടെ. അത് കൂട്ടായ്മ വളർത്താൻ സഹായിക ഒപ്പം തളർത്താനും



...

ളും,

ം!

"നിങ്ങളുടെ സ്മോൾ ഗ്രൂപ്പ് നന്നായി പോകുന്നോ?" മേരിയോട് ഞാൻ കുശലാന്വേഷണം നടത്തി. അടുത്തിടെ, അവരുടെ പ്രദേശത്തെ ജീസസ് യൂത്തിന്റെ ശ്രദ്ധ ഇപ്പോഴുള്ള കൂട്ടായ്മകൾ വളർത്താനും പുതിയവ തുടങ്ങാനും ആണ്. "ചിരിക്കണോ കരയണോ എന്നറിയില്ല." മേരി ആ പ്രദേശത്തെ ഗ്രൂപ്പുകളുടെ നന്മകളും വെല്ലുവിളികളും എണ്ണിപ്പറയാൻ തുടങ്ങി.

നല്ലൊരു കാര്യം, യുവാക്കളും കുടുംബങ്ങളും ചെറുകൂട്ടായ്മകളെ വളർച്ചാ വേദിയായിക്കണ്ട് കൂടുതൽപേർ അതിൽ ചേരുന്നു എന്നതാണ്. ഒന്നിച്ച് പ്രഭാത നടത്തത്തിനു പോകുമ്പോൾ തനിയെ പോകുന്നതിനേക്കാൾ അത് തുടരാനുള്ള സാധ്യത കൂട്ടുമല്ലോ, അതുപോലെ. കൂടുതൽ പേർ ഒന്നിച്ചുവന്നു ഗ്രൂപ്പുകൾ തുടങ്ങുന്നു. അങ്ങനെ എണ്ണത്തിലും ആഴത്തിലും വളർച്ച ഉണ്ടാകുന്നുണ്ട്; കുറേ പ്രശ്നങ്ങളുമുണ്ട്, പ്രധാനമായും അവിടെയുള്ള ചില സംസാരങ്ങളുടെ പോരായ്മയും അതുവഴിയുള്ള ബന്ധങ്ങളുടെ ഉലച്ചിലും. പിന്നെ ഞങ്ങളുടെ ചർച്ച കൂട്ടായ്മകളിൽ പങ്കുവയ്ക്കുന്നതിനെക്കുറിച്ചായി.

## ഗ്രൂപ്പിൽ പങ്കുവയ്ക്കുക ലളിതമാണ്, ഒപ്പം വെല്ലുവിളി നിറഞ്ഞതും

ആദ്യമായി ഒരു ഗ്രൂപ്പിൽ വരുമ്പോൾ പലർക്കും ഉള്ളുതുറന്ന് സംസാരിക്കാൻ എളുപ്പമല്ല. പലരും അത് പരിചയിച്ചിട്ടില്ല – വീട്ടിൽ പോലും. വിശേഷങ്ങൾ പറയുക അല്ലെങ്കിൽ കേൾക്കുക, പിന്നെ ഉപദേശം നൽകുക ഇതൊക്കെയാണ് സുപരിചിതം. ധാരാളം പേർക്ക് സംസാരം മാന്യമായ അഭിവാദ്യങ്ങളിൽ ഒതുങ്ങും. എന്നാൽ, ഒരു ഗ്രൂപ്പിൽ കാര്യങ്ങൾ തുറന്നുപറയുന്നത് വളരെ വ്യത്യസ്തമാണ്. അത് പരിചയിക്കേണ്ടതുണ്ട്. മിക്കവർക്കും അവരുടെ അനുഭവങ്ങളെക്കുറിച്ചോ ആഗ്രഹങ്ങളെക്കുറിച്ചോ സംസാരിക്കാൻ പറ്റുന്ന നല്ല സുഹൃത്തുക്കൾ ഉണ്ടായിട്ടില്ല. സംസാരം ആകെ ആശയങ്ങൾ, വാർത്തകൾ ഒക്കെ മാത്രം. അതുകൊണ്ടല്ലേ പലരും ഗ്രൂപ്പിൽ സംസാരിക്കാൻ തയ്യാറാകാത്തത്?

പിന്നെ, അവർ സംസാരിക്കാൻ തുടങ്ങുമ്പോൾ, പലരും എളുപ്പവഴി സ്വീകരിച്ച് രാഷ്ട്രീയമോ പള്ളി ഗോസിപ്പോ ചർച്ച ചെയ്യും. "തിരഞ്ഞെടുപ്പ് വന്നപ്പോൾ, ഞങ്ങളുടെ ഗ്രൂപ്പ് തല്ലി പിരിയാറായി. മിക്കവാറും വാദപ്രതിവാദങ്ങൾതന്നെ. ചുരുക്കം ചിലർക്കേ അതിൽ താത്പര്യമുള്ളൂ. എങ്കിലും ആ തർക്കങ്ങൾ എങ്ങനെ നിർത്തണമെന്ന് ഞങ്ങൾക്ക് അറിവുമില്ല." അതുപോലെ തന്നെയാണ്  ഇടവകയിലും രൂപതയിലും നടക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള വിമർശനങ്ങൾ. കുറച്ചുപേർക്ക് ഏറെ ഇഷ്ടപ്പെട്ട വിഷയം. അങ്ങനെ വിവിധ വിഷയങ്ങൾ. പക്ഷേ, അവ പലതും പുത്തനുടുപ്പിട്ട പരദൂഷണങ്ങൾ മാത്രം. ഇതിലൊന്നും ശരിക്കും ഉള്ളുതുറക്കേണ്ട ആവശ്യവുമില്ല.



ഇതിനിടെ മറ്റൊരിടത്തുനിന്ന് ജാൻസി പറഞ്ഞ കാര്യം ഞാൻ ഓർത്തു, "ഞങ്ങളുടെ ഗ്രൂപ്പിലെ രണ്ടുപേർ, പങ്കുവയ്ക്കാൻ തുടങ്ങിയാൽ, സംസാരം നിർത്തില്ല. ഒരു ഓർമയിൽ നിന്ന് മറ്റൊന്നിലേക്ക് ചാടും. സാവധാനം എല്ലാവരുടെയും താത്പര്യം നഷ്ടപ്പെടും, ചിലർ വെള്ളം കുടിക്കാൻ വേണ്ടി എഴുന്നേറ്റ് പുറത്തുപോകും. പക്ഷേ, അവർ അത് മനസ്സിലാക്കുകയും ഇല്ല." ഉള്ള സമയത്തിന്റെ ഭൂരിഭാഗവും ഒന്നോ രണ്ടോ പേർ എടുത്താൽ, എന്തൊരു കഷ്ടമാണ്. മറ്റെല്ലാവർക്കും നിരാശയും." ഒരാൾ വലിയ പ്രശ്ന ത്തിലൂടെ കടന്നുപോകുമ്പോൾ വല്ലപ്പോഴും അങ്ങനെയാകാം. എന്നാൽ ഒരാൾ നിരന്തരം ഗ്രൂപ്പിന്റെ എല്ലാ സമയവും എടുത്താൽ, അത് സ്നേഹക്കുറവും അന്യായവുമല്ലേ?

ആദ്യമായി ഒരു ഗ്രൂപ്പിൽ വരുമ്പോൾ പലർക്കും ഉള്ളുതുറന്ന് സംസാരി ക്കാൻ എളുപ്പമല്ല. പലരും അത് പരിചയിച്ചിട്ടില്ല, വീട്ടിൽ പോലും.

പിന്നെ ചില പ്രവർത്തന തത്പരരുണ്ട്. പങ്കുവയ്ക്കലിൽ ഉപരി അവർക്ക് എന്തെങ്കിലും ചെയ്യണം അല്ലെങ്കിൽ പ്ലാൻ ഒരുക്കണം. ചെറു കൂട്ടായ്മയുടെ ഉദ്ദേശ്യം തന്നെ ഓരോരുത്തരും അവരുടെ ആന്തരിക ജീവിതം ദൈവാനുഗ്രഹം സ്വീകരിക്കാനായി കൂട്ടായ്മയിൽ തുറന്നുവയ്ക്കുക എന്നതല്ലേ? പക്ഷേ ഗ്രൂപ്പിനെ മറ്റു വഴികളിൽ തിരിച്ചുവിട്ടാലോ? ഒന്നുകിൽ കുറേ പാട്ടുകൾ ആകാം, നീണ്ട പ്രാർഥനയാകാം, പിന്നെ വചന പഠനവും ആകാമല്ലോ. ഒരുവിധത്തിൽ വളരെ നല്ല കാര്യങ്ങൾ അസ്ഥാനത്ത് വന്നാലോ? അതുപോലെ തന്നെ കളികളോ ഭക്ഷണ സമയമോ ഉള്ളുതുറന്നുള്ള സംസാരത്തിന്റെ സമയം അപഹരിച്ചാൽ കൂട്ടായ്മയുടെ ലക്ഷ്യം പരാജയപ്പെടും.

സംഭാഷണം ഏതൊരു ഗ്രൂപ്പിന്റെയും ജീവരക്ത മാണ് – അത് കുടുംബമായാലും, സുഹൃദ് വലയമാ യാലും, സഭാ സമൂഹമായാലും. ആ സംഭാഷണം എല്ലാവരും തമ്മിൽ അറിയാനും സ്നേഹത്തിൽ വേരൂന്നാനും അവർ ഒന്നാകാനും സഹായിക്കണം. എന്നാൽ, സ്നേഹ ലക്ഷ്യത്തിലേക്ക് മുന്നേറാൻ സഹായിക്കുന്നില്ലെങ്കിൽ ആ സംഭാഷണം 'മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ' ആയിരിക്കും (1 കോറി 13, 1).

## ഗ്രൂപ്പിലെ സംസാരം ഒരു സിനഡൽ യാത്രയാണ്

ഫ്രാൻസിസ് പാപ്പയുടെ കാലത്ത്, നാമെല്ലാം സിനഡാ ലിറ്റിയെക്കുറിച്ച് കേട്ടു. അതിന്റെ വാച്യാർഥം "ഒരുമിച്ച് യാത്ര ചെയ്യുക" എന്നത്രെ. അതിന്റെ പടികൾ ഗ്രൂപ്പിലെ പങ്കിടലിനും അനുയോജ്യമാണ്. ഈ യാത്ര ആരംഭിക്കുന്നത് ഒരു മനഃപരിവർത്തനത്തോടെയാണ് – എന്റെ യാത്രയിൽ നിന്ന് നമ്മുടെ യാത്രയിലേ ക്കുള്ള മനം മാറ്റം. അതോടൊപ്പം കർത്തൃസാന്നിധ്യത്തി ലേക്കുള്ള തുറവിയും. ഈ മാനസാന്തരമാണ് എന്റെ പങ്കാളിത്തത്തിന്റെയും കൂട്ടായ്മ വളർച്ചയുടെയും പ്രധാന അടിത്തറ.

അനേക യുവാക്കൾ ഒരു ജെ.വൈ ചെറു സമൂഹം അവരെ എങ്ങനെ വളർത്തി, ജീവിതം മാറ്റി എന്നൊക്കെ പറയുന്നത് കേട്ടിട്ടുണ്ട് – കുടുംബ ബന്ധങ്ങൾ, കരിയർ, ദൗത്യ മേഖലയൊക്കെ എങ്ങനെ മാറ്റിയെന്ന്. അപ്രകാരം തന്നെ കുടുംബങ്ങളും ഇക്കാലത്തെ മാറ്റങ്ങൾക്ക് ഈ കൂട്ടായ്മ തങ്ങളെ എങ്ങനെ ഒരുക്കി യെന്നും. ഇതെല്ലാം ഇപ്പറഞ്ഞ ഒന്നിച്ചുള്ള സിനഡൽ യാത്രയുടെ ഫലം മാത്രം. ഈ മനോഭാവ മാറ്റം മറ്റെല്ലാ മാറ്റങ്ങളും കൊണ്ടുവരുന്നു. ഏറെ പ്രധാനം, ഗ്രൂപ്പിൽ എല്ലാവരും ഒരുമിച്ച് വളർച്ചയ്ക്ക് പ്രാധാന്യം നൽകുന്ന ഒരു യാത്രയിലാണ് എന്നതാണ്.

## ഗ്രൂപ്പിൽ എങ്ങനെ നന്നായി സംസാരിക്കാം?

യാക്കോബിന്റെ ലേഖനം സംസാരത്തിന്റെ ശക്തിയെ ക്കുറിച്ചും അത് വരുത്തിവയ്ക്കുന്ന അപകടത്തെക്കു റിച്ചും സൂചിപ്പിക്കുന്നു. നമ്മുടെ വായകൊണ്ട് നമുക്ക് വലിയ കാര്യങ്ങൾ പങ്കുവയ്ക്കാനാകും ഒപ്പം നാശം വിതയ്ക്കാനും (യാക്കോ 3, 10). അതിനാൽ നാം ജാഗ്രത പാലിക്കേണ്ടതുണ്ട്. സ്നേഹം നിറഞ്ഞ സംസാരം പടുത്തുയർത്തുന്നു; അശ്രദ്ധമായ സംസാരം വളരെയധികം ദോഷം വരുത്തുന്നു. ചോദ്യം ഇതാണ്, ഏത് തരത്തിലുള്ള സംസാരമാണ് യഥാർഥത്തിൽ പടുത്തുയർത്തുന്നത്?

**യഥാർഥ ഞാൻ:** മുഖംമൂടി മാറ്റി മറ്റുള്ളവരുമായി സ്വന്ത വെല്ലുവിളികൾ പങ്കിടാൻ തയ്യാറാകുക. പലപ്പോഴും, ഒരാൾ ഇതിന് ധൈര്യപ്പെട്ടാൽ, മറ്റുള്ളവർ അത് പിന്തുടരും.

**ഗ്രൂപ്പ് സ്വന്തമെന്ന ബോധ്യം:** എന്റെ ഗ്രൂപ്പെന്നു കരുതി എന്റെ സമയവും പരിഗണനയും നൽകി ഒന്നിച്ചു വരുമ്പോൾ വലിയൊരു മാറ്റം തുടങ്ങും.

**വ്യത്യസ്തത അംഗീകരിക്കുക, ക്ഷമിക്കുക:** ഗ്രൂപ്പിന് ഒരു പ്രാരംഭ ഹണിമൂൺ ഘട്ടമുണ്ട്, തുടർന്ന് സംഘർഷത്തിന്റെ ഒരു സമയവും. ആ സമയത്ത് ഒന്നിച്ച് പോകാൻ പ്രയാസം വരുമ്പോൾ പലരും ഗ്രൂപ്പ് വിടും. ഇത് എളുപ്പവഴിയായി തോന്നും. പക്ഷേ ശരിയായ വഴി സ്വീകാര്യതയുടെയും ക്ഷമയുടെയും ബുദ്ധിമുട്ടുള്ള പാതയാണ്.

**വികാരവും ചിന്തയും ഒന്നിച്ച്:** ഗ്രൂപ്പിൽ എപ്പോഴും അനുഭവ പങ്കുവയ്ക്കലുകൾ മാത്രമാണോ? ബൗദ്ധിക ചർച്ചകൾക്കും പഠനത്തിനും അവിടെ സ്ഥാനമുണ്ട്, പക്ഷേ ഒരു ബാലൻസ് വേണമെന്ന് മാത്രം.

**മോഡറേറ്ററെ മാനിക്കുക – അല്ലെങ്കിൽ ഒന്നാകുക:** ആളുകൾ ഒത്തുകൂടുമ്പോൾ, കാര്യങ്ങൾ ശരിയായ ദിശയിൽ തുടരുന്നുവെന്ന് ഉറപ്പാക്കാനും ആവശ്യമുള്ളപ്പോൾ ഇടപെടാനും ആരെങ്കിലും ആവശ്യമായി വരും. ഒരു ഇടപെടൽ ആവശ്യമായി വരുമ്പോൾ, ഗ്രൂപ്പിലെ ആരെങ്കിലും മുന്നോട്ട് വന്ന് കാര്യങ്ങൾ ക്രമീകരിക്കാൻ സഹായിക്കണം.

**ലാളിത്യം വിനയം സാധാരണത്വം:** ഒരു നല്ല ഗ്രൂപ്പിന് സ്വാഭാവികത സുപ്രധാനമാണ്. മുഖംമൂടികളില്ലാതെ, എന്നാൽ പരസ്പര ബഹുമാനത്തോടെ, ഓരോരുത്തരും തനിമയിൽ മുന്നേറാനാകണം. സന്തോഷവും, കളിചിരി സംഭാഷണവും ഒക്കെ ഇതിന്റെ ഭാഗമാണ്.

> സ്നേഹം നിറഞ്ഞ സംസാരം പടുത്തുയർത്തുന്നു; അശ്രദ്ധമായ സംസാരം വളരെയധികം ദോഷം വരുത്തുന്നു. ചോദ്യം ഇതാണ്, ഏത് തരത്തിലുള്ള സംസാരമാണ് യഥാർഥത്തിൽ പടുത്തുയർത്തുന്നത്?

**ദൈവരാജ്യ മാനം:** ഒരു മിഷണറി മുന്നേറ്റമായ ജീസസ് യൂത്തിൽ ഓരോ കൂട്ടായ്മയും ആ വിളിയിൽ പങ്കുചേരുന്നു. ക്രിസ്തു കേന്ദ്രീകൃതരായി ഓരോരുത്തരും സുവിശേഷ ദൗത്യത്തിനായി പ്രചോദനം കിട്ടി സജ്ജരാകണം. ഇത് ഓരോ ചെറു കൂട്ടായ്മയുടേയും പ്രധാന ലക്ഷ്യമാകണം.

## പുതു ലോക നിർമിതിക്ക് ഒരു ചെറുപടി

ഈയിടയ്ക്ക് ചില ജെ.വൈ. സുഹൃത്തുക്കൾ എന്നെ ഒരു ഹിസ്പാനിക് അച്ചന്റെ അടുത്ത് മുന്നേറ്റത്തെ പരിചയപ്പെടുത്താൻ കൊണ്ടുപോയി. സംസാരത്തിനിടെ അദ്ദേഹം വളരെ പ്രസക്തമായ ഒരു ചോദ്യം ഉന്നയിച്ചു: മറ്റ് സമാന ഗ്രൂപ്പുകൾ ധ്യാനങ്ങളും പരിശീലനങ്ങളും സംഘടിപ്പിക്കാൻ ശ്രദ്ധിക്കുമ്പോൾ അതിൽനിന്ന് വ്യത്യസ്തമായി ഫലപ്രദമായ ഗ്രൂപ്പ് വളർച്ചയിലും പങ്കാളിത്തത്തിലും ജീസസ് യൂത്ത് ഇത്രയധികം ശ്രദ്ധിക്കുന്നത് എന്തുകൊണ്ട്?

ആ വൈദികൻ നമ്മളെ ശരിയായി മനസ്സിലാക്കി എന്ന് ഞാൻ കരുതി. ഞാൻ തുടർന്നു. നല്ല കുടുംബങ്ങളും സന്തോഷം നിറയുന്ന പുതു ലോകവും നിർമിക്കുകയായിരുന്നു യേശുവിന്റെ സ്വപ്നം. ഇതിന്റെ അടിത്തറ ആത്മാവിൽ പണിതുയർത്തുന്ന സ്നേഹ സമൂഹങ്ങളും. സിനഡൽ സഭയെക്കുറിച്ച് ഫ്രാൻസിസ് പാപ്പ പറഞ്ഞ കാര്യങ്ങൾ ഇവിടെയും ഏറെ പ്രസക്തമാണ്:

"നമ്മുടെ നോട്ടം മനുഷ്യരാശിയിലേയ്ക്കാകമാനം വ്യാപിക്കുന്നു... ചരിത്രത്തിലൂടെ സ്ത്രീപുരുഷന്മാരോടൊത്ത് അവരുടെ കഷ്ടപ്പാടുകളിൽ പങ്കുചേർന്ന് സഭ 'ഒരുമിച്ച് യാത്ര ചെയ്യുന്നു.' അങ്ങനെ ഓരോ വ്യക്തിയുടെയും അലംഘനീയമായ അന്തസ്സിന്റെ പുനർകണ്ടെത്തലും അധികാരം സേവനമെന്ന തിരിച്ചറിവും പൊതുസമൂഹത്തെ നീതിയിലും സാഹോദര്യത്തിലും കെട്ടിപ്പടുക്കാൻ സഹായിക്കുന്നു. അതുവഴി വരും തലമുറകൾക്ക് കൂടുതൽ മനോഹരവും മാനുഷികവുമായ ഒരു ലോകം ലഭ്യമാകുമെന്നും നമുക്ക് സ്വപ്നം കാണാം."

***ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.***



**കവർസ്റ്റോറി** - ബിലാസ് ജോസഫ്, പാലാ

# കണ്ണുനീരിൽ ഫിൽട്ടറില്ലാത്തവർ ഭാഗ്യവാന്മാർ

**"വിലപിക്കുന്നവർ ഭാഗ്യവാന്മാർ..." എന്ന തിരുവചനഭാഗത്തിന്റെ, തികച്ചും ധ്യാനാത്മകവും വിചിന്തനത്തിനു സഹായകവുമാകുന്ന വായന**

യേശുക്രിസ്തു തന്റെ പരസ്യ ജീവിതത്തിന്റെ ആരംഭത്തിൽ മലമുകളിൽവച്ച് നൽകിയ എട്ട് ഭാഗ്യവചനങ്ങൾ ക്രൈസ്തവ ജീവിതത്തിന്റെ ഹൃദയമാണ്. അതിൽ ഏറ്റവും വിരോധാഭാസമെന്നു തോന്നിപ്പിക്കാവുന്ന ഒന്നാണ് മത്തായി 5, 4 –ലെ വാക്യം: "വിലപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ആശ്വസിപ്പിക്കപ്പെടും."

വിജയികളെയും കരുത്തരെയും ഭാഗ്യവാന്മാരായി കാണുന്ന ലോകത്തിൽ, കരയുന്നവരെ ഭാഗ്യവാന്മാരെന്ന് വിളിക്കാൻ ക്രിസ്തുവിനേ സാധിക്കൂ. എന്നാൽ ഈ വിലാപം വെറുമൊരു വൈകാരിക തകർച്ചയല്ല; മറിച്ച് ആത്മാവിന്റെ ആഴങ്ങളിൽ നിന്നുള്ള ഒരു വിശുദ്ധ വികാരമാണ്.

## 1. വിലാപത്തിന്റെ ആത്മീയ മാനങ്ങൾ

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC 1716) പഠിപ്പിക്കുന്നത്, ഭാഗ്യവചനങ്ങൾ യേശുവിന്റെ പ്രസംഗങ്ങളുടെ കേന്ദ്രമാണെന്നാണ്. വിലാപം എന്നതുകൊണ്ട് ക്രിസ്തു അർഥമാക്കുന്നത് പ്രധാനമായും മൂന്ന് കാര്യങ്ങളാണ്:


✠ **പാപത്തെക്കുറിച്ചുള്ള പശ്ചാത്താപം:** സ്വന്തം പാപങ്ങളെക്കുറിച്ചും അത് ദൈവ സ്നേഹത്തിന് ഏൽപിച്ച മുറിവുകളെക്കുറിച്ചും ഓർത്ത് വിലപിക്കുന്നവർ വിശുദ്ധമായ 'മനസ്താപം' അനുഭവിക്കുന്നു.

✠ **അനീതിക്കെതിരെയുള്ള വിലാപം:** ലോകത്തിലെ തിന്മകൾ, പീഡനങ്ങൾ, ദാരിദ്ര്യം എന്നിവ കണ്ട് അസ്വസ്ഥമാകുന്ന ഹൃദയം ദൈവരാജ്യത്തിന് വേണ്ടിയുള്ള ദാഹമാണ് പ്രകടിപ്പിക്കുന്നത്.

✠ **ദൈവത്തിനായുള്ള കാത്തിരിപ്പ്:** വിശുദ്ധ അഗസ്റ്റിൻ പറഞ്ഞതുപോലെ, "ദൈവമേ, അങ്ങയിൽ വിശ്രമിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമായിരിക്കും."

## 2. യുവത്വവും വിലാപത്തിന്റെ നവീന അർഥവും

ഇന്നത്തെ യുവതലമുറ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി 'പുറമെ കാണിക്കുന്ന സന്തോഷമാണ്.' സോഷ്യൽ മീഡിയയിലെ



ചിത്രങ്ങൾക്കും വീഡിയോകൾക്കും അപ്പുറത്ത് പല യുവതീയുവാക്കളും ഏകാന്തതയുടെയും നിരാശയുടെയും വലിയ താഴ്വരകളിലാണ്.

ഫ്രാൻസിസ് പാപ്പ തന്റെ Christus Vivit എന്ന ലേഖനത്തിൽ ചോദിക്കുന്നു: 'എനിക്ക് കരയാൻ അറിയാമോ?' ലോകത്തിന്റെ തിന്മകൾ കണ്ട് കരയാൻ കഴിയാത്ത കണ്ണുകൾക്ക് മറ്റുള്ളവരെ സ്നേഹിക്കാൻ കഴിയില്ലെന്ന് പാപ്പ ഓർമിപ്പിക്കുന്നു.

✠ **ഡിജിറ്റൽ യുഗത്തിലെ തകർച്ച:** വിർച്വൽ ലോകത്തെ താരതമ്യങ്ങളിൽപ്പെട്ട് യുവമനസ്സുകൾ തളരുമ്പോൾ, തങ്ങളുടെ ബലഹീനതകൾ ദൈവസന്നിധിയിൽ കരഞ്ഞുതീർക്കുന്നത് ഒരു വലിയ രോഗശാന്തിയാണ് (Healing process).

✠ **വിശുദ്ധ പിയർ ജോർജിയോ ഫ്രസാറ്റി:** ആധുനിക യുവാക്കളുടെ മാതൃകയായ അദ്ദേഹം പാവപ്പെട്ടവരുടെ ദുരവസ്ഥ കണ്ട് കണ്ണീരോടെ പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. ദുഃഖിക്കുന്നവരോടൊപ്പം കരയാൻ കാണിച്ച ആ മനസ്സാണ് അദ്ദേഹത്തെ വിശുദ്ധനാക്കിയത്.

## 3. യുവകുടുംബങ്ങൾ, സഹനത്തിൽ പൂക്കുന്ന സ്നേഹം

യുവകുടുംബങ്ങൾ ഇന്ന് പലപ്പോഴും സാമ്പത്തിക ബുദ്ധിമുട്ടുകളോ, ജോലിയുമായി ബന്ധപ്പെട്ട സമ്മർദങ്ങളോ, കുഞ്ഞുങ്ങളുടെ വളർച്ചയിലുണ്ടാകുന്ന ആശങ്കകളോ മൂലം 'വിലാപത്തിലൂടെ' കടന്നുപോകാറുണ്ട്.

✠ **സഹനത്തിൽ ഒന്നാകുക:**
ദമ്പതികൾക്കിടയിലെ തർക്കങ്ങളോ തെറ്റുകളോ ഓർത്ത് അവർ ഒരുമിച്ച് വിലപിക്കുകയും മാപ്പ് ചോദിക്കുകയും ചെയ്യുമ്പോൾ, അത് കുടുംബത്തെ തകർക്കുകയല്ല, മറിച്ച് ക്രിസ്തുവിലൂടെ ബലപ്പെടുത്തുകയാണ് ചെയ്യുന്നത്.

✠ **ബെനഡിക്ട് 16മൻ പാപ്പയുടെ ദർശനം:**
"സഹനം ഇല്ലാത്ത ലോകമല്ല, മറിച്ച് സഹനത്തിൽ കൂടെ നിൽക്കുന്ന ദൈവത്തെയാണ് നമുക്ക് ആവശ്യം." ഒരു കുടുംബം ഒന്നിച്ചിരുന്നു പ്രാർഥിക്കുമ്പോൾ അവർ ക്രിസ്തുവിന്റെ ആശ്വാസം പങ്കിടുന്നു.

## 4. നഷ്ടപ്പെട്ട സ്വപ്നവും, കണ്ടുപിടിച്ച ദൈവവും

അലനും മരിയയും ആവേശത്തോടെയാണ് തങ്ങളുടെ ആദ്യ കുഞ്ഞിനായി കാത്തിരുന്നത്. എന്നാൽ, അഞ്ചാം മാസത്തിൽ ഗർഭം അലസിപ്പോയി. മരിയ കഠിനമായ വിലാപത്തിലായി. ആ വിലാപം അവളെ ദൈവത്തിൽ നിന്ന് അകറ്റുമെന്ന് അലൻ ഭയന്നു. എന്നാൽ, അവർ കരഞ്ഞു പ്രാർഥിച്ചപ്പോൾ  മറ്റൊരു മാർഗം തെളിഞ്ഞു; അവർ ആ കുഞ്ഞിന്റെ ഓർമയ്ക്കായി ഒരു ചെടി നട്ടു, ദിവസവും ഒരുമിച്ച് ജപമാല ചൊല്ലി. തങ്ങളുടെ വേദന അവർ ഒരു അനാഥാലയത്തിലെ കുട്ടികളെ സഹായിക്കാനുള്ള ഊർജമാക്കി മാറ്റി.

വിലാപം ദൈവത്തിലുള്ള പ്രത്യാശയായി മാറുമ്പോൾ, തകർന്ന ഹൃദയങ്ങളിൽ നിന്ന് പുതിയൊരു ജീവൻ മുളപൊട്ടും. 'അവർ ആശ്വസിപ്പിക്കപ്പെടും' എന്ന വാഗ്ദാനം അവർ അനുഭവിച്ചറിഞ്ഞു.

## 5. വിശുദ്ധരുടെ പാതയിൽ – കണ്ണുനീരിന്റെ ആത്മീയഫലങ്ങൾ

വിശുദ്ധരുടെ ജീവിതം നമുക്ക് കാണിച്ചുതരുന്നത് വിലാപം നിരാശയുടെ അവസാനമല്ല, മറിച്ച് അത് അത്ഭുതകരമായ മാറ്റങ്ങളുടെ തുടക്കമാണെന്നാണ്.

വിശുദ്ധ മോണിക്ക, കണ്ണുനീരിന്റെ കരുത്ത്: വിശുദ്ധ മോണിക്കയുടെ ജീവിതം 'വിശുദ്ധ വിലാപത്തിന്റെ' ഏറ്റവും വലിയ പ്രായോഗിക ഉദാഹരണമാണ്. തന്റെ മകൻ അഗസ്റ്റിൻ വഴിപിഴച്ചു പോയപ്പോൾ അവൾ അവനെ തള്ളിപ്പറഞ്ഞില്ല, മറിച്ച് മുപ്പത് വർഷക്കാലം കണ്ണീരോടെ ദൈവത്തിന്റെ മുൻപിൽ നിലവിളിച്ചു.

✠ **മാറ്റത്തിന്റെ വിത്ത്:** സഭ പഠിപ്പിക്കുന്നത്, മോണിക്കയുടെ വിലാപം വെറുമൊരു മാതൃസഹജമായ ദുഃഖം മാത്രമായിരുന്നില്ല, മറിച്ച് ഒരു ആത്മാവിന്റെ രക്ഷയ്ക്കായുള്ള വലിയൊരു ബലിയായിരുന്നു.

✠ **ആശ്വാസത്തിന്റെ വാഗ്ദാനം:**
തളർന്നുപോയ മോണിക്കയെ ആശ്വസിപ്പിച്ചുകൊണ്ട് ഒരിക്കൽ ഒരു മെത്രാൻ പറഞ്ഞു: "ഇത്രയധികം കണ്ണുനീർ ഒഴുക്കിയ, ഒരു മകൻ നശിച്ചുപോവുക അസാധ്യമാണ്." ആ പ്രവചനം സത്യമായി; ലോകം കണ്ട ഏറ്റവും വലിയ പാപികളിലൊരാൾ ലോകം കണ്ട ഏറ്റവും വലിയ വിശുദ്ധരിലൊരാളായി (വിശുദ്ധ അഗസ്റ്റിൻ) മാറി.

നമ്മുടെ ജീവിതത്തിൽ നമ്മളും നമ്മുടെ പ്രിയപ്പെട്ടവരുടെ മാറ്റത്തിനായി കണ്ണീരോടെ പ്രാർഥിക്കുമ്പോൾ, മോണിക്കയെപ്പോലെ ക്ഷമയോടെ കാത്തിരിക്കാൻ ഈ ഭാഗ്യവചനം നമ്മെ പഠിപ്പിക്കുന്നു. ഫിൽട്ടറില്ലാതെ ദൈവത്തോട് കരയുന്നവരുടെ പ്രാർഥനകൾ ദൈവം കേൾക്കാതിരിക്കില്ല.

**വിശുദ്ധരുടെ ജീവിതം നമുക്ക് കാണിച്ചുതരുന്നത് വിലാപം നിരാശയുടെ അവസാനമല്ല, മറിച്ച് അത് അത്ഭുതകരമായ മാറ്റങ്ങളുടെ തുടക്കമാണെന്നാണ്.**

✠ **ലിസ്യുവിലെ വിശുദ്ധ തെരേസ:**
ചെറിയ സങ്കടങ്ങളുടെ വലിയ മൂല്യം. വിശുദ്ധ കൊച്ചുത്രേസ്യ തന്റെ 'ചെറിയ വഴിയിലൂടെ' പഠിപ്പിച്ചത് സങ്കടങ്ങളെ എങ്ങനെ ദൈവത്തോടുള്ള പ്രേമബലിയാക്കി മാറ്റാം എന്നാണ്. അവൾക്ക് വിലാപം എന്നത് പരാതിപ്പെടാനുള്ള അവസരമല്ല, മറിച്ച് ദൈവത്തെ ചുംബിക്കാനുള്ള വഴിയായിരുന്നു.

✠ **സഹനത്തിലെ വിശ്വസ്തത:**
ശാരീരികമായ രോഗങ്ങളും ആത്മീയമായ ശൂന്യതയും അനുഭവിച്ചപ്പോഴും അവൾ പുഞ്ചിരിച്ചു. എന്നാൽ, ആ പുഞ്ചിരി ഫിൽട്ടർ ചെയ്ത വ്യാജസന്തോഷമായിരുന്നില്ല, മറിച്ച് സഹനത്തിൽ ക്രിസ്തുവിനെ കണ്ടുമുട്ടിയതിന്റെ നിർവൃതിയായിരുന്നു.

✠ **കണ്ണുനീർ എണ്ണുന്ന ദൈവം:**
"ദൈവം എന്റെ ഓരോ കണ്ണുനീർ തുള്ളിയും എണ്ണുന്നുണ്ട്" എന്ന തെരേസയുടെ വാക്കുകൾ സങ്കീർത്തനം 56, 8 –നോട് ചേർന്നു നിൽക്കുന്നതാണ്; "അവിടന്ന് എന്റെ അലച്ചിലുകൾ എണ്ണിയിട്ടുണ്ട്; എന്റെ കണ്ണീർക്കണങ്ങൾ അങ്ങു കുപ്പിയിൽ ശേഖരിച്ചിട്ടുണ്ട്."

നമ്മുടെ ജീവിതത്തിൽ വലിയ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും, നമ്മുടെ ചെറിയ നിരാശകളെയും വിലാപങ്ങളെയും ദൈവത്തിന് സമർപ്പിക്കുമ്പോൾ അവ ആത്മീയ നിക്ഷേപങ്ങളായി മാറുന്നു. കൊച്ചുത്രേസ്യയെപ്പോലെ നമ്മുടെ കണ്ണുനീരിനെ 'പ്രത്യാശയുടെ മഞ്ഞുകണങ്ങളായി' കാണാൻ നമുക്ക് സാധിക്കണം.

## 6. കൂദാശകളും ആശ്വാസവും

വിലപിക്കുന്നവർക്ക് ദൈവം നൽകുന്ന വാഗ്ദാനം 'അവർ ആശ്വസിപ്പിക്കപ്പെടും' എന്നതാണ്. ഈ ആശ്വാസം വെറും വാക്കുകളല്ല, മറിച്ച് പരിശുദ്ധാത്മാവായ പാറക്ലേത്ത ആണ്. ഈ ആശ്വാസം നാം അനുഭവിക്കുന്നത് പ്രധാനമായും സഭയിലെ കൂദാശകളിലൂടെയാണ്.

✠ **പരിശുദ്ധ കുർബാന:**
ഫ്രാൻസിസ് പാപ്പ പറയുന്നതുപോലെ, "വിശുദ്ധ കുർബാന പൂർണതയുള്ളവർക്കുള്ള പുരസ്കാരമല്ല, മറിച്ച് മുറിവേറ്റവർക്കുള്ള ഔഷധമാണ്." കുർബാനയിൽ നാം നമ്മുടെ മുറിവുകളെ ക്രിസ്തുവിന്റെ മുറിവുകളുമായി ചേർത്തു വയ്ക്കുന്നു. തകർന്ന ഹൃദയത്തോടെ അൾത്താരയെ സമീപിക്കുന്ന ഏവർക്കും അവിടെ ലഭിക്കുന്നത് ലോകം നൽകുന്ന താത്കാലിക ആശ്വാസമല്ല, മറിച്ച് ക്രിസ്തുവിന്റെ ശാശ്വതമായ ശാന്തിയാണ്.

✠ **കുമ്പസാരം:**
പാപത്തെക്കുറിച്ചുള്ള വിലാപം ആശ്വാസമായി മാറുന്ന ഏറ്റവും വലിയ ഇടമാണിത്. CCC 1481 അനുസരിച്ച്, കുമ്പസാരം നമ്മുടെ ആത്മാവിനെ ദൈവവുമായി വീണ്ടും ഒന്നിപ്പിക്കുക മാത്രമല്ല, അത് വലിയൊരു മനഃശാന്തിയും ആന്തരിക ആശ്വാസവും നൽകുന്നു. ഫിൽട്ടറുകളില്ലാതെ ഒരു വൈദികനോട് നമ്മുടെ പരാജയങ്ങൾ ഏറ്റുപറയുമ്പോൾ, ക്രിസ്തു നമ്മുടെ പാപഭാരങ്ങൾ ഇറക്കിവച്ച് നമ്മെ ആലിംഗനം ചെയ്യുന്നു.

✠ **രോഗീലേപനം:**
ശാരീരികമായ വേദനകളിലും മരണത്തിന്റെ വിലാപത്തിലും കൂദാശകൾ നൽകുന്ന ആശ്വാസം വലുതാണ്. ഈ കൂദാശയിലൂടെ സഭ ക്രിസ്തുവിന്റെ സൗഖ്യദായകമായ സ്പർശനം രോഗികളിലേക്ക് എത്തിക്കുന്നു. വിലാപത്തിന്റെ നിമിഷങ്ങളിൽ നാം തനിച്ചല്ലെന്നും സഭയുടെ പ്രാർഥനകൾ നമുക്ക് കൂട്ടായിട്ടുണ്ടെന്നും ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു.

✠ **വിവാഹം:**
യുവകുടുംബങ്ങൾ തങ്ങളുടെ സങ്കടങ്ങളിൽ ഈ കൂദാശയുടെ കൃപയെ ആശ്രയിക്കണം.

പങ്കാളികൾക്കിടയിലെ കണ്ണുനീർ ക്രിസ്തുവിന്റെ സാന്നിധ്യത്തിൽ ഒപ്പപ്പെടുമ്പോൾ, അത് ആ കുടുംബത്തിന്റെ വിശുദ്ധീകരണത്തിന് കാരണമാകുന്നു. സങ്കടങ്ങൾ ഒരുമിച്ച് പങ്കുവയ്ക്കാൻ ദൈവം നൽകിയ കൂട്ടുകാരനാണ്/കൂട്ടുകാരിയാണ് തന്റെ പങ്കാളിയെന്ന് ഓരോ യുവദമ്പതികളും ഇവിടെ തിരിച്ചറിയുന്നു.

കൂദാശകൾ ദൈവകൃപയുടെ ബാഹ്യ അടയാളങ്ങൾ മാത്രമല്ല, അവ ക്രിസ്തുവുമായുള്ള സജീവമായ കൂടിക്കാഴ്ചകളാണ്. വിലാപത്തിന്റെ സമയങ്ങളിൽ കൂദാശകളിലേക്ക് അടുക്കുന്നത് ആത്മാവിന്റെ മുറിവുകൾക്കുള്ള ദിവ്യ ഔഷധമാണ്.

## 7. 'കണ്ണുനീർ തോരാത്ത താഴ്‌വരയിലല്ല, നീ ക്രിസ്തുവിന്റെ കൈകളിലാണ്'

പ്രിയപ്പെട്ട യുവസുഹൃത്തുക്കളേ, യുവദമ്പതികളേ, ഇന്നത്തെ ലോകം നിങ്ങളോട് പറയുന്നത് "എപ്പോഴും സന്തോഷവാനായിരിക്കുക, നിന്റെ സങ്കടങ്ങൾ ആരും കാണരുത്" എന്നാണ്. ഇൻസ്റ്റാഗ്രാം ഫിൽട്ടറുകൾക്കിടയിൽ നിങ്ങളുടെ യഥാർഥ വേദനകൾ മറച്ചുവയ്ക്കാൻ നിങ്ങൾ നിർബന്ധിതരാകുന്നുണ്ടാകാം. എന്നാൽ, ക്രിസ്തുവിന് നിങ്ങളെ കാണാൻ ഒരു 'ഫിൽറ്ററിന്റെയും' ആവശ്യമില്ല. അവൻ നിങ്ങളുടെ തകർന്ന ഹൃദയത്തെ സ്നേഹിക്കുന്നു.

**നിങ്ങളുടെ വേദനകൾ വിശ്വസ്തനായ ഒരു വൈദികനോടോ, ആത്മീയ ഉപദേഷ്ടാവിനോടോ, പങ്കാളിയോടോ പങ്കുവയ്ക്കുക. നിശ്ശബ്ദമായ വിലാപത്തേക്കാൾ പങ്കുവയ്ക്കപ്പെടുന്ന വിലാപം വേഗത്തിൽ ആശ്വസിപ്പിക്കപ്പെടും.**

**നിങ്ങളോട് പറയാൻ സഭയ്ക്ക് ചില കാര്യങ്ങളുണ്ട്:**



✠ **കരയുന്നത് ബലഹീനതയല്ല:** യേശു തന്റെ സുഹൃത്തായ ലാസറിന്റെ കല്ലറയ്ക്കൽ വച്ച് കരഞ്ഞു (യോഹ 11, 35). ദൈവപുത്രൻ കരഞ്ഞുവെങ്കിൽ, നിങ്ങളുടെ കണ്ണുനീരിനും വലിയ അർഥമുണ്ട്. തോൽവികളിലോ, തകർച്ചകളിലോ പതറുമ്പോൾ ദൈവത്തോട് ചേർന്നിരുന്ന് കരയുന്നത് നിങ്ങളുടെ ആത്മീയ കരുത്താണ്.

✠ **സോഷ്യൽ മീഡിയയിലെ താരതമ്യങ്ങൾ ഉപേക്ഷിക്കുക:** മറ്റുള്ളവരുടെ 'സന്തോഷകരമായ' ജീവിതം കണ്ട് നിങ്ങളുടെ 'സാധാരണ' ജീവിതത്തെ വെറുക്കരുത്. ഓരോ വിലാപവും നിങ്ങളെ ഒരു വലിയ ദൈവാനുഭവത്തിലേക്ക് ഒരുക്കുകയാണ്.

✠ **യുവകുടുംബങ്ങളോട്:** നിങ്ങളുടെ പങ്കാളിയുടെ കണ്ണുനീർ തുടയ്ക്കാൻ നിങ്ങൾക്ക് കഴിയുന്നതാണ് ഏറ്റവും വലിയ ശുശ്രൂഷ. പ്രതിസന്ധികളിൽ പരസ്പരം പഴിചാരാതെ, ആ സങ്കടങ്ങളെ ഒരുമിച്ച് ക്രിസ്തുവിന്റെ കുരിശിൻചുവട്ടിൽ സമർപ്പിക്കുക. അവിടെയാണ് കുടുംബങ്ങൾ വിശുദ്ധീകരിക്കപ്പെടുന്നത്.

"കണ്ണീരോടെ വിതയ്ക്കുന്നവർ ആനന്ദഘോഷത്തോടെ കൊയ്യട്ടെ" (സങ്കീ 126, 5). ഇന്ന് നിങ്ങൾ ഒഴുക്കുന്ന ഓരോ തുള്ളി കണ്ണുനീരും നാളെ സ്വർഗീയ സന്തോഷത്തിന്റെ വിളവെടുപ്പായി മാറും.

## 8. സോഷ്യൽ മീഡിയയിലെ 'വ്യാജ സന്തോഷവും' ക്രിസ്തുവിന്റെ 'സത്യസന്ധമായ വിലാപവും'

ഇന്നത്തെ യുവതലമുറ ഇൻസ്റ്റാഗ്രാം ഫിൽട്ടറുകൾക്കും ഫേസ്ബുക്ക്/വാട്സ്ആപ്പ് സ്റ്റാറ്റസുകൾക്കും പിന്നിൽ തങ്ങളുടെ വേദനകളെ ഒളിപ്പിച്ചു വയ്ക്കാൻ നിരന്തരം പരിശ്രമിക്കുന്നു. ലോകം പഠിപ്പിക്കുന്നത് 'Fake it until you make it' (വിജയിക്കുന്നതുവരെ സന്തോഷം അഭിനയിക്കുക) എന്നാണ്. എന്നാൽ, ഈ അഭിനയം ആന്തരികമായ ഏകാന്തതയിലേക്കും വിഷാദത്തിലേക്കുമാണ് പലരെയും നയിക്കുന്നത്.

ഇവിടെയാണ് ക്രിസ്തുവിന്റെ വിപ്ലവകരമായ ആഹ്വാനം പ്രസക്തമാകുന്നത്: 'സത്യസന്ധമായി വിലപിക്കുക.' തന്റെ ബലഹീനതകളും സങ്കടങ്ങളും ദൈവത്തിന് മുൻപിൽ തുറന്നു സമ്മതിക്കുന്ന ഒരാൾ സത്യത്തിൽ സ്വതന്ത്രനാകുകയാണ് ചെയ്യുന്നത്. കത്തോലിക്കാ സഭയുടെ പഠനപ്രകാരം (CCC 2546), ഈ വിലാപം നമ്മെ ഭൗതികമായ മായകളിൽ നിന്ന് മോചിപ്പിക്കുകയും ദൈവരാജ്യത്തിന്റെ യഥാർഥ സന്തോഷത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

**ഫിൽട്ടറുകൾ മായുമ്പോൾ:**
ഇരുപത്തിനാലുകാരനായ ഒരു യുവാവിന്റെ കഥ നോക്കാം. സോഷ്യൽ മീഡിയയിൽ അവൻ ഒരു 'ഇൻഫ്ളുവൻസർ' ആയിരുന്നു. വിലപിടിപ്പുള്ള വസ്ത്രങ്ങൾ ധരിച്ചും, ആഡംബര ഹോട്ടലുകളിൽ ഭക്ഷണം കഴിച്ചും അവൻ പങ്കുവയ്ക്കുന്ന ചിത്രങ്ങൾ കണ്ട് ആയിരക്കണക്കിന് ആളുകൾ അവനെ ഭാഗ്യവാനായി കരുതി. എന്നാൽ യഥാർഥ ജീവിതത്തിൽ അവൻ വലിയ സാമ്പത്തിക തകർച്ചയിലും ബന്ധങ്ങളിലെ വിള്ളലിലും അകപ്പെട്ട് തകർന്നിരിക്കുകയായിരുന്നു. ലോകത്തിന് മുന്നിൽ 'ഭാഗ്യവാൻ' ആയി അഭിനയിക്കുമ്പോഴും ഉള്ളിൽ അവൻ മരിച്ചു കൊണ്ടിരുന്നു.

ഒരിക്കൽ ഒരു പള്ളിയിലെ ഏകാന്തമായ നിമിഷത്തിൽ, പരിശുദ്ധ കുർബാനയുടെ മുൻപിൽ അവൻ പൊട്ടിപ്പൊട്ടിക്കരഞ്ഞു. തന്റെ പരാജയങ്ങൾ അവൻ ആദ്യമായി ദൈവത്തോട് ഏറ്റുപറഞ്ഞു. അഭിനയിച്ചു മടുത്ത ആ മനസ്സ് സത്യസന്ധമായി വിലപിച്ചപ്പോൾ അവൻ അനുഭവിച്ചത് വലിയൊരു ആശ്വാസമായിരുന്നു. തന്റെ 'പെർഫെക്റ്റ് ഇമേജ്' തകരുമെന്ന ഭയം അവനെ വിട്ടുപോയി. പിറ്റേദിവസം അവൻ തന്റെ സുഹൃത്തുക്കളോട് തുറന്നു പറഞ്ഞു: "എന്റെ ജീവിതം നിങ്ങൾ കാണുന്നത് പോലെയല്ല, ഞാൻ തകർന്നിരിക്കുകയാണ്, എനിക്ക് നിങ്ങളുടെ പ്രാർഥന വേണം."

**മാറ്റത്തിന്റെ നിമിഷം:**
അവനെ സ്വതന്ത്രനാക്കിയത് സോഷ്യൽ മീഡിയയിലെ ലൈക്കുകളല്ല, മറിച്ച് ദൈവത്തിനു മുൻപിൽ അവൻ നടത്തിയ 'സത്യസന്ധമായ വിലാപം' (Authentic Sorrow) ആണ്. താൻ ദരിദ്രനാണെന്നും നിസ്സഹായനാണെന്നും സമ്മതിച്ച ആ നിമിഷം ക്രിസ്തുവിന്റെ ആശ്വാസം അവനിലേക്ക് ഒഴുകി.

## 9. വിലാപത്തെ എങ്ങനെ ആശ്വാസമാക്കി മാറ്റാം?

**യുവജനങ്ങൾക്ക് പ്രായോഗികമായി ചെയ്യാവുന്ന ചില കാര്യങ്ങൾ ഇതാ:**

**1. തുറന്നു പറയുക:**
നിങ്ങളുടെ വേദനകൾ വിശ്വസ്തനായ ഒരു വൈദികനോടോ, ആത്മീയ ഉപദേഷ്ടാവിനോടോ, പങ്കാളിയോടോ പങ്കുവയ്ക്കുക. നിശ്ശബ്ദമായ വിലാപത്തേക്കാൾ പങ്കുവയ്ക്കപ്പെടുന്ന വിലാപം വേഗത്തിൽ ആശ്വസിപ്പിക്കപ്പെടും.

**2. കുരിശിന്റെ വഴി ധ്യാനിക്കുക:**
നിങ്ങൾ അനുഭവിക്കുന്ന ഏതു വേദനയും ക്രിസ്തു കുരിശിൽ അനുഭവിച്ചതാണ്. അവനോട് സംസാരിക്കുക, അവൻ നിങ്ങളെ മനസ്സിലാക്കും.

**3. മറ്റുള്ളവരുടെ കണ്ണുനീർ തുടയ്ക്കുക:**
നിങ്ങളുടെ സ്വന്തം വേദനയിൽ മാത്രം ഒതുങ്ങിക്കൂടാതെ, നിങ്ങളേക്കാൾ സങ്കടപ്പെടുന്ന ഒരാളെ സഹായിക്കാൻ ശ്രമിക്കുക. അപ്പോഴാണ് ക്രിസ്തുവിന്റെ ആശ്വാസം നിങ്ങളിലേക്ക് ഒഴുകുന്നത്.

## 10. വിലാപം മുതൽ മഹത്വം വരെ

വിലാപം അത് ദൗർബല്യമല്ല. അത് വിശ്വാസത്തിന്റെ ധൈര്യമാണ്. ക്രൈസ്തവ ജീവിതത്തിൽ വിലാപം അവസാന വാക്കല്ല. അത് പ്രത്യാശയിലേക്കുള്ള പാതയാണ്. ക്രിസ്തുവിന്റെ വാഗ്ദാനം വെറും വാക്കല്ല; അതൊരു റപ്പാണ്. "വിലപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ആശ്വസിപ്പിക്കപ്പെടും."

ഈ ആശ്വാസം ഈ ലോകത്ത് ആരംഭിക്കുകയും നിത്യജീവിതത്തിൽ പൂർണമാവുകയും ചെയ്യും. വെളിപാട് 21, 4-ൽ പറയുന്നതുപോലെ, അവസാനത്തിൽ ദൈവം തന്നെയായിരിക്കും നമ്മുടെ കണ്ണുനീർ തുടയ്ക്കുന്നത്. ആ കൈകളിൽ നമുക്ക് സുരക്ഷിതമായിരിക്കാം.

## നമുക്ക് പ്രാർഥിക്കാം...

സ്നേഹനിധിയായ കർത്താവേ, ലോകത്തിന്റെ മുൻപിൽ പുഞ്ചിരിക്കാൻ വേണ്ടി ഞങ്ങൾ അണിഞ്ഞ എല്ലാ മുഖംമൂടികളും ഈ നിമിഷം അങ്ങയുടെ സന്നിധിയിൽ അഴിച്ചുവയ്ക്കുന്നു. സോഷ്യൽ മീഡിയയുടെ ഫിൽട്ടറുകൾക്കിടയിൽ ഒളിച്ചുവച്ച ഞങ്ങളുടെ സങ്കടങ്ങളും, ആരും കാണാത്ത ഏകാന്തതയുടെ കണ്ണുനീരും അങ്ങയുടെ തിരുമുൻപിൽ ഫിൽട്ടറുകളില്ലാതെ സമർപ്പിക്കുന്നു.

കർത്താവേ, ഞങ്ങളുടെ വിലാപങ്ങളെ നീ വിശുദ്ധമാക്കണമേ. ലോകം നൽകുന്ന വ്യാജ സന്തോഷങ്ങൾക്കു പിന്നാലെ അലയാതെ, തകർന്ന ഹൃദയത്തോടെ അങ്ങയുടെ പക്കലേക്ക് തിരിച്ചുവരാൻ ഞങ്ങളെ സഹായിക്കണമേ. എന്റെ ഓരോ തുള്ളി കണ്ണുനീരും വെറുതെയല്ലെന്നും, നീ നിന്റെ പാത്രത്തിൽ അവ സൂക്ഷിച്ചുവയ്ക്കുന്നുവെന്നും ഞങ്ങൾ വിശ്വസിക്കുന്നു.


**വിജയികളെയും കരുത്തരെയും ഭാഗ്യവാന്മാരായി കാണുന്ന ലോകത്തിൽ, കരയുന്നവരെ ഭാഗ്യവാന്മാരെന്ന് വിളിക്കാൻ ക്രിസ്തുവിനേ സാധിക്കൂ.**

ദുഃഖിതരായ എല്ലാ മക്കളെയും ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. നഷ്ടങ്ങളിൽ നീറുന്നവരെയും, രോഗത്താൽ വലയുന്നവരെയും, ആരും ആശ്വസിപ്പിക്കാനില്ലാതെ തളർന്നിരിക്കുന്നവരെയും അങ്ങയുടെ ആശ്വാസത്തിന്റെ ആത്മാവിനാൽ സ്പർശിക്കണമേ. ഞങ്ങളുടെ ദുഃഖത്തെ നിന്റെ കുരിശിലെ ബലിയോട് ചേർക്കണമേ; അങ്ങനെ അവ മോചനത്തിന്റെ വിത്തുകളായി മാറട്ടെ.

വിശേഷാൽ യുവജനങ്ങളെയും യുവകുടുംബങ്ങളെയും അങ്ങയുടെ ചിറകിൻ കീഴിൽ കാത്തുസൂക്ഷിക്കണമേ. അഭിനയമില്ലാത്ത സ്നേഹവും, ഫിൽട്ടറില്ലാത്ത പ്രാർഥനയും കൊണ്ട് തങ്ങളുടെ ഭവനങ്ങൾ നിറയ്ക്കാൻ അവരെ പഠിപ്പിക്കണമേ. സങ്കടത്തിന്റെ താഴ്വരകളിൽ ഞങ്ങൾ തളരുമ്പോൾ, 'ഞാൻ കൂടെയുണ്ട്" എന്ന അങ്ങയുടെ മധുരസ്വരം കേൾക്കാൻ ഞങ്ങളുടെ കാതുകളെ തുറക്കണമേ.

അവസാനം അങ്ങ് വാഗ്ദാനം ചെയ്തതുപോലെ, ഞങ്ങളുടെ കണ്ണുനീർ തുടച്ചുമാറ്റപ്പെടുന്ന ആ നിത്യസന്തോഷത്തിലേക്ക് ഞങ്ങളെ നയിക്കണമേ. ആമേൻ.

***ബിലാസ് ജോസഫ്: മോട്ടിവേഷണൽ സ്പീക്കർ, അധ്യാപകൻ, കത്തോലിക്ക റിസോഴ്സ് പേഴ്സൺ, ഭാര്യയോടും ആറു മക്കളോടുമൊപ്പം പാലായിൽ താമസം.***




Subscribe!
to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds

# നട്ടിടത്ത് മൊട്ടിടുന്നവർ

**ഒന്നുമില്ലെങ്കിലും ഒന്നുമല്ലെങ്കിലും നട്ടിടത്ത് പുഷ്പിക്കാൻ ദൈവകരങ്ങളിലേക്ക് സ്വയം നൽകുന്നവർ, നിത്യനായ ദൈവത്തിന്റെ നിത്യേനയുള്ള പരിപാലനയുടെ അനുഭവങ്ങൾ..**

കമ്മിറ്റ്മെന്റ് എടുത്തിട്ട് 25 വർഷങ്ങൾ കടന്നുപോയി. ജീവിതത്തിൽ ഒത്തിരിയേറെ കാര്യങ്ങൾ സംഭവിച്ചു. എങ്കിലും യേശുവിനോടൊപ്പമുള്ള ആ ഒരു വർഷം തന്നെയാണ് ഇന്നും ജീവിതത്തിൽ ഏറ്റവും തെളിഞ്ഞു നിൽക്കുന്നത്.

ഡിഗ്രിക്ക് പഠിക്കുന്ന സമയത്ത് ഒരു സുഹൃത്ത് വഴി ഒരു പ്രാവശ്യം ജീസസ് യൂത്ത് പ്രയർ മീറ്റിങ്ങിൽ പങ്കെടുക്കാൻ ഇടയായി. അന്ന് ജീസസ് യൂത്ത് എന്താണെന്നുപോലും അറിയില്ലായിരുന്നു. സുഹൃത്ത് വിളിച്ചതിന്റെ പേരിൽ വെറുതെ പോയതാണ്. അന്ന് പ്രാർഥനാ ഗ്രൂപ്പ് നയിക്കാൻ വന്ന രണ്ടുപേരുടെ സംസാരത്തിൽ എന്തോ പ്രത്യേകത തോന്നി. പക്ഷേ, അവർ ആരാണെന്നോ എന്താണെന്നോ ഒന്നും മനസ്സിലായില്ല. പിന്നീടാണ് അത് അഞ്ചാമത്തെ ബാച്ചിലെ ചെറിയാച്ചനും റീനയും ആണെന്ന് മനസ്സിലായത്.

കുറേ നാളുകൾക്കുശേഷം ഒരു യുവജന ധ്യാനത്തിൽ പങ്കെടുക്കാൻ ഇടയായി. ആ ധ്യാനത്തിൽ ഒരച്ചൻ പ്രസംഗമധ്യേ പറഞ്ഞു: 'ഇന്നും യേശുവിനെ അറിയാത്ത അനേകം ഗ്രാമങ്ങൾ നമ്മുടെ ഇന്ത്യയിലുണ്ട്. അതുകൊണ്ട് അവരിലേക്ക് യേശുവിനെ എത്തിക്കുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.' ഇതെന്നെ വല്ലാതെ സ്വാധീനിച്ചു. യേശുവിനെ അറിയാത്തവരിലേക്ക് യേശുവിനെ നൽകാൻ പോകണമെന്ന ചിന്ത പിന്നീട് എപ്പോഴും മനസ്സിൽ ഉണ്ടായിരുന്നു. അതിനുശേഷം ജീസസ് യൂത്ത് പ്രയർ ഗ്രൂപ്പിൽ അവിചാരിതമായി എത്തുകയും അതിന്റെ ഭാഗമായിത്തീരുകയും ചെയ്തു. വിവിധ ജീസസ് യൂത്ത് പ്രോഗ്രാമുകളിൽ പങ്കെടുത്തു. ആ പ്രോഗ്രാമുകളിൽ ജീസസ് യൂത്ത് ഫുൾ ടൈമേഴ്സ് അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നത് എനിക്ക് വളരെ ആവേശം നൽകി. എങ്ങനെയാണ് ഇവരെപ്പോലെ ഫുൾടൈമറായി മറ്റു സ്ഥലങ്ങളിലേക്ക് പോകുന്നത് എന്നൊന്നും അന്നറിയില്ലായിരുന്നു. ഞങ്ങളുടെ പ്രാർഥനാ ഗ്രൂപ്പിൽ എട്ടാം ബാച്ചിലെ ഫുൾടൈമർ ആയിരുന്ന എറണാകുളം സോണിലെ സുനിത ചേച്ചി ഫുൾടൈമർ ആകാനുള്ള അപേക്ഷ ഫോം തന്നു. അങ്ങനെ ഞാനും അപേക്ഷ നൽകി, ഒമ്പതാം ബാച്ചിലെ ഫുൾടൈമർ ഗ്രൂപ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

എന്നെ വ്യക്തിപരമായി അറിയാവുന്ന ആരും വിശ്വസിക്കാത്ത ഒരു കാര്യമായിരുന്നു ഞാനിങ്ങനെ ഫുൾടൈമറായി മറ്റൊരു സ്ഥലത്ത് പോകുമെന്നുള്ളത്. എന്നിലേക്ക് നോക്കുമ്പോൾ ഇപ്പോളെനിക്ക് അതിശയമായി തോന്നുന്നു. ഒരുപക്ഷേ എന്നെക്കുറിച്ചോ എന്റെ കഴിവുകളെപ്പറ്റിയോ ചിന്തിച്ചിരുന്നെങ്കിൽ ഒരിക്കലും എനിക്ക് അതിനുള്ള ധൈര്യം ഉണ്ടാകുമായിരുന്നില്ല. മറിച്ച് ഈശോയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് അതിയായ ആഗ്രഹമാണ് അതിനിടയാക്കിയത്.

ഫുൾടൈമർഷിപ്പിന്റെ ഭാഗമായുള്ള 40 ദിവസങ്ങളിലെ പരിശീലനം വളരെ വ്യത്യസ്തമായ അനുഭവമായിരുന്നു. ധ്യാനം, ക്ലാസ്സുകൾ, ചർച്ചകൾ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, പരസ്പരമുള്ള കരുതലുകൾ, ആഴമേറിയ ബന്ധങ്ങൾ എല്ലാം എടുത്തു പറയേണ്ടതാണ്. ഒത്തിരി സഹോദരങ്ങളുള്ള ഒരു വലിയ വീടിന്റെ ഫീലായിരുന്നു.

ജോലിയാകട്ടെ കളികളാകട്ടെ പരിശീലനത്തിന്റെ ഭാഗമായി എന്തുചെയ്താലും അതിനുശേഷം ഞങ്ങൾ ഒരുമിച്ചിരുന്ന് അതിനെ പ്പറ്റിയുള്ള കാഴ്ചപാടുകൾ പരസ്പരം പങ്കുവയ്ക്കും. ഇതെനിക്ക് വളരെയധികം ഉൾക്കാഴ്ച നൽകുന്നതായിരുന്നു. നമ്മൾ ചിന്തിക്കാത്ത കാര്യങ്ങൾ ആയിരിക്കും മറ്റുള്ളവർ പറയുന്നത്.

ഈശോയെ അറിയാത്തവരുടെ ഇടയിൽ പ്രവർത്തിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്നാൽ, കമ്മിറ്റ്മെൻറ് പ്ലേസ്മെന്റ് വന്നപ്പോൾ എനിക്കാദ്യം വലിയ സങ്കടമായിരുന്നു. ട്രെയിനിങ്ങിൽ ഇങ്ങനെ പറഞ്ഞു: to bloom wherever you are planted. ഇഷ്ടമുള്ള സ്ഥലത്തേക്കല്ല, ദൈവം നമ്മെ അയക്കുന്നിടത്തേക്കാണ് പോകേണ്ടതെന്ന്. അങ്ങനെ ദക്ഷിണ കർണാടകയിലെ ബെൽത്തങ്ങാടിയിലേക്ക് ഞാൻ പോയി. നമുക്ക് ഏറ്റവും യോജിച്ച സ്ഥലം തന്നെയാണ് തമ്പുരാൻ തരുന്നതെന്ന് പിന്നീട് മനസ്സിലായി.

ഞാൻ പോകുന്ന സ്ഥലത്ത് എന്നെയൊരു അനുഗ്രഹമാക്കി മാറ്റണമെന്ന പ്രാർഥനയോടെ മിഷൻ ആരംഭിച്ചു. ജോസ് കുരീക്കാട്ടിൽ അച്ചന്റെ അടുത്ത് പ്രാർഥിക്കാൻ ചെന്നു. എന്താണ് എങ്ങനെയാണ് ചെയ്യേണ്ടതെന്ന് ചോദിച്ചപ്പോൾ അച്ചന്റെ മറുപടി, "ഒന്നുകൊണ്ടും ഭയപ്പെടേണ്ട; പ്രാർഥിച്ച് മുന്നേറുക; കർത്താവ് വഴിയൊരുക്കും" എന്നായിരുന്നു. അങ്ങനെ തന്നെയായിരുന്നു എന്റെ അവിടത്തെ ജീവിതം. ഓരോ ദിവസവും ദിവ്യബലിയിൽ പങ്കെടുത്തശേഷം പ്രഭാത ഭക്ഷണം കഴിഞ്ഞ് ജപമാല ചൊല്ലും. യുവജനങ്ങളുടെ വീടുകൾ സന്ദർശിക്കും. ഓരോ ദിവസവും ദൈവത്തിന്റെ സാന്നിധ്യം എനിക്ക് അനുഭവപ്പെട്ടു. അവിടെ വീടുകൾ എല്ലാം അകലെയായിരുന്നു. പുഴയെല്ലാം കടന്ന് ഒത്തിരി ദൂരം നടക്കാനുണ്ട്. എല്ലാ കാര്യങ്ങളും ഈശോ നമുക്ക് ഒരുക്കിത്തരുന്ന ഒരു അനുഭവമായിരുന്നു. വഴിതെറ്റിയാൽ പരിചയമുള്ള ആരെങ്കിലും അതുവഴി വരും. ഞാൻ പോകണമെന്ന് കരുതിയിരുന്ന ഒരു വൈദികന്റെ ദേവാലയത്തിനടുത്താണ് ഒരു ദിവസം ബസ് മാറിക്കയറിച്ചെന്നത്. മറ്റൊരു ദിവസം ഞാൻ ഒരു പ്രോഗ്രാമിന് പോകുകയായിരുന്നു. നിശ്ചിത സ്ഥലത്ത് എത്തുന്നതിനുമുമ്പ് രാത്രിയായി അവിടെ ഒരു കുട്ടി എന്റെ അടുത്തുവന്ന് പരിചയപ്പെടുകയും ആ പ്രോഗ്രാമിൽ താനും പങ്കെടുക്കുന്നുണ്ടെന്നും ഈ രാത്രി ഒറ്റയ്ക്ക് പോകരുതെന്നും പറഞ്ഞു. എന്നിട്ട് അച്ചനെ വിളിച്ചുപറഞ്ഞ് എന്നെ ആ കുട്ടിയുടെ വീട്ടിൽ താമസിക്കാനുള്ള സൗകര്യം ഒരുക്കിത്തന്നു.

ഒരു ദിവസം ഭവന സന്ദർശനത്തിന് പോയപ്പോൾ അവിടത്തെ അമ്മ അടുത്ത വീട്ടിലെ അമ്മാമ്മയ്ക്ക് അസുഖം കൂടുതലായിട്ട് കാണാൻ പോകുന്നു ഞാനും അവരുടെ കൂടെ പോയി. അവിടെ ചെന്നപ്പോൾ അമ്മാമ്മ ഒത്തിരി പ്രയാസപ്പെടുന്നു. ഇരിക്കാനും നടക്കാനും കിടക്കാനും വയ്യാത്ത അവസ്ഥ. എല്ലാവരും ആകെ വിഷമിക്കുന്നു. എന്നെ കൂടെക്കൊണ്ടുപോയ അമ്മ പറഞ്ഞു, ഈ കുട്ടി ഈശോയ്ക്ക് വേണ്ടി വേല ചെയ്യാൻ ദൂരെ നിന്നും ഇവിടെ വന്നതാണ്, ഇവൾ അമ്മയ്ക്കുവേണ്ടി പ്രാർഥിക്കും. ഞാനാകെ വിഷമിച്ചു. ദൈവമേ, ഞാൻ പ്രാർഥിച്ചാൽ ശരിയാകുമോയെന്ന് ഞാൻ എന്നോടുതന്നെ പല പ്രാവശ്യം ചോദിച്ചു. ആ അമ്മയാണെങ്കിൽ മോൾ ധൈര്യമായി പ്രാർഥിക്കൂ എന്നും പറഞ്ഞു നിൽക്കുന്നു. ഞാൻ കണ്ണുകളടച്ച് പ്രാർഥിച്ചു. പിന്നെ അമ്മയുടെ തലയിൽ തടവി കൊടുത്തു. കുറച്ചു കഴിഞ്ഞപ്പോൾ അമ്മയുടെ ബുദ്ധിമുട്ടുകൾ മാറി ശാന്തമായി ഉറങ്ങി. ദൈവത്തിന് നന്ദി പറഞ്ഞ് ഞങ്ങൾ അവിടെ നിന്നും മടങ്ങി. അങ്ങനെ ദൈവത്തിന്റെ ശക്തി പ്രകടമാകുന്ന ഒത്തിരിയേറെ അനുഭവങ്ങൾ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. കർത്താവിന് നമ്മളെത്തന്നെ വിട്ടുകൊടുത്താൽ മതി അവിടന്ന് നമ്മെ വേണ്ട രീതിയിൽ ഉപയോഗിച്ചു കൊള്ളും. സംഭവിച്ചത് ഒന്നും എന്റെ കഴിവുകൊണ്ടല്ല. നമ്മുടെ കഴിവില്ലായ്മയിൽ ആണ് കർത്താവിന്റെ ശക്തി പ്രകടമാകുന്നത്. അവിടെ നടത്തിയ പ്രോഗ്രാമൊക്കെ എങ്ങനെ സംഭവിച്ചു എന്നുള്ളത് ഇന്നും എനിക്കൊരു അതിശയമാണ്. ഒരിക്കൽ ഞാൻ താമസിച്ചിരുന്ന ഇടവകയിലെ അച്ചൻ വന്നു ചോദിച്ചു, നിങ്ങൾ എന്താണ് ഈ യുവജനങ്ങളോട് പറയുന്നത് അവർക്ക് എങ്ങനെയാണ് ഈ മാറ്റം സംഭവിക്കുന്നതെന്ന്.

ഞാൻ പോകുന്നിടത്ത് എന്നെ ഒരനുഗ്രഹമാക്കി മാറ്റണമേ എന്നാണ് എന്റെ പിന്നീടുള്ള ജീവിതത്തിലും ഞാൻ പ്രാർഥിച്ചത്. എവിടെ നട്ടാലും അവിടെയെല്ലാം പൂക്കൾ വിരിയിക്കാൻ കഴിയണെയെന്ന് ഞാൻ അന്നത്തെപ്പോലെ തന്നെ പിന്നെയും പ്രാർഥിച്ചുകൊണ്ടിരുന്നു. എന്റെ ഭർത്താവ് ജനിസൻ ഒരു സിവിൽ കോൺട്രാക്ടർ ആണ്.



**ദൈവമേ, ഞാൻ പ്രാർഥിച്ചാൽ ശരിയാകുമോയെന്ന് ഞാൻ എന്നോടുതന്നെ പല പ്രാവശ്യം ചോദിച്ചു. ആ അമ്മാമ്മയാണെങ്കിൽ മോൾ ധൈര്യമായി പ്രാർഥിക്കൂ എന്നും പറഞ്ഞു നിൽക്കുന്നു.**




*മോസ്റ്റ് ഹോളി റിഡീമർ ചർച്ച് – ബെൽത്തങ്ങാടിയിലെ ഒരു ചരിത്രപ്രസിദ്ധമായ റോമൻ കത്തോലിക്കാ പള്ളിയാണിത്.*
*ഈ പ്രദേശത്തെ ഏറ്റവും പഴക്കം ചെന്ന പള്ളികളിൽ ഒന്നായ ഈ പള്ളിയ്ക്ക് 136 വർഷത്തിലേറെ പഴക്കമുള്ള സമ്പന്നമായ ചരിത്രമുണ്ട്.*

ഞങ്ങൾക്ക് രണ്ടു കുട്ടികൾ. മരിയ, ബിഎസ്സി നേഴ്സിംഗ് പഠിക്കുന്നു. അമ്മച്ചിയും ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. കഴിഞ്ഞ മാർച്ചിൽ മരിച്ചു. അമ്മച്ചിക്ക് സുഖമില്ലാതിരുന്നതിനാൽ അധികം പ്രവർത്തനങ്ങളിൽ ഭാഗമാകാൻ സാധിച്ചിരുന്നില്ല. എങ്കിലും ഫാമിലി യൂണിറ്റിലും മതബോധനത്തിലും സജീവമായിക്കൊണ്ട് ഇടവകയോട് ചേർന്നുനിന്നു. യൂണിറ്റിന്റെ സ്റ്റുഡൻസ് ഫോറത്തിലും വേദപാഠ വിദ്യാർഥികളുടെ ഇടയിലും ഓരോ കാര്യങ്ങൾ ചെയ്യുമ്പോഴും, ഞാൻ ചെയ്യുന്ന കാര്യങ്ങളിലൊക്കെ പ്രത്യേകതയുണ്ടല്ലോയെന്ന് ചിലർ പറയും. നമ്മൾ സംസാരിക്കാതെയും പ്രവർത്തിക്കാതെയും ഒരു നിശ്ശബ്ദ സ്വാധീനം ചെലുത്താൻ കഴിയാറുണ്ടല്ലോ. ഒരു പഠന വർഷാരംഭത്തിൽ വികാരിയച്ചൻ എന്നെ മതബോധന വിദ്യാർഥികളുടെ ഗായകസംഘത്തിന്റെ ഉത്തരവാദിത്വം ഏൽപിച്ചു. ഒരു പാട്ടുപോലും ഒറ്റയ്ക്ക് പാടാത്ത ഞാൻ അന്തംവിട്ടു. അങ്ങനെയിരിക്കുമ്പോൾ ആ വർഷം വേദപാഠം പഠിപ്പിക്കുവാൻ പുറത്തുനിന്ന് ഒരു ബ്രദർ വന്നു. നല്ലൊരു പാട്ടുകാരൻ. അങ്ങനെ ഞങ്ങളുടെ ഇടവകയ്ക്ക് ആ വർഷം ആദ്യമായി കരോൾ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. പിന്നീട് ഓരോ വർഷവും കാറ്റെക്കിസം പഠിപ്പിക്കുവാൻ പാട്ടറിയാവുന്ന ബ്രദേഴ്സ് അല്ലെങ്കിൽ സിസ്റ്റേഴ്സ് ആരെങ്കിലും ഉണ്ടാകുമായിരുന്നു. കുട്ടികൾ സമ്മാനവും വാങ്ങും. പിന്നീടും മറ്റു മത്സരങ്ങൾക്ക് കൊണ്ടുപോവുകയും ഒത്തിരി സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തു. ഇതിന്റെ എല്ലാം ഉത്തരവാദിത്വമുള്ള അധ്യാപിക എന്ന നിലയിൽ അഭിനന്ദനങ്ങളും അംഗീകാരങ്ങളും എനിക്കും ലഭിച്ചു. നമ്മൾ ഒരിക്കലും താഴ്ന്നുപോകാൻ ഈശോ അനുവദിക്കില്ലായെന്ന് എനിക്ക് മനസ്സിലായി. നാമെന്തെങ്കിലും ചെയ്യുവാൻ തയ്യാറായാൽ ദൈവം മോശയ്ക്ക് നൽകിയ പോലെ നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുവാൻ ആരെയെങ്കിലുമയക്കും എന്നത് തീർച്ചയാണ്.

കഴിഞ്ഞ മൂന്നു വർഷങ്ങൾ എന്റെ കുടുംബം ഒത്തിരി പ്രതിസന്ധികളിലൂടെ കടന്നുപോയി. ഒരിക്കലും പ്രതീക്ഷിക്കാത്ത സംഭവങ്ങൾ ആയിരുന്നു നടന്നത്. എന്റെ അനുജന്റെ എട്ടുവയസ്സുള്ള മകൾ മരിച്ചു. പപ്പയ്ക്ക് കാർഡിയാക് അറസ്റ്റ് വന്നു. പെട്ടെന്നു തന്നെ ഹാർട്ട് സർജറി ചെയ്തു. ചേട്ടനും പപ്പയും കൂടെ ചെയ്തിരുന്ന ബിസിനസ്സിൽ പ്രശ്നങ്ങളായി. ആരോടും പങ്കുവയ്ക്കാൻ പോലും സാധിക്കാത്ത അവസ്ഥയിലായിരുന്നു. പ്രാർഥനയിലും മറ്റു ദൈവിക പ്രവർത്തനങ്ങളിലും മുന്നിട്ടുനിൽക്കുന്ന ഒരു കുടുംബമായിരുന്നു ഞങ്ങളുടേത്. എല്ലാ പ്രശ്നങ്ങളും കൂടി ആയപ്പോൾ എനിക്കും തോന്നിത്തുടങ്ങി, ദൈവത്തോട് കൂടുതൽ ചേർന്ന് നിൽക്കുന്നവർക്കാണ് പരീക്ഷണങ്ങളെന്നും അധികം അടുക്കാതിരിക്കുന്നതാണ് നല്ലതെന്നുമൊക്കെ. ഈ സമയങ്ങളിൽ ബാച്ച്മേറ്റ്സ് പലരും വിളിച്ച് ആശ്വാസവാക്കുകളിലൂടെയും പ്രാർഥനയിലൂടെയും ഒക്കെ ശക്തിപ്പെടുത്തി. അങ്ങനെ പ്രതികൂല സാഹചര്യങ്ങൾ തരണം ചെയ്തു.

ഇപ്പോൾ എനിക്ക് പപ്പയുടെ ബിസിനസിലേക്ക് ഇറങ്ങേണ്ടതായി വന്നു. കമ്പനിയുടെ എംഡി എന്ന സ്ഥാനമാണ് എന്നിൽ ഏൽപിക്കപ്പെട്ടിരിക്കുന്നത്. ബിസിനസിനെ കുറിച്ച് ഒന്നുമറിയാത്ത ഞാൻ, ജോസ് കുരീക്കാട്ടിലച്ചൻ അന്ന് പറഞ്ഞ വാക്കുകളോർത്ത് ധൈര്യമായി മുന്നോട്ടുപോകുന്നു. പ്രാർഥിച്ചു മുന്നേറുക, കർത്താവ് വഴിയൊരുക്കും. ജീസസ് യൂത്തിന്റെയും ഫുൾടൈമേഴ്സ് ജൂബിലി ബാച്ചിന്റെയും ഭാഗമാകുവാൻ എന്നെയും തെരഞ്ഞെടുത്ത നല്ലതമ്പുരാന് നന്ദിയുള്ള ഹൃദയത്തോടെയും എന്നും യേശുവിന്റെ നല്ലൊരു ഉപകരണമായി മാറ്റണമേയെന്ന പ്രാർഥനയോടെയും നിർത്തുന്നു.


JESUS YOUTH
INTERNATIONAL
CONFERENCE
2026
Go
TO THE ENDS
OF THE EARTH
From the heart
of the Church
20 - 25 OCT
ROME
2026.JESUSYOUTH.ORG

# പുഴയിലൂടൊഴ പരുവപ്പെട്ടപോലെ...

പേര് നിത്യ. ഒമ്പതാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ്  ഞാൻ ജീസസ് യൂത്ത് മുന്നേറ്റത്തെ പരിചയപ്പെടുന്നത്. ആ സമയത്താണ് ഈശോയുമായി വ്യക്തിപരമായ ബന്ധം ഉണ്ടാകുന്നതും. ഒരു ഫുൾടൈമർ ചേട്ടനിലൂടെയാണ് ഫുൾടൈമർഷിപ്പ് എന്താണെന്നറിയുന്നത്. ചെയ്യുന്ന എല്ലാ കാര്യങ്ങളും പ്രാർഥനയായി സമർപ്പിക്കുന്നതും ഒരു വർഷം വീട്ടിൽ നിന്നും മാറി നിൽക്കുന്നതും പരിചയമില്ലാത്ത ആളുകളിലേക്കും സാഹചര്യങ്ങളിലേക്കും ഇറങ്ങിച്ചെല്ലുന്നതും അവർക്ക് ഈശോയെ പങ്കിടുന്നതും ഏറെ സന്തോഷത്തോടെയാണ് ഞാൻ കേട്ടിരുന്നത്. ദൈവസ്നേഹത്തിലും ആനന്ദകരമായ ആത്മീയതയിലും ജീവിക്കുന്നതുമെല്ലാം ഞാൻ അങ്ങനെയാണ് അറിഞ്ഞത്. വളർന്ന കുടുംബ സാഹചര്യമനുസരിച്ച് എനിക്ക് വീട്ടിൽ നിന്നും ഒരു വർഷം മാറിനിൽക്കുക അസാധ്യമായ കാര്യമായിരുന്നു. ഞാൻ പങ്കെടുത്ത ആദ്യ പ്രോഗ്രാമിലൂടെയാണ് എന്റെ ജീവിതത്തിൽ മാതാപിതാക്കളെ വിട്ടു നിന്നത്. എന്റെ ഇരട്ട സഹോദരി കൂടെ ഉണ്ടായതുകൊണ്ട് മാത്രമാണ് ആ പ്രോഗ്രാമിൽ പങ്കെടുത്തതും. എനിക്കും ഒരു ഫുൾടൈമർ ആകണമെന്ന് ആഗ്രഹം അന്നുമുതൽ മനസ്സിലുണ്ടായിരുന്നു. പിന്നീട് അനുദിന ദിവ്യബലികളിലെ ഒരു നിയോഗമായി ഫുൾടൈമർഷിപ്പിനെ ഞാൻ സമർപ്പിച്ചു. എന്റെ ഇടവകയിൽ ജീസസ് യൂത്ത് കൂട്ടായ്മ ഉള്ളതുകൊണ്ട് എല്ലാ ഞായറാഴ്ചകളിലും കൂട്ടുകാരോടൊപ്പം അതിൽ പങ്കെടുക്കുമായിരുന്നു. അങ്ങനെ ഡിഗ്രി അവസാന വർഷമാകാറായപ്പോൾ ഈ ആഗ്രഹം വീട്ടിൽ സൂചിപ്പിച്ചു. എന്റെ അനുജത്തിയൊഴികെ മറ്റാരും അനുകൂലമായിരുന്നില്ല. പ്രതീക്ഷ കൈവിടാതെ മുന്നോട്ടു നീങ്ങി. ഡിഗ്രി അവസാന വർഷമായ, ക്രിസ്മസ് വെക്കേഷന് ജീസസ് യൂത്ത് കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിലെ ഒരാളും ഒരു ഫുൾടൈമറും കൂടെ എന്റെ വീട്ടിൽ പ്രഭാത ഭക്ഷണത്തിനായെത്തി. ആ ചേട്ടനോട് എന്റെ ആഗ്രഹം പറഞ്ഞപ്പോൾ ചേട്ടൻ എനിക്കുവേണ്ടി വീട്ടിൽ സംസാരിച്ചു. വീട്ടിൽ അപ്പയ്ക്കും അമ്മയ്ക്കും ആ ചേട്ടന്റെ അനുഭവങ്ങൾ കേട്ടപ്പോൾ സന്തോഷമായെങ്കിലും ഒരു വർഷം വീട്ടിൽനിന്ന് മാറിനിൽക്കുകയെന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു.

**വൈദികരുടെയെല്ലാം അനുഗ്രഹം വാങ്ങി, കാര്യങ്ങളെല്ലാം വീട്ടിൽ പറഞ്ഞു. ദൈവമിത് ആഗ്രഹിക്കുന്നുവെന്ന് ബോധ്യപ്പെട്ട എന്റെ മാതാപിതാക്കൾ എനിക്ക് അനുവാദം തന്നു.**

ഡിഗ്രി കഴിഞ്ഞ് ഫുൾടൈമർ ആകുന്നതിനു വേണ്ടിയുള്ള ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുക്കാൻ പോലും എനിക്ക് അനുവാദം കിട്ടിയില്ല. എങ്കിലും  ചേട്ടന്റെ കൂട്ടുകാർ എനിക്കു വേണ്ടി അപ്പയെ കണ്ട് സംസാരിച്ച് കാര്യങ്ങൾ കൺവിൻസ് ചെയ്തു. മാസങ്ങൾക്കു ശേഷം ഫുൾടൈമർ ആകാനുള്ള സ്ക്രീനിങ് ഒക്കെ കഴിഞ്ഞ് എന്നെയും അതിനായി തെരഞ്ഞെടുത്ത വിവരം വീട്ടിൽ പറഞ്ഞു. ഞങ്ങളുടെ വികാരിയച്ചൻ സമ്മതിച്ചാൽ ഇതിന് പോയാൽ മതി എന്നാണ് എന്റെ അപ്പാ പറഞ്ഞത്. വികാരിയച്ചൻ സമ്മതിക്കാൻ ഒരു സാധ്യതയുമില്ലായെന്ന് ഞങ്ങൾക്കെല്ലാവർക്കും അറിയാമായിരുന്നു. എങ്കിലും അച്ചന്റെ അനുവാദത്തിനായി ഞാൻ അച്ചനെ കണ്ടു. ഒരു വർഷത്തെ എന്റെ മിഷൻ എന്തായിരിക്കുമെന്നും സാഹചര്യം എങ്ങനെയാകുമെന്നും ഉറപ്പില്ലാത്തതിനാൽ അച്ചൻ അനുവാദം തന്നില്ല. പിന്നീടുള്ള ദിവസങ്ങളിൽ ഈ നിയോഗം ഞങ്ങൾ പ്രാർഥനയിൽ വച്ചു. പിറ്റേ ആഴ്ചയിൽ എന്റെ ഇടവകയിലെ കൊച്ചച്ചൻ സ്ഥലം മാറി പോവുകയും പുതിയ കൊച്ചച്ചൻ വരുകയും ചെയ്തു. പുതിയ അച്ചൻ തന്നെ പരിചയപ്പെടുത്തിയ സമയത്ത് താനൊരു ജീസസ് യൂത്ത് ഫുൾടൈമർ ആണെന്നും പറയുക

# ുകി



യുണ്ടായി. അങ്ങനെ എന്തിനധികം പറയുന്നു, അച്ചനുമായി സംസാരിക്കുകയും അച്ചൻ എനിക്കുവേണ്ടി വികാരിയച്ചന്റെ അടുത്ത് സംസാരിച്ച് അനുവാദം വാങ്ങി തരുകയും ചെയ്തു. ശേഷം ഈ വൈദികരുടെയെല്ലാം അനുഗ്രഹം വാങ്ങി, കാര്യങ്ങളെല്ലാം വീട്ടിൽ പറഞ്ഞു. ദൈവമിത് ആഗ്രഹിക്കുന്നുവെന്ന് ബോധ്യപ്പെട്ട എന്റെ മാതാപിതാക്കൾ എനിക്ക് അനുവാദം തന്നു.

28 –ാം ബാച്ചിലെ ഫുൾടൈമറായിരുന്നു ഞാൻ. 30 ദിവസം നീണ്ടുനിന്ന ഞങ്ങളുടെ പരിശീലന പരിപാടിയിൽ 32 പേരാണ് ഉണ്ടായത്. അത്രയും ദിവസങ്ങൾ ഞങ്ങൾ ഒരുമിച്ച് ആയിരുന്നത് നല്ല ബന്ധം വളർത്തിയെടുക്കാനുള്ള ഒരടിത്തറയായിരുന്നു. ഒന്നിച്ചു പ്രാർഥിച്ചും ക്ലാസ്സുകളിൽ പങ്കെടുത്തും കളിച്ചും ചിരിച്ചും ഒക്കെ പരിശീലനം നടന്നു. ഒരാഴ്ച ഒരിടവകയിൽ ഔട്ട് റീച്ച് പരിപാടിയും ഉണ്ടായിരുന്നു.

ഞങ്ങളുടെ കമ്മിറ്റ്മെന്റ് സ്ഥലം പറയുന്ന സമയമായപ്പോൾ ഞങ്ങളിൽ പലർക്കും കേരളത്തിന് പുറത്തു പോകാനുള്ള ആഗ്രഹമായിരുന്നു. എന്തു തന്നെയാണെങ്കിലും കേരളത്തിൽ തന്നെയാണ് മിഷൻ സ്ഥലം കിട്ടുന്നതെങ്കിലും സന്തോഷത്തോടെ ദൈവഹിതം സ്വീകരിക്കാനുള്ള കൃപയ്ക്കായി ഞാനും പ്രാർഥിച്ചു. അങ്ങനെ എനിക്കിഷ്ടമുള്ള സ്ഥലങ്ങളിൽ ഒന്നായ പാലക്കാട് ആയിരുന്നു എനിക്ക് കിട്ടിയ സ്ഥലം. സ്വന്തമായി ബസ് ടിക്കറ്റ് എടുത്ത് ദൂരെ യാത്ര പോകാത്ത, ട്രെയിനിൽ ഒറ്റയ്ക്ക് യാത്ര ചെയ്തിട്ടില്ലാത്ത ഞാൻ ഇതെല്ലാം ഈ നാളുകളിൽ പഠിച്ചു. എനിക്ക് എന്നെ കുറിച്ചുള്ള ആഗ്രഹങ്ങളെക്കാൾ, എന്റെ ദൈവത്തിന് എന്നെ കുറിച്ചുള്ള ആഗ്രഹം എത്ര വലുതായിരിക്കും എന്നെല്ലാം ഞാൻ മനസ്സിലാക്കിയ സമയമായിരുന്നു. ഞാൻ താമസിച്ചിരുന്നത് ഒരു പാലിയേറ്റീവ് കെയർ ഹോസ്പിറ്റലിൽ ആയിരുന്നു. അതുകൊണ്ടുതന്നെ എല്ലാ ദിവസവും അവിടെയുള്ള എല്ലാവരുമായും സംസാരിക്കാനും സമയം ചെലവിടാനും സാധിച്ചു. കൂടാതെ ഇടവകയിൽ കുട്ടികൾക്കായി ഏകദിന ക്യാമ്പുകൾ നടത്തിയും കോളേജ് ജീസസ് യൂത്തിൽ പ്രാർഥനാ കൂട്ടായ്മകളിൽ പങ്കെടുത്തും സ്കൂളുകളിൽ കൂട്ടായ്മകൾ തുടങ്ങാനും അവരെ സഹായിക്കാനുമൊക്കെ കഴിഞ്ഞത് വലിയ അനുഗ്രഹങ്ങളായിരുന്നു. ഈ പ്രവർത്തനങ്ങളിലെല്ലാം ദൈവത്തിന്റെ ഇടപെടൽ വളരെ വ്യക്തമായി ഞാൻ കാണുകയും അനുഭവിക്കുകയും ചെയ്തിരുന്നു.

മിഷനിൽ ആയിരുന്നപ്പോൾ അനുകൂലവും പ്രതികൂലവുമായ ഒത്തിരി സാഹചര്യം നേരിടേണ്ടി വന്നിട്ടുണ്ട്. എന്റെ താത്പര്യപ്രകാരം വീട്ടിൽ നിന്ന് മാറി നിൽക്കുന്നതുകൊണ്ട് ഞാനെന്റെ ബുദ്ധിമുട്ടുകൾ ഒന്നും വീട്ടിൽ അറിയിച്ചിരുന്നില്ല. പകരം വ്യക്തിപരമായ പ്രാർഥനയിലൂടെ ഈശോയോട് എല്ലാം പറയുമായിരുന്നു. ഫുൾടൈമർഷിപ്പിലൂടെയാണ് വ്യക്തിപരമായ പ്രാർഥന എന്റെ ജീവിതത്തിന്റെ പ്രധാന ഭാഗമായി മാറിയത്. വ്യക്തിപരമായ ചെറിയ



**പറഞ്ഞു മണിക്കൂറുകൾക്കുള്ളിൽ ഫ്രൂട്ട്സ് ലഭിച്ചത് ആശ്ചര്യകരമായിരുന്നു. ലഭിച്ച ആ മൂന്ന് ഓറഞ്ചുകൾ എന്നെ സംബന്ധിച്ച് പ്രാർഥനയുമായി ബന്ധപ്പെട്ട ഒരു അനുഭവമായി ഞാൻ കണക്കാക്കി.**

ചെറിയ ആഗ്രഹങ്ങൾ പോലും ഈശോ നടത്തിത്തരുന്ന അനുഭവങ്ങളാണ് എനിക്കുണ്ടായിരുന്നത്. മിഷനിൽ ആയിരിക്കുമ്പോൾ എനിക്കിഷ്ടമുള്ള ഭക്ഷണങ്ങളും മറ്റു സാധനങ്ങളുമെല്ലാം പലപ്പോഴും ഞാൻ മിസ്സ് ചെയ്യുമായിരുന്നു. അൽപം തമാശയോടെ ആണെങ്കിലും ഒരു കാര്യം ഞാൻ പങ്കുവയ്ക്കട്ടെ. ഒരു ദിവസം എന്റെ പ്രാർഥനയിൽ, എനിക്ക് ഫ്രൂട്ട്സ് കഴിക്കാൻ തോന്നുന്നുവെന്നു ഈശോയോട് പറഞ്ഞു. കുറച്ചുകഴിഞ്ഞ് ഞാനും അവിടെയുള്ള ഒരു ചേച്ചിയും കൂടെ പുറത്തേക്ക് പോകാൻ ഒരുങ്ങുന്ന സമയം ഫ്രൂട്ട്സ് കഴിക്കാൻ തോന്നുന്നു എന്ന കാര്യം ഈശോയോട് പറഞ്ഞത് ചേച്ചിയോടും പറഞ്ഞു. ഇതെല്ലാം പറഞ്ഞുകൊണ്ട് ഞങ്ങൾ റോഡ് ക്രോസ് ചെയ്യാൻ നിൽക്കുമ്പോൾ ദൂരെ നിന്ന് ഒരു പെട്ടിയോട്ടോ നിറയെ ഓറഞ്ചുമായി വരുന്നു. ഞങ്ങളുടെ അടുത്ത് ആ വാഹനം എത്തിയപ്പോൾ ഗട്ടർ ചാടി രണ്ടു മൂന്ന് ഓറഞ്ച് എന്റെ കാൽക്കൽ വന്നുവീണു. ചേച്ചിയും ഞാനും ആ നിമിഷം പരസ്പരം നോക്കി. പറഞ്ഞു മണിക്കൂറുകൾക്കുള്ളിൽ ഫ്രൂട്ട്സ് ലഭിച്ചത് ആശ്ചര്യകരമായിരുന്നു. ലഭിച്ച ആ മൂന്ന് ഓറഞ്ചുകൾ എന്നെ സംബന്ധിച്ച് പ്രാർഥനയുമായി ബന്ധപ്പെട്ട ഒരു അനുഭവമായി ഞാൻ കണക്കാക്കി.



ദൈവം എന്നെയും എന്റെ ചുറ്റുമുള്ളവരെയും ഒത്തിരി സ്നേഹിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ നാളുകളായിരുന്നു ആ ഒരു വർഷം. പലപ്പോഴും എനിക്ക് പരിചയമില്ലാത്ത ആളുകളെ കാണുമ്പോഴും അവർക്കും അവരുടെ നിയോഗങ്ങൾക്കായും ദൈവത്തോട് പ്രാർഥിക്കുമായിരുന്നു. ഒരിക്കൽ തൃശ്ശൂരിൽ നിന്നും എന്റെ മിഷൻ സ്ഥലത്തേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് യാത്രയാണ്. അന്നെന്റെ സഹയാത്രികനൊരു യുവാവായിരുന്നു. സമയം ഉണ്ടായിരുന്നതുകൊണ്ട് ആ വ്യക്തിക്കുവേണ്ടി ജപമാലയുടെ ഒരു രഹസ്യം ചൊല്ലി പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ ആ വ്യക്തിയോട് 'ജീസസ് ലൗവ്സ് യൂ' എന്ന് പറയണമെന്ന് തോന്നി. എങ്കിലും

**വേറൊന്നും ചോദിക്കാതെ തന്നെ ആ വ്യക്തി കടന്നു പോകുന്ന സാഹചര്യങ്ങളും അദ്ദേഹത്തിന്റെ ബുദ്ധിമുട്ടു കളും കുടുംബ പ്രശ്നവും അഡിക്ഷൻസും എന്നോട് തുറന്നു പറഞ്ഞു.**

പറഞ്ഞു. ഞാനത് പറഞ്ഞു കഴിഞ്ഞപ്പോൾ എന്നെ നോക്കി ചിരിക്കുകയും ആ വ്യക്തി യുടെ കണ്ണുകൾ നിറയുന്നതും ഞാൻ കണ്ടു. തന്റെ ജീവിതത്തിൽ ഇതുവരെ ആരും തന്നെ സ്നേഹിക്കുന്നുവെന്ന് തന്നോട് പറഞ്ഞിട്ടില്ല എന്നദ്ദേഹം പറഞ്ഞു. വേറൊന്നും ചോദിക്കാതെ തന്നെ ആ വ്യക്തി കടന്നുപോകുന്ന സാഹചര്യങ്ങളും അദ്ദേഹ ത്തിന്റെ ബുദ്ധിമുട്ടുകളും കുടുംബ പ്രശ്നവും അഡിക്ഷൻസും എന്നോട് തുറന്നു പറഞ്ഞു. ആ ബസ്സിലിരുന്ന് കുറച്ചുനേരം ഞങ്ങൾ പ്രാർഥിച്ചു. ഞാൻ എന്റെ ബുക്കിലെയൊരു പേജ് കീറി ഒരു ബൈബിൾ വചനം അതിലെ ഴുതി കൊടുത്തു. നന്ദി പറഞ്ഞുകൊണ്ട് ഞങ്ങൾ യാത്ര തുടർന്നു. എനിക്കിത് വലി യൊരനുഭവമായിരുന്നു. ഇവിടെയിത് ചുരുക്കി എഴുതുമ്പോഴും ദൈവസ്നേഹം ഇന്നും അനുഭവിക്കാൻ അവസരം തന്ന എന്റെ സ്വർഗീയ അപ്പന് ഞാൻ നന്ദി പറയുന്നു.

ഇന്ന് ഞാൻ തിരിഞ്ഞുനോക്കുമ്പോൾ എന്റെ ജീവിതത്തിൽ ഒത്തിരി അനുഗ്രഹപ്രദമായ അനുഭവങ്ങളിലൂടെ കടന്നുപോയ ഒരു വർഷമായിരുന്നു ഫുൾ ടൈമർഷിപ്പിന്റെ സമയം. ഇന്നും ജീവിതത്തിന്റെ പല സാഹചര്യ ങ്ങളിലൂടെ കടന്നുപോകുമ്പോഴും ദൈവ ത്തിന്റെ പരിപാലനയിലാണ് എന്ന ഉറച്ച ബോധ്യവും ദൈവത്തിൽ ആശ്രയിക്കാനും പ്രാർഥിക്കാനുമെല്ലാം കൃപ ലഭിച്ചതും മിഷന്റെ ഈയൊരു വർഷത്തിലൂടെയായിരുന്നു. ഞാൻ സ്വയം രൂപപ്പെട്ടുവരുന്ന സമയമായി രുന്നു. പരുപരുത്ത കല്ലുകൾ പുഴയിലൂടൊ ഴുകി പരുവപ്പെടുന്ന പോലെ... ഇപ്പോഴും തുടർന്നുകൊണ്ടേയിരിക്കുന്നു...





ഈ പ്രചോദനം ദൈവഹിതമാണെങ്കിൽ, ആദ്യം ആ വ്യക്തി എന്നോട് സംസാരിക്കട്ടെ യെന്ന് ഞാൻ ഈശോയോട് പറഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം എന്റെ പേരും വിശേഷങ്ങളും ചോദിച്ചു. ആ സഹോ ദരന്റെ പേര് ലത്തീഫർ എന്നാണെന്നും വീട്ടിൽ ഉപ്പയും ഉമ്മയും സഹോദരങ്ങളുമു ണ്ടെന്നും പറഞ്ഞു. അദ്ദേഹം അന്യമതസ്ഥനാ യിരുന്നതിനാൽ ജീസസ് ലൗവ്സ് യൂ എന്ന് പറയാൻ ഞാൻ ഭയപ്പെട്ടു. എങ്കിലും ഈശോയോടുള്ള സ്നേഹത്തെ പ്രതി ധൈര്യം സംഭരിച്ച് ഞാൻ ആ വ്യക്തിയോടത്



ചോദ്യങ്ങളാലാണ് വേദപുസ്തകം തുടങ്ങുന്നതുതന്നെ. ആദ്യ ചോദ്യം നുണകളുടെ അച്ഛൻ മനുഷ്യരോട് ചോദിച്ചതാണ്. "നന്മ തിന്മയുടെ മരത്തിൽ നിന്നും കഴിക്കരുതെന്ന് ശരിക്കും ദൈവം പറഞ്ഞിട്ടുണ്ടോ?" എന്നതാണ് ആദ്യ ചോദ്യം. എല്ലാം രണ്ടെന്ന് സംശയം ജനിപ്പിക്കലാണ് ഏക സത്യത്തിൽ നിന്നും മനുഷ്യനെ അടർത്തി മാറ്റാനുള്ള എളുപ്പമാർഗം, സംശയമുണ്ടോ?

ദൈവത്വത്തിൽ നിന്നും മുഴങ്ങിയ രണ്ടു ചോദ്യങ്ങളെ പിന്തുടരുകയെന്നതാണ് ആ നഷ്ടപ്പറുദീസയിലേയ്ക്കുള്ള വാതിൽപ്പാളികൾ. ആ രണ്ട് ചോദ്യങ്ങളും മനുഷ്യരാശിക്കായുള്ള വീടിന്റെ പിൻവിളികളാണ്.

നന്മതിന്മയുടെ പഴം കഴിച്ച് ഞാനാരാണെന്ന് മറന്നുപോയപ്പോഴാണ് ആദത്തോട് ദൈവം ആ ചോദ്യം ചോദിച്ചത്: "നീയെവിടെ?." നന്മയെയും തിന്മയെയും വേർതിരിച്ചുവച്ച് വിധിച്ചു തുടങ്ങുന്നവർക്കെല്ലാം അന്നും ഇന്നും ഒരേ വിധി തന്നെയാണ് കാത്തിരിക്കുന്നത്. തന്റെ സ്വരൂപവും സാദൃശ്യവും മറന്ന് ഞാനാരെന്ന് അറിയാതെ അലയലും ഉലയലും തന്നെ.

തുർക്കിയിലെ ബർസ്സയിൽ ഒരു രസകരമായ സംഭവം നടന്നു. 'ബയ് ഹാൻ മുക്തൽ' എന്നൊരാൾ കമ്പനിയടിക്കാൻ കൂട്ടുകാരുടെ കൂടെ പോയി. രണ്ടെണ്ണം വിട്ട ആശാൻ നടന്നു നടന്നു കൂട്ടം തെറ്റി ആ വനാന്തരത്തിൽ ഒറ്റപ്പെട്ടുപോയി. ഭർത്താവിനെ കാണാതെ വന്നപ്പോൾ ഉണ്ടായ പരാതിയിൽ ഒരു അന്വേഷണ സംഘം രൂപം കൊണ്ടു. സമയകാല ബോധം



പാഥേയം - ജെ. ക്രൈസ്റ്റ് വോൺ

# മാനം മുതൽ മരവുരി വരെ

**അപ്പോഴാണ് ശരിക്കും വെളിവ് വന്നത് ! കാണാതെ പോയ ആൾ താനാണ് ! അതെ, ഈ കാലത്തെങ്കിലും അവനവനെത്തന്നെ തേടുകയും കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്.**

പോയി വനത്തിലൂടെ അലയുന്ന ബയ്ഗാൻ യാദൃച്ഛികമായി ഈ സംഘത്തെ കണ്ടു. അവർ ആരെയോ തിരയുന്നു എന്നത് മനസ്സിലാക്കിയ ബയ്ഹാൻ അവരുടെ കൂടെ കൂടി മറ്റാർക്കോ വേണ്ടി എന്ന പോലെ തിരച്ചിൽ ആരംഭിച്ചു. കുറേ മണിക്കൂറുകൾക്കുശേഷം ഒരു ക്ലിഫിൽ മടുത്തിരുന്ന ഒരു ഓഫീസർ താഴ്‌വാരത്തിലേയ്ക്ക് വിളിച്ചു ചോദിച്ചു. “ബയ്ഹാൻ നീ എവിടെയാണ്?” അപ്പോഴാണ് ശരിക്കും വെളിവ് വന്നത് ! കാണാതെ പോയ ആൾ താനാണ് ! അതേ, ഈ കാലത്തെങ്കിലും അവനവനെത്തന്നെ തേടുകയും കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്. കൂട്ടുള്ളവരുടെ ചെറിയ പ്രാണന്റെ മേലുള്ള കരുതൽ മറന്നുപോയ ശേഷമാണ് മറ്റൊരു ചോദ്യം കായേനോട് ദൈവം ഉയർത്തിയത്. “നിന്റെ സഹോദരൻ എവിടെ?”

മുകുന്ദാനന്ദയുടെ ഒരു പുസ്തകത്തിൽ വായിച്ചൊരു കഥയുണ്ട് 'പത്തൊൻപത് രൂപയുടെ മിറക്കിൾ' എന്ന കഥയാണ്. ഭൂവനേശ്വറിലെ ഒരു ഫാർമസിയുടെ മുമ്പിൽ അത്ര പരിചയമില്ലാത്ത ഒരു ചോദ്യം ഒരു കുട്ടി ചോദിക്കുകയാണ്. “ഇവിടെ മിറക്കിൾ കിട്ടുമോ?” ചോദ്യം കേട്ട ഫാർമസിയുടമ ഡോക്ടർ തമാശയായി പറഞ്ഞു. “കിട്ടും, ആട്ടെ എന്താണ് കാര്യം?”

പോക്കറ്റിലെ പത്തൊൻമ്പത് രൂപയുടെ ചില്ലറ നീട്ടികൊണ്ട് അഞ്ച് വയസ്സുകാരൻ പറഞ്ഞു. “എന്റെ അനിയത്തി കിടപ്പിലാണ്. ഇന്നലെ രാത്രി അച്ഛൻ അമ്മയോട് പറഞ്ഞത് ഞാൻ കേട്ടു. ഒരു മിറക്കിൾ മാത്രമാണ് ഇനി വഴി, പണം കൈയിലില്ലത്രേ. എന്റെ കുടുക്കയിൽ ഉണ്ടല്ലോ.”. കളി കാര്യമായി! ഡോക്ടറുടെ ചിരിമാഞ്ഞു. എന്തു മറുപടി പറയുമെന്നോർത്ത് നിൽക്കവേ ഡോക്ടറുടെ ഉള്ളം ഒന്നുകാഞ്ഞു. പിന്നീട് ആ ചില്ലറകൾ വാങ്ങി എണ്ണി. എന്നിട്ട് പറഞ്ഞു: “മിറക്കിളിന് ഇത്തിരി കൂടി പണമാകും പക്ഷേ, നിനക്ക് ഞാൻ ഒരു ഡിസ്കൗണ്ട് തരാം.” മിറക്കിളിനായി കൈ നീട്ടി പിടിച്ചു നിൽക്കുന്ന അവനോട് പറഞ്ഞു. കുഞ്ഞുങ്ങൾക്ക് ഇത് എടുക്കാൻ പറ്റില്ല! ഇത് ഇത്തിരി വലുതാണ്, വീട്ടിൽ കൊണ്ടുവന്നു തരാനേ സാധിക്കൂ. ആ കരഗ്രഹണത്തിൽ ചെറു ചൂണ്ടുവിരൽ വഴിപ്പലകയായി.

വീട്ടിലെത്തിയ ഡോക്ടർ അനിയത്തിക്കുഞ്ഞിനെ പരിശോധിച്ച് തന്റെ ആശുപത്രിയിൽ എത്തിച്ച് ചികിത്സ നൽകി. ഒടുക്കം ഡിസ്ചാർജ് ചെയ്തു പോകുമ്പോൾ പത്തൊൻപത് രൂപയുടെ ഒരു ബില്ല് ആ കുഞ്ഞിന്റെ കൈയിൽ വച്ചുകൊടുത്തു പറയുന്നുണ്ട്, ഈ മിറക്കിളിന് ഗ്യാരണ്ടി ഉണ്ട് പോലും, എന്തു പറ്റിയാലും തിരിച്ച് ഇങ്ങോട്ടേക്ക് വരാമത്രേ! ഇത്തരം ഈറനണിയിക്കുന്ന കഥകൾക്കപ്പുറം മറുചോദ്യം മുഴങ്ങുന്നു. അത് മനുഷ്യൻ ദൈവത്തോട് ചോദിച്ചതാണ് ? “ഞാനാണോ അവന്റെ കാവൽക്കാരൻ?”

മായ വച്ചുനീട്ടിയ സംശയത്തിൽ നന്മതിന്മകളെ വിധിച്ച്, മരവുരിയുടെ മറയിലെ നാണത്തിലേയ്ക്ക് സ്വയം ചുരുങ്ങി ഭാതൃഹത്യയിലെത്തി നിൽക്കുമ്പോഴും അതിന്റെ ഉത്തരവാദിത്വം മറ്റൊരാളുടെ പിടലിയിൽ ചാർത്തുന്ന ദയനീയതയാണ് നമ്മൾ മനുഷ്യർ. പറുദീസയിലേയ്ക്ക് തിരിച്ചുള്ള വഴി 'കാവലാവുക' എന്നത് തന്നെയാണ്. മറ്റൊരു ചോദ്യം കൂടി ആകാശത്ത് മുഴങ്ങുന്നുണ്ട്. എഴുത്തുകാരാ നിന്റെ മുഖമെന്താണ് മ്ലാനമായിരിക്കുന്നത്? ഉത്തരവും അതേ പുസ്തകത്തിലുണ്ട്. വല്ല നല്ല കാര്യവും ചെയ്തിരുന്നെങ്കിൽ! പോട്ടെ എഴുതിയിരുന്നെങ്കിൽ! അതും പോട്ടെ സ്വപ്നം കണ്ടിരുന്നെങ്കിൽ!

***ജെ. ക്രൈസ്റ്റ് വോൺ എന്നത് തൂലികാനാമം. ജിത്തു ജോർജ് എന്നതാണ് ശരിയായ പേര്. ഓസ്ട്രേലിയയിലെ പെർത്തിൽ കുടുംബമായി താമസിക്കുന്നു. ഓസ്ട്രേലിയൻ ഗവൺമെന്റ് ഓർഗനൈസേഷനായ ഡിപ്പാർട്ട്മെന്റ് ഓഫ് കമ്യൂണിറ്റിയിൽ ഡാറ്റ എഞ്ചിനീയറായി പ്രവർത്തിക്കുന്നു.***



യുവ/യൂത്ത് ക്ലാസ്സ് - ജിബി ജോർജ്, ഷാർജ

# അവനിലാണ് എല്ലാം!

**കുറ്റപ്പെടുത്താതെ നമ്മെ സ്വീകരിക്കുന്ന ക്രിസ്തുവിനെ ഉള്ളാലറിയണം. ഒരു റീടേക്കിനുള്ള സാധ്യത എപ്പോഴും അവന്റെ മുന്നിൽ നമുക്കുണ്ട്**

ഔദ്യോഗിക ആവശ്യത്തിനായി ജെബൽ അലി ഫ്രീസോണിൽ പോയപ്പോൾ, അവിടെ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ നാമത്തിൽ സ്ഥാപിതമായ ദൈവാലയം സന്ദർശിച്ചു. ആ ദൈവാലയത്തിലെ നിത്യാരാധനാ ചാപ്പലിൽ കുറച്ചുനേരം മൗനമായി പ്രാർഥനയിൽ മുഴുകി.

"ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ" എന്നു വഴിയരികിൽ കരഞ്ഞ് വിളിച്ച അന്ധനായ ബർതിമേയൂസിന്റെ നിലവിളി കേട്ട് അവന്റെ ചാരെ അണഞ്ഞവൻ! ജനസഞ്ചയത്തിന്റെ നടുവിൽ വിശ്വാസത്തോടെ തന്റെ വസ്ത്രത്തിന്റെ അറ്റം സ്പർശിച്ച സ്ത്രീയ്ക്ക് സൗഖ്യം നൽകിയവൻ! മകന്റെ ശവമഞ്ചത്തിന്റെ അരികിൽ ഹൃദയം തകർന്നു കരഞ്ഞ അമ്മയുടെ കണ്ണീർ തുടച്ച് മകനെ വീണ്ടും ജീവിപ്പിച്ചവൻ! ആ കരുണാമയനായ ഈശോയുടെ സന്നിധിയിലാണ് ഞാനും ഇപ്പോൾ ശാന്തമായി ഇരിക്കുന്നത്.


ഈശോയുടെ തിരുസാന്നിധ്യത്തിൽ മനസ്സ് നിശ്ശബ്ദമാകുന്നു. ആഴമുള്ള ഒരു സമാധാനം ഹൃദയത്തിൽ നിറയുന്നു. ആ ദൈവിക സന്നിധിയിൽ ലയിച്ചിരിക്കുമ്പോൾ ആ തിരുമുഖത്തിൽ നിന്നും ഒഴുകുന്ന കരുണയും സ്നേഹവും ശാന്തമായ മഴപോലെ മനസ്സിലേക്ക് പെയ്തിറങ്ങുന്നു.

അവൻ ഒരിക്കലും എന്നോട് ചോദിച്ചില്ല – 'എന്തേ നീ ഇതുവരെ വന്നില്ല?' ഒരിക്കലും എന്നോട് പരിഭവിച്ചില്ല; കുറ്റപ്പെടുത്തിയില്ല. മുൻവിധികളുടെ മൂർച്ച എനിക്കെതിരെ ഉയർത്തിയിട്ടുമില്ല. വീഴ്ചകളിൽ പോലും അവൻ കൈവിട്ടില്ല. സക്രാരിയുടെ മുൻപിൽ ഇരിക്കുമ്പോൾ, കടന്നുപോയ വഴികൾ എപ്പിസോഡുകൾപോലെ കടന്നു വരുന്നു. "ഞാനാണ് നിന്റെ വലതുകരം പിടിച്ചിരിക്കുന്ന ദൈവം! നിന്നെ വഴി നടത്തുന്നതും ഞാനാണ്. നിനക്കായി സക്രാരിയിൽ കാത്തിരിക്കുന്നതും ഞാനാണ്." ഹോറെബിന്റെ നെറുകയിൽ മോശയെ കാത്തിരുന്നതുപോലെ, നീ എന്നെ തേടി വരുമെന്ന ഈ നിമിഷത്തിനായി ഞാൻ ഇവിടെ നിന്നെ കാത്തിരിക്കുകയായിരുന്നു. നിന്റെ തിരക്കുകളുടെ ഇടയിലും നീ എന്നെ മറന്നില്ലല്ലോ? എന്റെ കണ്ണുകളിലേക്ക് നീ നോക്കിയിരുന്നപ്പോൾ, നിന്റെ കണ്ണുകൾ നനയുന്നത് ഞാനും കണ്ടു. എന്നെ അനുഗമിക്കാൻ ആഗ്രഹിച്ചവർ പലരും ജീവിതത്തിന്റെ തിരക്കുകളിൽ എന്നെ മറന്ന് കാലിടറി വീഴുമ്പോൾ, നീ എന്നെ തേടി വന്നല്ലോ. നിനക്കായി എന്റെ ഹൃദയം ഇതാ തുറന്നിടുന്നു.

'ഞാൻ ഹൃദയം കീറി കുർബാനയായത് നിന്റെ ഹൃദയത്തിൽ സ്നേഹമായി വസിക്കാനായിരുന്നു.' ഞാൻ നിങ്ങളെ പഠിപ്പിച്ച സ്നേഹത്തിന്റെ പാരമ്പര്യത്തേക്കാൾ, മഹത്തായ എന്തു പാരമ്പര്യമാണ് നിങ്ങൾക്കുള്ളത്? ആൾക്കൂട്ടങ്ങളുടെ നടുവിൽ ഇന്നും ആ അന്ധന്റെ പഴയ നിലവിളി ഞാൻ കേൾക്കാൻ ആഗ്രഹിക്കുന്നു: 'ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ!' എന്റെ അനുയായികൾ എന്ന് വിളിക്കുന്നവരുടെ, തർക്കങ്ങളും വാഗ്വാദങ്ങളും പോരാട്ടവിളികളും രക്തരൂക്ഷിത അതിക്രമങ്ങളും എന്റെ ഹൃദയം എത്രയധികം വേദനിപ്പിക്കുന്നു! നീ എന്നെ തേടി വരൂ.. ആചാരങ്ങളുടെ ഭാരമില്ലാതെ, അഹങ്കാരങ്ങളുടെ മതിലുകളില്ലാതെ, ഒരു കുഞ്ഞിന്റെ നൈർമല്യമുള്ള ഹൃദയത്തോടെ!

ഞാൻ ഈശോയോടു പറഞ്ഞു: "ഈശോ, നീ കരയുന്നുവോ? നിന്റെ കണ്ണുനീർ കാണാൻ എനിക്കാവില്ല, നാഥാ." നിനക്കായി ഞാൻ പോകാം. നീ ആഗ്രഹിക്കുന്ന ഇടങ്ങളിലെല്ലാം നിനക്കായി ഞാൻ സാക്ഷ്യം വഹിക്കാം. ഗതാഗത തിരക്കിന്റെ മറ്റൊരു ലോകത്തേക്ക് ഞാനും ഈശോയെ വിളിച്ചുകൊണ്ട് ഒരു പുതു ചൈതന്യത്തോടെ മടങ്ങി. കുറ്റപ്പെടുത്താതെ നമ്മെ സ്വീകരിക്കുന്ന ക്രിസ്തുവിനെ ഉള്ളാലറിയണം. ഒരു റീടേക്കിനുള്ള സാധ്യത എപ്പോഴും അവന്റെ മുന്നിൽ നമുക്കുണ്ട്. കാരണം, സ്നേഹവും കരുണയും ക്ഷമയും വേണ്ടുവോളം അവൻ നമ്മിലേക്ക് ഒഴുക്കിക്കൊണ്ടേയിരിക്കുന്നു. മനസ്സേ ആശങ്ക വേണ്ടാ... അവനിലേക്ക് വരൂ. അവനിലേക്ക് മാത്രം... സ്വസ്ഥതയും സമാധാനവും അവനിലാണ്. അവനിലാണെല്ലാം.

***ജിബി ജോർജ് കുടുംബത്തോടൊപ്പം ഷാർജയിൽ താമസിക്കുന്നു. ഷാർജ സെന്റ് മൈക്കിൾസ് ദേവാലയത്തിലെ മലയാളം കമ്മ്യൂണിറ്റി സെക്രട്ടറിയും സീറോ മലബാർ വിശ്വാസ പരിശീലകനുമാണ്. ജീസസ് യൂത്തിന്റെ സജീവ പ്രവർത്തകനായിരുന്നു. ഓഡിയോ വിഷ്വൽ മീഡിയ മേഖലകളിൽ കൂടുതലായി പ്രവർത്തിച്ചുവരുന്നു. ഭാര്യ ലിനി, മക്കൾ കൃപ, ഗ്രീഷ്മ, ക്രിസ്റ്റഫർ.***





**യുവ/യൂത്ത് മൈസ്റ്റോറി** - റോബിൻ സക്കറിയാസ്

# ഒരു ഡോളറിന്റെ മാജിക്




"ക്രിസ്തു നിങ്ങളുടെ ജീവിതത്തെ പൂർണ മായും രൂപാന്തരപ്പെടുത്തും" – *മെലാനി റിവാസ് (മുൻ സാത്താനിസ്റ്റ്, സ്വവർഗഭോഗി).*

ഇപ്പോൾ ലോകം മുഴുവൻ ചർച്ച ചെയ്യപ്പെടുന്ന മാനസാന്തര വാർത്തയാണ് മെലാനി റിവാസിന്റെ (Melanie Rivas) ജീവിത സാക്ഷ്യം. GEN Z എന്നറിയപ്പെടുന്ന പുതു തലമുറയിലെ യുവജനങ്ങൾക്കിടയിൽ ഇന്ന് ചൂടേറിയ മാനസാന്തര സാക്ഷ്യമാണ് അവളുടേത്. ക്രിസ്തുവിന്റ സുവിശേഷം തന്റെ ജീവിതത്തെ എങ്ങനെയാണ് മാറ്റിമറിച്ചതെന്നും, ഈ ലോകത്തിലെ ഏറ്റവും മാരക മായ തിന്മകളിൽ മുഴുകി ജീവിച്ചിരുന്ന തനിക്ക് സുവിശേഷം എങ്ങനെ വീണ്ടും ജീവശ്വാസമായെന്നും ഇനിയുള്ള ജീവിതം ക്രിസ്തുവിനെ പ്രഘോഷിക്കാൻ മാത്രമുള്ളതായിരിക്കുമെന്നും അവൾ ലോകത്തോട് വിളിച്ചു പറയുന്നു.

മാമ്മോദിസാ, ജ്ഞാനസ്നാനം, വി. കുർബാന തുടങ്ങിയ വിശ്വാസ പാരമ്പര്യങ്ങളുള്ള അമേരിക്കയിലെ ഷിക്കാഗോയിലെ ഒരു കത്തോലിക്കാ ഭവനത്തിലാണ് മെലാനി ജനിച്ചതും വളർന്നതും.ദേവാലയത്തിലെ തിരുക്കർമങ്ങൾ എല്ലാംതന്നെ ഒരു 'ചടങ്ങ്'പോലെയും 'ആവർത്തന വിരസത' ഉളവാക്കുന്നതും പോലെയാണ് അവൾക്കനുഭവപ്പെട്ടത് എന്നവൾ പറയുന്നു. യേശുവുമായുള്ള തന്റെ ബന്ധം ഒരിക്കലും ആഴത്തിൽ ഉള്ളതായിരുന്നില്ലയെന്നും, അവനുമായി യാതൊരു ബന്ധവുമില്ലായിരുന്നുവെന്നും റിവാസ് സമ്മതിക്കുന്നു. ക്രിസ്തുവുമായി തനിക്ക് ഉറച്ച ബന്ധം ഇല്ലാഞ്ഞതിനാലാണ് താൻ തെറ്റായ സ്വാധീനങ്ങളാൽ നയിക്കപ്പെട്ടുപോയതെന്നും, വിശ്വാസത്തിൽ ആഴപ്പെടാഞ്ഞതെന്നും അവൾ സമ്മതിക്കുന്നു.

ഹൈസ്കൂളിൽ എത്തിയപ്പോൾതന്നെ സ്വവർഗ ബന്ധങ്ങളിലേക്ക് വഴുതിവീണു. മയക്കുമരുന്ന് പരീക്ഷിക്കാൻ ആരംഭിച്ചു. വിവിധ തരത്തിലുള്ള മയക്കുമരുന്നുകൾ അനുദിനം പരീക്ഷിക്കാൻ തുടങ്ങി. കഞ്ചാവ്, കൊക്കയിൻ തുടങ്ങിയ മയക്കുമരുന്നുകളുടെ ഉപയോഗം ഒഴിച്ചുകൂടാൻ പറ്റാതായി. ഹൈസ്കൂൾ കാലഘട്ടത്തിലാണ് ഇത്തരമൊരു ദുരന്തത്തിലേക്ക് അവൾ എത്തപ്പെട്ടത്.

ക്രിസ്തുവുമായി തനിക്ക് ഉറച്ച ബന്ധം ഇല്ലാഞ്ഞതിനാലാണ് താൻ തെറ്റായ സ്വാധീനങ്ങളാൽ നയിക്കപ്പെട്ടുപോയതെന്നും, വിശ്വാസത്തിൽ ആഴപ്പെടാഞ്ഞതെന്നും അവൾ സമ്മതിക്കുന്നു

എന്നാൽ, ആ അശുദ്ധ ബന്ധം വിഷലിപ്തവും മോശകരവുമായിരുന്നു. അധികം വൈകാതെതന്നെ ആ സ്വവർഗ വിവാഹ ബന്ധം തകർച്ചയുടെ വക്കിലെത്തി.

ബന്ധം പൂർണ തകർച്ചയിലെത്തിയ ഒരു ദിവസം മെലാനിയുടെ പെൺ സുഹൃത്ത് അവളെ വീട്ടിൽ നിന്നും പുറത്താക്കുകയും അവളുടെ വസ്ത്രങ്ങൾ അഴുക്ക് ചാലിലേക്ക് വലിച്ചെറിയുകയും ചെയ്തു. മെലാനിക്ക് ഒറ്റ ദിവസം കൊണ്ട് വീട് നഷ്ടപ്പെട്ടു. ജീവിത കാലം മുഴുവൻ കൂടെയുണ്ടാകും എന്ന് വിശ്വസിച്ച പെൺസുഹൃത്ത് നഷ്ടപ്പെട്ടു, അതുപോലെതന്നെ വരുമാനത്തിനുള്ള വഴിയും അടഞ്ഞു. രാത്രി കാലങ്ങളിൽ ഒരു കാറിൽ ഉറങ്ങേണ്ട അവസ്ഥയായി.



കോവിഡ് കാലത്ത് കാര്യങ്ങൾ കൂടുതൽ വഷളായി. ലോക്ഡൗണുകളും, സാമൂഹിക ഒറ്റപ്പെടലുകളും അവളെ സോഷ്യൽ മീഡിയയുടെ ലോകത്ത്, ടിക് ടോക്കിൽ കൊണ്ടുചെന്നെത്തിച്ചു. ഒരു മിനിറ്റ് വീഡിയോ, ഡാൻസ് ചലഞ്ചുകൾ, വൈറൽ ട്രെൻഡുകൾ, ക്വിക് വിഡിയോകൾ, എന്നിവയിൽ തുടങ്ങി; മന്ത്രവാദത്തിന്റെയും ബ്ലാക്ക് മാജിക്കിന്റെയും കേന്ദ്രമായി അവളുടെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം മാറി. മരണത്തെ ആരാധിക്കുന്ന, സാത്താനിസ്റ്റായ ഒരു പെൺകുട്ടിയെ കണ്ടുമുട്ടിയതിനുശേഷം മന്ത്രവാദത്തിലേക്ക് കൂടുതൽ ആഴത്തിൽ പോകാൻ തുടങ്ങി. സ്വവർഗ അനുരാഗിയായ അവളുമായുള്ള ബന്ധം ശക്തമായപ്പോൾ ഒടുവിൽ ആ പെൺകുട്ടിയെ തന്നെ വിവാഹം കഴിച്ചു.

എല്ലാം നഷ്ടപ്പെട്ടതോടെ മെലാനി കടുത്ത വിഷാദത്തിന്റ പിടിയിലമർന്നു. അനുദിനം അവൾ ആത്മഹത്യയെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി. മയക്കുമരുന്നുകൾ കൂടുതലായി ഉപയോഗിക്കാനും, പല തരത്തിലുള്ള ആത്മീയ മന്ത്രങ്ങളും പരീക്ഷിച്ചു. ഒന്നും തന്നെ ഫലംകണ്ടില്ല. ചികിത്സകളും ഫലിച്ചില്ല. ആത്മഹത്യ ചെയ്യാനായി ഒരു കുപ്പിനിറയെ ഗുളികകളുമായി അവൾ തുനിഞ്ഞിറങ്ങി.

അപ്രതീക്ഷിതമായി അവളെത്തേടിയെത്തിയ ഒരു മെയിൽ കാര്യങ്ങൾ മാറ്റിമറിച്ചു. ഉടനെ തന്നെ ഒരു പുസ്തകം വാങ്ങി വായിക്കുക എന്നതായിരുന്നു ആ വിചിത്രമായ മെയിലിലെ സന്ദേശം. അവൾ തൊട്ടടുത്തുള്ള പുസ്തക ഷോപ്പിൽ കയറി. കൈയിൽ ആകെയുണ്ടായിരുന്നത് വെറും അഞ്ച് ഡോളർ മാത്രമായിരുന്നു. കടയിലെ ഒട്ടുമിക്ക പുസ്തകങ്ങൾക്കും അൻപത് ഡോളറിന് മുകളിലായിരുന്നു വില. അവസാനം ഒരു പുസ്തകത്തിൽ അവളുടെ കണ്ണുടക്കി. ഒരു ഡോളർ മാത്രം വിലയുള്ള ഒരു 'പുതിയ നിയമ ഗ്രന്ഥം' *(ബൈബിൾ പുതിയനിയമം)* ആയിരുന്നു അത്. ഒരു ഡോളറിന് ഒരു ചോക്ലേറ്റ് പോലും കിട്ടില്ലെന്നറിയാമായിരുന്ന മെലാനി റിവാസ് ആ പുതിയ നിയമ ഗ്രന്ഥം വാങ്ങി കാറിലേക്ക് മടങ്ങി.

കാറിലിരുന്നുകൊണ്ട് അവൾ പുതിയ നിയമ ഗ്രന്ഥം തുറന്നു. തനിക്ക് ചുറ്റുമുള്ള ലോകം മാറിമറിയുന്ന അവിസ്മരണീയമായ അനുഭവത്തിലേക്ക് റിവാസ് എടുത്തെറിയപ്പെട്ടു. പുതിയ നിയമം വായിച്ചുകൊണ്ടിരിക്കെ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അവൾ പറഞ്ഞു "ആ അവസ്ഥ എങ്ങനെ വിശദീകരിക്കണം എന്ന് എനിക്കറിയില്ല; പുസ്തകം തുറന്ന ഉടനെ എന്റെയുള്ളിൽ ഊഷ്മളമായ സ്നേഹം അനുഭവപ്പെട്ടു തുടങ്ങി, പരിശുദ്ധാത്മാവിന്റ ശക്തി എനിക്കനുഭവപ്പെട്ടു." മുന്നോട്ടുള്ള തന്റെ ജീവിതത്തിന്റ ഗതി മാറ്റിമറിക്കുന്ന ഒരു തീരുമാനം അവൾ കൈക്കൊണ്ടു. തന്റെ ഇനിയുള്ള ജീവിതം പൂർണമായും യേശുവിനുള്ളതായിരിക്കും എന്നവൾ ഉറച്ച തീരുമാനമെടുത്തു.

ദൈവവുമായുള്ള ഒരു കൂടിക്കാഴ്ചയാണ് തന്നെ സ്വാധീനിച്ചത്. തന്റെ ജീവിതം പൂർണമായും അവനു സമർപ്പിച്ചുവെന്നും ഇപ്പോൾ സോഷ്യൽ മീഡിയയിൽ ലോകമെങ്ങുമുള്ള യുവജനങ്ങൾക്കായി സുവിശേഷ സന്ദേശം പ്രഘോഷിക്കാൻ സമയം ചെലവഴിക്കുന്നുവെന്നും റിവാസ് പറയുന്നു. ഈ അടുത്ത സമയത്ത് അവളുടെ ജീവിതസാക്ഷ്യത്തിന്റ ഇൻസ്റ്റാഗ്രാം സ്റ്റോറി കണ്ടത് ഏകദേശം 4,00,000 പേരാണ്.

മയക്കുമരുന്ന്, ലൈംഗികത, മദ്യം എന്നിവയിൽ ഉത്തരങ്ങൾ വാഗ്ദാനം ചെയ്യുന്ന ഒരു ലോകം നിങ്ങൾക്ക് നാശമേ നൽകൂ എന്നതിനാൽ ദൈവത്തിലേക്ക് തിരിയാൻ അവൾ GEN Zകളെ പ്രോത്സാഹിപ്പിക്കുന്നു. യഥാർഥ സമാധാനം യേശുവിൽ നിന്നു മാത്രമേ വരുന്നുള്ളൂവെന്ന് റിവാസ് പറയുന്നു. അനേകം യുവജനങ്ങളുടെ മനസാന്തരത്തിന് തന്റെ ജീവിതസാക്ഷ്യം കാരണമാകുമെന്ന് അവൾ പ്രതീക്ഷിക്കുന്നു.



സ്പോർട്സും വിശ്വാസവും - ജോബി ബേബി, കുവൈറ്റ്

# വിശ്വാസം + ആത്മവിശ്വാസം = സഞ്ജു സാംസൺ

ആടിയും ഉലഞ്ഞും നീങ്ങിയ കളിജീവിതത്തിന് മനോഹരമായ ഇന്നിങ്സുകൊണ്ട് സഞ്ജു സാംസൺ മുദ്ര ചാർത്തിയിരിക്കുന്നു. വിമർശനത്തിന്റെ കൂരമ്പുകളും പരിഹാസ ചിരികളും കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ സഞ്ജുവെന്ന മലയാളി ക്രിക്കറ്റ് താരം മറവികളിലേക്ക് മായ്ച്ചു. പത്തുവർഷത്തെ കാത്തിരിപ്പിനൊടുവിൽ കരിയറിലെ ഏറ്റവും മികച്ച ഇന്നിങ്സുമായി സഞ്ജു സാംസൺ. ട്വന്റി 20 ലോകകപ്പ് ക്വാർട്ടർ ഫൈനലിൽ വെസ്റ്റ് ഇൻഡീസിനെതിരെ പുറത്താകാതെ കേവലം 50 പന്തിൽ 97 റൺസെടുത്ത സഞ്ജുവിന്റെ ഒറ്റയാൾ പോരാട്ടമാണ് ഇന്ത്യയെ സെമിയിലെത്തിച്ചത്. 196 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ, അഞ്ച് വിക്കറ്റിന്റെ തകർപ്പൻ വിജയമാണ് സ്വന്തമാക്കിയത്.

'ദൈവത്തിന്റെ സ്വന്തം നാട്ടിൽ' നിന്നുള്ളവനെ കുറിച്ചുള്ള ദൈവത്തിന്റെ ഒരു പ്ലാൻ !

## പ്ലെയർ ഓഫ് ദി മാച്ച് പുരസ്കാരം ഏറ്റുവാങ്ങിയ ശേഷം സഞ്ജു നടത്തിയ പ്രസംഗം

"ക്രിക്കറ്റ് കളിക്കാൻ തുടങ്ങിയ അന്ന് മുതൽ രാജ്യത്തിനുവേണ്ടി കളിക്കണമെന്ന സ്വപ്നം കണ്ടിരുന്ന ഞാൻ ഈ ദിവസത്തിനുവേണ്ടിയായിരുന്നു കാത്തിരുന്നത്. ഞാൻ വളരെയധികം നന്ദിയുള്ളവനാണ്. ഉയർച്ച താഴ്ചകൾ നിറഞ്ഞതായിരുന്നു എന്റെ യാത്ര. എനിക്ക് സാധിക്കുമോ എന്ന കാര്യത്തിൽ പലപ്പോഴും ഞാൻ എന്നെത്തന്നെ സംശയിച്ചിരുന്നു. എങ്കിലും ഞാൻ വിശ്വസിച്ചു. ഞാൻ വലിയൊരു വിശ്വാസിയാണ്, അത് തികച്ചും വ്യക്തിപരമായി സൂക്ഷിക്കാനാണ് എനിക്കിഷ്ടം. എന്നെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രത്യേകതയുള്ള ഒരു നിമിഷമാണ്. ഇന്ന് എന്നെ അനുഗ്രഹിച്ചതിന് ദൈവത്തിന് നന്ദി പറയുന്നു. കൃത്യമായ ഇടവേളകളിൽ വിക്കറ്റുകൾ നഷ്ടപ്പെട്ടത് കാര്യങ്ങൾ അല്പം വെല്ലുവിളിയുയർത്തുന്നതാക്കി മാറ്റി. എനിക്ക് നല്ലൊരു തുടക്കം ലഭിച്ചു, സാധാരണ ഗതിയിൽ അത്തരമൊരു തുടക്കം കിട്ടിയാൽ കളിയിൽ ആധിപത്യം സ്ഥാപിക്കാനും ഒന്നോ രണ്ടോ ഓവറുകൾക്കുള്ളിൽ മത്സരം അവസാനിപ്പിക്കാനുമാണ് ഞാൻ ആഗ്രഹിക്കാറുള്ളത്. എന്നാൽ, വിക്കറ്റുകൾ തുടർച്ചയായി വീണുകൊണ്ടിരുന്നപ്പോൾ, ഈ കളി തന്നെ പൂർത്തിയാക്കേണ്ടതുണ്ടെന്ന് എനിക്കുതോന്നി. മത്സരം അവസാന നിമിഷം വരെ കൊണ്ടുപോകണമെന്ന് ഞാൻ ഉറപ്പിച്ചു, അതുതന്നെയാണ് സംഭവിക്കുകയും ചെയ്തത്".

## "ഞാൻ വലിയൊരു വിശ്വാസിയാണ്"

ഇന്ത്യയെ വിജയത്തിലെത്തിച്ചശേഷം ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് ഗ്രൗണ്ടിൽ സഞ്ജു നടത്തിയ അംഗവിക്ഷേപം സമൂഹമാധ്യമങ്ങളിൽ വൈറലാണ്. ബാറ്റ് താഴെവച്ച്, ഗ്രൗണ്ടിൽ മുട്ടുകുത്തി, ആകാശത്തേക്കു കണ്ണുകളുയർത്തി, ആദ്യം രണ്ടു കൈകളും മുകളിലേക്ക് ഉയർത്തി. പിന്നീട് കൈകൂപ്പി, കുരിശ് വരച്ച് എഴുന്നേറ്റു. സഞ്ജുവിന്റെ

മുഖത്ത് വിരിഞ്ഞ വിജയച്ചിരി ഒപ്പിയെടുക്കാൻ മത്സരിക്കുകയായിരുന്നു ക്യാമറക്കണ്ണുകൾ. ഐസിസി പങ്കുവച്ച ഈ വിഡിയോ ഇൻസ്റ്റഗ്രാമിൽ മാത്രം രണ്ടരക്കോടിയോളം ആളുകളാണ് ഇതുവരെ കണ്ടത്. ബിസിസിഐ പങ്കുവച്ച ഇതിന്റെ ചിത്രങ്ങൾക്കും മികച്ച പ്രതികരണമാണ് ലഭിച്ചത്. പലരുടെയും ഇൻസ്റ്റഗ്രാം, വാട്സാപ് സ്റ്റാറ്റസുകളായി ഈ ചിത്രം നിറഞ്ഞു. ഡ്രസിങ് റൂമിലെത്തിയശേഷവും ദൈവത്തിനു നന്ദി പറഞ്ഞ്, സഞ്ജു സാംസൺ മുട്ടുകുത്തി പ്രാർഥിച്ചു. ഇതിന്റെ ദൃശ്യങ്ങളും പുറത്തുവന്നു. തന്റെ കരിയർ ബെസ്റ്റ് ഇന്നിങ്സ് പുറത്തെടുക്കാൻ സഹായിച്ച ബാറ്റിനെ താരം ചുംബിക്കുകയും ചെയ്തു. മത്സരശേഷം ഡിജിറ്റൽ ബ്രോഡ്കാസ്റ്റർക്ക് നൽകിയ അഭിമുഖത്തിൽ ഇതിനെക്കുറിച്ച് സഞ്ജു വിശദീകരിച്ചു."വളരെ സവിശേഷമായ നിമിഷമായിരുന്നു അത്. ഞാൻ വലിയൊരു വിശ്വാസിയാണ്, അത് വളരെ സ്വകാര്യമായി സൂക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് എനിക്ക് വളരെ പ്രത്യേകതയുള്ള നിമിഷമാണ്." മുൻ ഇന്ത്യൻ താരം പാർഥിവ് പട്ടേലുമായുള്ള അഭിമുഖത്തിൽ സഞ്ജു പറഞ്ഞു.

## വിമർശനങ്ങൾക്കുള്ള മറുപടി

ഫോമില്ലായ്മയുടെ പേരിലെ നിരന്തരമായ വിമർശനങ്ങൾക്കും കുറ്റപ്പെടുത്തലുകൾക്കുമിടയിലൂടെയാണ് സഞ്ജു വിശ്വനാഥ് സാംസൺ ഈഡൻ ഗാർഡൻസിൽ കളിക്കാനിറങ്ങിയത്. അതും തോറ്റാൽ ടീം ലോകകപ്പ് സെമി കാണാതെ പുറത്താവുമെന്ന അതിനിർണായകസാഹചര്യം. മുന്നിൽ കരീബിയൻ കരുത്തർ ഉയർത്തിയ 196 റൺസെന്ന റൺമല. ഏത് താരവും സമ്മർദത്തിന് അടിപ്പെടുന്ന നിമിഷം. ഫോമില്ലാതെ ഉഴറുന്ന, ടീമിലെ സ്ഥാനം തന്നെ പ്രതിസന്ധിയിൽ നിൽക്കുന്ന ഒരു താരത്തിന് എങ്ങനെ അത് നേരിടാനാകും. പക്ഷേ സഞ്ജു ശാന്തനായിരുന്നു. കളിയുടെ മനഃശാസ്ത്രം മനസ്സിലാക്കിയ ഒരു പ്രൊഫഷണൽ ക്ലാസ്സ് ബാറ്ററുടെ അസാമാന്യ പ്രകടനമാണ് പിന്നീട് ക്രിക്കറ്റ് ലോകം കാണുന്നത്. ഇന്ത്യ വിജയ റൺ കുറിച്ച ആ നിമിഷത്തിൽ കമന്റേറ്ററും പറഞ്ഞു സഞ്ജു സ്പെഷ്യൽ സാംസൺ.

ന്യൂസീലാൻഡിനെതിരായ പരമ്പരയിൽ ഫോമിലല്ലാതിരുന്നതിനാൽ വിമർശനം നേരിടുകയും ലോകകപ്പിലെ ആദ്യ മത്സരത്തിൽ ടീമിന് പുറത്താവുകയുംചെയ്ത സഞ്ജുവിന്റെ എ പ്ലസ് ഇന്നിങ്സാണ് ഞായറാഴ്ച കണ്ടത്. അപകടകരമായ ഷോട്ടുകളിലേക്കൊന്നും കടക്കാതെ ടീമിന്റെ വിജയംമാത്രം ലക്ഷ്യമിട്ട് കൃത്യമായ ആസൂത്രണത്തോടെ കളിച്ച് വിജയംവരെയും ക്രീസിൽ തുടർന്നു. ഓപ്പണറായി ക്രീസിലെത്തിയ മലയാളിതാരം 12 ഫോറിന്റെയും നാലു സിക്സിന്റെയും അകമ്പടിയോടെയാണ് 97 റൺസിലെത്തിയത്. വിജയറണ്ണും അതേ ബാറ്റിൽനിന്നായി. അനാവശ്യമായ ഷോട്ടുകൾക്ക് മുതിരാതെ കളിയുടെ പ്രാധാന്യം മനസ്സിലാക്കി കളിച്ച ക്ലാസ്സ് ഇന്നിങ്സായിരുന്നു മലയാളി താരത്തിന്റേത്. ഒരു ഘട്ടത്തിലും സമ്മർദത്തിനടിപ്പെട്ടില്ല. അതിന്റെ ഒരു സൂചനയും സഞ്ജുവിൽ കണ്ടതുമില്ല. അപകടകരമായ പന്തുകളെ അതിനനുസരിച്ച് നേരിട്ടാണ് സഞ്ജു ഇന്ത്യയെ മുന്നോട്ടുനയിച്ചത്. ചേസിങ്ങിൽ ഇത്രയും പെർഫക്ഷനോടെ ഒരുപക്ഷേ സഞ്ജു കളിച്ചിട്ടുണ്ടാകില്ല. ഒപ്പം വന്നവർ നിരനിരയായി കൂടാരം കയറുമ്പോഴും ശാന്തനായി സഞ്ജു മറുവശത്ത് നിലയുറപ്പിച്ചു. ടീമിന് വിജയിച്ചേ മതിയാവൂ എന്നതിനാൽ തളരാതെ പോരാടിക്കൊണ്ടേയിരുന്നു. ഒടുക്കം വിജയറൺ കുറിച്ച് ഇന്ത്യൻ ഡഗൗട്ടിലേക്ക് നടക്കുമ്പോൾ സ്റ്റേഡിയത്തിൽ നിന്ന് നിലയ്ക്കാതെ കൈയടികളുയർത്തി. ക്യാപ്റ്റനും സഹതാരങ്ങളും വാരിപ്പുണർന്നു. കാലംകാത്തുവച്ച ഇന്നിങ്സ്.

തന്റെ കരിയറിലെ ഓരോ നേട്ടവും സ്വന്തം കഴിവിനേക്കാളുപരി ദൈവികമായ ഇടപെടലാണെന്ന് വിശ്വസിക്കുന്ന സഞ്ജു, "സൈന്യബലത്താലല്ല, കരബലത്താലുമല്ല, ദൈവത്തിന്റെ ആത്മാവിനാലാണ് വിജയങ്ങൾ സംഭവിക്കുന്നത്" എന്ന വചനത്തെ ഓർമിപ്പിക്കും വിധമാണ് വിജയലഹരിക്കിടയിലും വിനയത്തോടെ പെരുമാറിയത്. മുൻപത്തേക്കാൾ ഏറെ ആത്മവിശ്വാസത്തോടെ തന്റെ ക്രൈസ്തവ വിശ്വാസം പരസ്യമായി പ്രഖ്യാപിച്ച താരം, പ്രതിസന്ധികളിൽ തളരാതെ മുന്നോട്ടുപോകാൻ തനിക്ക് കരുത്ത് പകരുന്നത് ഈ വിശ്വാസമാണെന്ന് തന്റെ പ്രവൃത്തിയിലൂടെ ലോകത്തിന് കാട്ടിക്കൊടുത്തു. വിജയത്തിനുശേഷം സ്രഷ്ടാവിനെ സ്മരിച്ച സഞ്ജുവിന്റെ ഈ വിനയപൂർവമായ സമർപ്പണം ആരാധകർക്കിടയിൽ വലിയ തരംഗമാണ് സൃഷ്ടിച്ചിരിക്കുന്നത്.



# തുക്കുബൊരി

മിഷണറി ജീവിതങ്ങളുടെ ഉജ്ജ്വലവും
ഹൃദയസ്പർശിയുമായ
എത്രയോ അനുഭവങ്ങൾ നമുക്കുചുറ്റും.
ജോഫിന്റെ അനുഭവങ്ങളുടെ
ഈ വായന നമ്മെയും പ്രചോദിപ്പിക്കും.



'മനുഷ്യൻ പലതും ആലോചിച്ചുവയ്ക്കുന്നു; നടപ്പിൽ വരുന്നത് കർത്താവിന്റെ തീരുമാന മാണ് (സുഭാ 19, 21).

ഒരു ഫാമിലിമിഷനു പോകുകയെന്നത് ഞങ്ങളുടെ വളരെക്കാലമായി ഉണ്ടായിരുന്ന ഒരു സ്വപ്നമായിരുന്നു. ഞാനും ഭാര്യയും കുട്ടികളും പലപ്പോഴും പ്രാർഥിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ, ജീവിതത്തിലെ പ്രതിസന്ധികളും അപ്രതീക്ഷിത വഴിത്തിരിവുകളും ഈ ദൗത്യം നിറവേറ്റുന്നതിൽ നിന്ന് ഞങ്ങളെ പലപ്പോഴും തടഞ്ഞു.

ഒരു ആഫ്രിക്കൻ മിഷനായി ഞങ്ങൾ വളരെക്കാലമായി ആഗ്രഹിച്ചിരുന്നെങ്കിലും, അതൊരിക്കലും യാഥാർഥ്യമായില്ല. ഒടുവിൽ കഴിഞ്ഞ വർഷം ഓഗസ്റ്റിൽ, ഞങ്ങൾ പോകാൻ തീരുമാനിച്ചു – പക്ഷേ ഞങ്ങളുടെ ഇളയ മകൻ ജോണിന്റെ പ്ലേറ്റ്ലെറ്റ് കൗണ്ട് കുറയുന്നത് ഞങ്ങളെ ആശങ്കയിലാക്കി. മലേറിയയുടെയും മഞ്ഞപ്പനി വാക്സിനേഷന്റെയും സാധ്യത കണക്കിലെടുത്ത് ആഫ്രിക്കയിലേക്ക് യാത്ര ചെയ്യുന്നതിനെ ഡോക്ടർമാർ എതിർത്തു.

## ദൈവം വഴിതിരിച്ചു വിട്ടപ്പോൾ

"കർത്താവിൽ പൂർണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക; സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്; നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ; അവിടന്ന് നിനക്ക് വഴി തെളിച്ചുതരും" (സുഭാ 3, 5–6).

ഞങ്ങൾ ആഫ്രിക്കൻ മിഷനിൽ മനസ്സുറപ്പിച്ചിരുന്നെങ്കിലും, ഞങ്ങളുടെ പദ്ധതികൾ ദൈവത്തിന് സമർപ്പിച്ചു, അവൻ ആഗ്രഹിക്കുന്നിടത്തേക്ക് ഞങ്ങളെ അയയ്ക്കണമെന്ന് പ്രാർഥിച്ചു. താമസിയാതെ, അവൻ ഒരു പുതിയ വാതിൽ തുറന്നു–ഇന്ത്യയിൽ അസമിലെ വടക്കുകിഴക്കൻ പ്രദേശത്തേക്ക് മിഷൻ ദൗത്യവുമായി ഞങ്ങൾക്ക് എത്തിച്ചേരാൻ സാധിച്ചു.

അത്ഭുതകരമെന്നു പറയട്ടെ, ഞങ്ങളുടെ പദ്ധതി മാറ്റിയപ്പോൾ, ജോണിന്റെ അടുത്ത



ലാബ് റിപ്പോർട്ടിൽ പ്ലേറ്റ്ലെറ്റ് കൗണ്ടിൽ ഗണ്യമായ പുരോഗതി ഉണ്ടായി. ദൈവം ഒരു അത്ഭുതത്തിലൂടെ തന്റെ ഇഷ്ടം സ്ഥിരീകരിച്ചതുപോലെയായിരുന്നു അത്. ചിലപ്പോൾ ദൈവം നമ്മെ വഴിതിരിച്ചുവിടുന്നത് നമ്മെ തള്ളിക്കളയാനല്ല, മറിച്ച് അവന്റെ മഹത്തായ പദ്ധതിയിലേക്ക് നമ്മെ നയിക്കാനാണെന്ന് ഞങ്ങൾ മനസ്സിലാക്കി.

## തുങ്കുബാരി– അസമിലെ കൃപയുടെ ഒരു ഗ്രാമം

"കൊയ്ത്തു വളരെ; വേലക്കാരോ ചുരുക്കം. അതിനാൽ കൊയ്ത്തിനു വേലക്കാരെ അയക്കുവാൻ കൊയ്ത്തിന്റെ നാഥനോടു നിങ്ങൾ പ്രാർഥിക്കുവിൻ" (ലൂക്കാ 10, 2).

ബൊംഗാഗോൺ രൂപതയിൽ സ്ഥിതിചെയ്യുന്ന തുങ്കുബാരി എന്ന ചെറുതും മനോഹരവുമായ ഒരു ഗ്രാമമായിരുന്നു ഞങ്ങളുടെ മിഷൻ പ്രദേശം. സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസിയുടെ ചൈതന്യമുൾക്കൊണ്ട് ലളിതവും പ്രചോദനാത്മകവുമായ ജീവിതം നയിക്കുന്ന രണ്ട് കപ്പൂച്ചിൻ വൈദികരോടൊപ്പമാണ് ഞങ്ങൾ താമസിച്ചത്. അവരുടെ 'ആശ്രമം' ഒരു ചാപ്പൽ, പ്രധാന പള്ളി, സ്കൂൾ, പക്ഷികൾ, മൃഗങ്ങൾ, എല്ലാം ചേർന്ന പ്രകൃതിയുടെ ശാന്തമായ സൗന്ദര്യം നിറഞ്ഞുനിൽക്കുന്ന ഇടമായിരുന്നു. പ്രാർഥനയ്ക്കും ധ്യാനത്തിനും അനുയോജ്യമായ ഒരു സ്ഥലം.

ഇടവകയിലെ ചിതറിക്കിടക്കുന്ന ചുരുക്കം ചില യുവാക്കളെ കൂട്ടിക്കൊണ്ടാണ് ഞങ്ങൾ ദൗത്യം ആരംഭിച്ചത്. എല്ലാ വൈകുന്നേരവും, പള്ളിയിൽ ഞങ്ങൾ ജപമാല കൂട്ടായ്മകൾ നടത്തി. അവിടെ കുട്ടികളും യുവാക്കളും സന്തോഷത്തോടെ പാട്ടും നൃത്തവും പങ്കുവയ്ക്കലുമായി ഒത്തുകൂടി. വിശ്വാസവും കൂട്ടായ്മയുംകൊണ്ട് ഇടവക പതുക്കെ സജീവമായി.

## യുവ ഹൃദയങ്ങളിലേക്കുള്ള എത്തിച്ചേരൽ

"ശിശുക്കളെ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ; അവരെ തടയരുത് എന്തെന്നാൽ, സ്വർഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്" (മത്താ 19, 14).

ഒരു ദിവസം ഞങ്ങൾ അടുത്തുള്ള ഹൈസ്കൂൾ സന്ദർശിച്ചു. ഭയമില്ലാതെ പരീക്ഷകളെ നേരിടുന്നതിനെക്കുറിച്ചും ദൈവത്തിൽ ആശ്രയിക്കുന്നതിനെക്കുറിച്ചും പഠനകാലത്ത് അവരുടെ ഹൃദയങ്ങളിൽ സന്തോഷം നിലനിർത്തുന്നതിനെക്കുറിച്ചും അവരുടെ വാല്യൂ എജുക്കേഷൻ പിരീഡിൽ ഞങ്ങൾ വിദ്യാർഥികളോട് സംസാരിച്ചു. കുട്ടികൾ ശ്രദ്ധയോടെ കേൾക്കുകയും സന്തോഷത്തോടെ ഞങ്ങളോട് പ്രതികരിക്കുകയും ചെയ്തു. ദൈവസ്നേഹത്തോട് യുവഹൃദയങ്ങൾ എത്രത്തോളം തുറവി ഉള്ളതാണെന്ന ബോധ്യം ഈ അനുഭവം ഞങ്ങളിൽ ഊട്ടിയുറപ്പിച്ചു.

## ഗ്രാമങ്ങളിൽ – ദൈവം കാത്തിരുന്നു

"നിങ്ങൾ ഏതു വീട്ടിൽ പ്രവേശിച്ചാലും, ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആശംസിക്കണം" (ലൂക്കാ 10, 5).



ഓരോ ദിവസവും ഉച്ചതിരിഞ്ഞും, ആ ഇടവകയിലെ മതബോധന അധ്യാപകരിൽ ഒരാളായ തോമസ് എന്ന സഹോദരനോടൊപ്പം പിലി–പിലി (ഒരു ഓട്ടോറിക്ഷയ്ക്ക് സമാനമായത്) എന്ന ചെറിയ പ്രാദേശിക വാഹനത്തിൽ ഞങ്ങൾ അടുത്തുള്ള ഗ്രാമങ്ങളിലേക്ക് യാത്ര ചെയ്തു. വിവിധ ഗോത്രങ്ങളിൽപ്പെട്ട ആളുകൾ ഊഷ്മളമായ പുഞ്ചിരിയോടെയും തുറന്ന ഹൃദയത്തോടെയും ഞങ്ങളെ സ്വീകരിച്ചു. ഞങ്ങൾ ആ കുടുംബങ്ങങ്ങൾക്കൊപ്പം പ്രാർഥിച്ചു, അവരുടെ വിശേഷങ്ങൾ കേട്ടു, ദൈവം അവരെ ആഴമായി സ്നേഹിക്കുന്നുവെന്ന് അവരോട് പറഞ്ഞു.

അവരുടെ എളിമയും സ്നേഹവും ഞങ്ങളെ ആഴത്തിൽ സ്പർശിച്ചു. ഖത്തറിൽ നിന്ന് ഇത്രയും ദൂരം അവരെ സന്ദർശിക്കാൻ ഞങ്ങൾ എന്തിനാണ് വന്നതെന്ന് പലരും ചോദിച്ചു. "ദൈവം നിങ്ങളെ വളരെയധികം സ്നേഹിക്കുന്നതിനാലാണ് ഞങ്ങളെ ഇങ്ങോട്ട് അയച്ചതെന്ന് ഞങ്ങൾ പറഞ്ഞു."

ആഫ്രിക്കയിൽ എത്താൻ കഴിയാത്തതിന്റെ നിരാശയായി തുടങ്ങിയത്, ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശങ്ങളിൽ അനുഗ്രഹപ്രദമായ കൂടിക്കാഴ്ചകളിലേക്കും കൂട്ടായ്മകളിലേക്കും വഴിമാറിയെന്നതാണ്.

## ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന സാക്ഷികളെ കണ്ടുമുട്ടിയപ്പോൾ

"സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം! എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നത്" (റോമാ 10, 15).

രൂപതയിലുടനീളമുള്ള വിദൂര ഇടവകകളിൽ സേവനമനുഷ്ഠിക്കുന്ന നിരവധി പുരോഹിതന്മാരെയും സന്യസ്തരെയും ഞങ്ങൾ കണ്ടുമുട്ടി. ചിലർ 30 വർഷത്തിലേറെയായി അവിടെ ശുശ്രൂഷ ചെയ്യുന്നു. അവരുടെ ത്യാഗത്തിന്റെയും പ്രതിബദ്ധതയുടെയും കഥകൾ ഞങ്ങളെ ആഴത്തിൽ സ്പർശിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു. ഒരു ദിവസം അസം ചാപ്ലെയിൻ ഫാ. അബിൻ ജേക്കബ് OFM Cap ദീർഘനേരം യാത്ര ചെയ്തതിനുശേഷം ഞങ്ങളെ സന്ദർശിച്ചു. അദ്ദേഹത്തിന്റെ യൗവനവും സുവിശേഷ പ്രഘോഷത്തിനായുള്ള സമർപ്പണവും ഞങ്ങൾക്ക് പ്രചോദനം നൽകി.
ദൈവത്തിന്റെ മിഷൻ മേഖലകൾ ദൂരത്തിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച്, സേവിക്കാൻ തയ്യാറുള്ള ഹൃദയങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് ഞങ്ങൾ മനസ്സിലാക്കി.

## ഭൂട്ടാന്റെ ഒരു സ്പർശം

"ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28, 19).

അസമിലെ ജീസസ് യൂത്ത് ആനിമേറ്റർ സിസ്റ്റർ സൗമ്യ CMCയോടൊപ്പം ഭൂട്ടാൻ സന്ദർശിക്കാനുള്ള ഒരു അപൂർവ അവസരവും ഞങ്ങൾക്ക് ലഭിച്ചു. അവിടെ, ആ പ്രദേശത്തെ ആദ്യത്തെ കത്തോലിക്കാ കുടുംബത്തെ ഞങ്ങൾ കണ്ടുമുട്ടി. അവരുടെ വിശ്വാസം ശക്തവും ലളിതവുമായിരുന്നു; അവരുടെ വീട്ടിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഒരു ചെറിയ ചാപ്പൽ പോലുമുണ്ടായിരുന്നു. അവരുടെ കഥ കേൾക്കുന്നത് പുതിയ മണ്ണിൽ വിശ്വാസത്തിന്റെ വിത്ത് പാകുന്നത് കാണുന്നതുപോലെയായിരുന്നു – സുവിശേഷം നിശ്ശബ്ദമായി എന്നാൽ ശക്തമായി പടരുന്നതിന്റെ ജീവിക്കുന്ന സാക്ഷ്യം.



ചിലപ്പോൾ ദൈവം നമ്മെ വഴിതിരിച്ചുവിടുന്നത് നമ്മെ തള്ളികളയാനല്ല, മറിച്ച് അവന്റെ മഹത്തായ പദ്ധതിയിലേക്ക് നമ്മെ നയിക്കാനാണെന്ന് ഞങ്ങൾ മനസ്സിലാക്കി.

## യുവാക്കൾക്കിടയിൽ ഒരു പുതിയ അഗ്നി

"എന്തെന്നാൽ, രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത്അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്താ 18, 20).

പോകുന്നതിനുമുമ്പ്, ഇടവകയിലെ മറ്റ് അംഗങ്ങളായ ഫാ. ബിജു അടക്കാപ്പാറ OFM Cap (ഇടവക വികാരി), ഫാ. ജോർളിൻ കുമ്പിളിമൂട്ടിൽ OFM Cap (യൂത്ത് ഇൻ-ചാർജ്), സിസ്റ്റർ പുഷ്പ SCV എന്നിവരുടെ പിന്തുണയോടെ ഞങ്ങൾ ആദ്യത്തെ ജീസസ് യൂത്ത് സമ്മേളനം സംഘടിപ്പിച്ചു. വ്യത്യസ്ത ഗോത്രങ്ങളിൽ നിന്നും സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നുമുള്ള പലരും ഇതിൽ പങ്കെടുത്തു.

ആദ്യമായി, ക്രിസ്തുവിൽ ഒരു കുടുംബമായി അവർ ഒരുമിച്ച് പ്രാർഥിക്കുകയും പാടുകയും നൃത്തം ചെയ്യുകയും ചെയ്തു. അനുഗ്രഹത്തിന്റെ ഒരു പ്രത്യേക അടയാളം ആ വൈകുന്നേരം സംഭവിച്ചു – ആ പ്രദേശത്ത് ഇടയ്ക്കിടെ വൈദ്യുതി മുടക്കം സാധാരണമായിരുന്നെങ്കിലും. ഞങ്ങളുടെ ഇടയിൽ ദൈവത്തിന്റെ സാന്നിധ്യവും സന്തോഷവും ഞങ്ങൾക്ക് ശരിക്കും അനുഭവപ്പെട്ടു.

## ഒരു സ്വർഗീയ വിടവാങ്ങൽ

"കാറ്റ് അതിനിഷ്ടമുളളിടത്തേക്കു വീശുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു. എന്നാൽ, അത് എവിടെനിന്നു വരുന്നെന്നോ എവിടേക്കു പോകുന്നെന്നോ നീ അറിയുന്നില്ല. ഇതുപോലെയാണ് ആത്മാവിൽനിന്നു ജനിക്കുന്ന ഏവനും" (യോഹ 3, 8).

ഞങ്ങൾ പോയ ദിവസം രാവിലെ, ഫാ. ബിജു ഞങ്ങളെ ഗുവാഹത്തിയിലേക്ക് കൊണ്ടുപോകുമ്പോൾ, പെട്ടെന്ന് ഒരു കാറ്റ് (സാധാരണയായി ചില മരിയൻ ദർശനങ്ങളിൽ കാണാറുണ്ട്) ഗ്രാമത്തിലൂടെ വീശിയടിച്ചു – ആ പ്രദേശത്ത് അപൂർവമായ ഒന്ന്. ഞങ്ങൾ ഇടവക അതിർത്തി വിടുന്നതുവരെ അത് തുടർന്നു. 'നിങ്ങളുടെ ദൗത്യത്തിൽ ഞാൻ സന്തുഷ്ടനാണ്' എന്ന ദൈവത്തിന്റെ സൗമ്യമായ വാക്കുകളാണതെന്ന് ഞങ്ങൾക്ക് തോന്നി.

പിന്നീട്, ഞങ്ങൾ ഗുവാഹത്തി ജീസസ് യൂത്തിന്റെ മൂന്നാം ഞായറാഴ്ചകളിലെ ഒത്തുചേരലിൽ പങ്കുചേർന്നു, ക്യാമ്പസ് വിദ്യാർഥികളെ കണ്ടുമുട്ടുകയും കൂട്ടായ്മ പങ്കിടുകയും ചെയ്തു. വടക്കുകിഴക്കൻ ഇന്ത്യയിലെ യുവാക്കളിൽ വിശ്വാസത്തിന്റെ അഗ്നി സജീവമായി കാണുന്നത് വലിയൊരു അനുഭവം തന്നെയായിരുന്നു. ഞങ്ങളുടെ യാത്രയുടെ മനോഹരമായ ഒരു പര്യവസാനമായിരുന്നു അത്.

## ദൈവത്തിന്റെ പരിപൂർണ പദ്ധതി– യാത്ര തുടരുന്നു

'ഇതാ ഞാൻ. എന്നെ അയച്ചാലും !" (ഏശയ്യ 6, 8).

ആസാമിലേക്കുള്ള ഞങ്ങളുടെ ദൗത്യം ഞങ്ങളെ പഠിപ്പിച്ചത്, നമ്മുടെ പദ്ധതികൾ ഉപേക്ഷിക്കുമ്പോൾ, ദൈവം തന്റെ മികച്ച പദ്ധതികൾ വെളിപ്പെടുത്തുന്നു എന്നാണ്. ആഫ്രിക്കയിൽ എത്താൻ കഴിയാത്തതിന്റെ നിരാശയായി തുടങ്ങിയത്, ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശങ്ങളിൽ അനുഗ്രഹപ്രദമായ കൂടിക്കാഴ്ചകളിലേക്കും കൂട്ടായ്മകളിലേക്കും വഴിമാറിയെന്നതാണ്.

ഓരോ വെല്ലുവിളികളിലൂടെയും അവന്റെ വഴികൾ നമ്മുടേതിനേക്കാൾ ഉയർന്നതാണെന്നും അവന്റെ സമയം ഏറ്റവും അനുയോജ്യമാണെന്നും അവൻ കാണിച്ചുതന്നു. നന്ദിയോടെയും, പുതുക്കിയ വിശ്വാസത്തോടെയും, ദൈവം നമ്മെ എവിടേക്കയച്ചാലും അവിടത്തെ വേല ചെയ്യുക എന്ന ആഴമായ ബോധ്യത്തോടെ ഞങ്ങൾ വീട്ടിലേക്ക് മടങ്ങി.

"നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16, 15).

***ജോഫിൻ, നാഷണൽ കോ-ഓർഡിനേറ്റർ, ഖത്തർ. മലയാള പരിഭാഷ: സുജമോൾ ജോസ്, എറണാകുളം.***





ഫമിലിയ/വിചിന്തനം - സാജൻ സി എ




എങ്ങനെയെന്നാവും തലക്കെട്ട് കാണുമ്പോൾ ആദ്യമേ മനസ്സിൽ വരുന്ന ചോദ്യം. സംശയം വേണ്ട. ശാന്തമായി ജീവിക്കുന്ന ആളുകളോട് ചോദിച്ചാലറിയാം എങ്ങനെയാണ് ആ ശാന്തത അവരുടെ ജീവിതത്തിൽ ആരോഗ്യത്തെ സ്വാധീനിക്കുന്നതെന്ന്.

നല്ലൊരുദാഹരണം പറയാം. ലോകം അല്ലെങ്കിൽ മനുഷ്യരെല്ലാം ഇപ്പോൾ ഓടിക്കൊണ്ടിരിക്കുകയാണ് നടക്കുകയല്ല. കാരണം സമയമില്ല. ഒന്ന് നേരെ ചൊവ്വേ ഭക്ഷണം കഴിക്കാൻ പോലും സമയമില്ല. അടങ്ങിയിരുന്ന് സ്വസ്ഥതയോടെ ഭക്ഷണം കഴിക്കുന്ന രംഗം ഒന്ന് ആലോചിച്ചു നോക്കൂ. മുന്നിലെ പ്ലേറ്റിൽ ചോറുണ്ട് കറികൾ പലതുണ്ട്. ഒരു അച്ചിങ്ങ തോരൻ, ഒരു കഷണം മീൻ വറുത്തത്, ഒരു പപ്പടം, പിന്നെ ഒഴിച്ചുകൂട്ടാൻ സാമ്പാറുണ്ട്, മോരുമുണ്ട്. കുടിക്കാൻ ഗ്ലാസിൽ വെള്ളവും ഊണ് കഴിയുമ്പോൾ ഒരു പൈനാപ്പിൾ ജ്യൂസും ഉണ്ടെന്ന് കരുതുക. ചോറുണ്ണുമ്പോൾ ചോറാണ് നമ്മൾ കഴിക്കുന്നത് എന്നുമനസ്സിലാക്കി ഓരോ ഉരുള വായിലേക്ക് വയ്ക്കുമ്പോഴും അതിനെ ഒന്നറിഞ്ഞ് ഇഷ്ടപ്പെട്ട് കഴിക്കാം. ചവച്ചരച്ച് കഴിക്കാം. കറികൾ കൂട്ടുമ്പോഴും ഇതേ രീതിതന്നെ വേണം.

അറിഞ്ഞു കഴിക്കണം: എന്ത് കഴിക്കുന്നു, എങ്ങനെ കഴിക്കുന്നു, രുചി എന്താണ് ഇതൊക്കെ അറിഞ്ഞ് ആസ്വദിച്ചു ഒന്ന് കഴിച്ചു നോക്കാം. അപ്പോളറിയാം വ്യത്യാസം. ഭക്ഷണം കഴിക്കുമ്പോൾ പകുതി ദഹനം വായിൽ വച്ചുതന്നെ നടക്കണമെന്നാണ് പറയാറുള്ളത്. കാരണം വയറിനകത്തേക്ക് ചെന്നാൽ പിന്നെ ആന്തരിക അവയവങ്ങൾക്ക് (അവരെ മനുഷ്യരായി ഒന്ന് സങ്കൽപിച്ചു നോക്കൂ) പണി കുറയും. കാരണം പകുതി ദഹിച്ചാണ് അവരുടെ കൈകളിലേക്ക് ഭക്ഷണമെത്തുന്നത്. തന്നെയുമല്ല, വായിലെ ഉമിനീരുമായി കൂടിക്കലർന്ന് ചവച്ചരച്ചു കഴിക്കുമ്പോൾ തീർച്ചയായും പകുതി ദഹിച്ച ഭക്ഷണമാണ് വയറിനകത്തേക്ക് വരുന്നത്. പിന്നീട് അവിടെയുള്ള ദഹന രസവുമായി കൂടിക്കലർന്ന് ബാക്കി പ്രവർത്തനങ്ങൾ നടന്നു കൊള്ളും. വയറിന് നല്ല സുഖവും ശരീരത്തിന് ഉണർവും ഇത് പ്രദാനം ചെയ്യും. ചുരുക്കി പറഞ്ഞാൽ ശാന്തമായി ഇക്കാര്യങ്ങൾ ചെയ്യുമ്പോഴാണ് ഇതുപോലെയുള്ള അനുഭവങ്ങൾ നമുക്ക് ഉണ്ടാക്കിയെടുക്കാൻ ആകുന്നത്.

ഭക്ഷണം കഴിഞ്ഞ് ഉടനടി കുടിക്കാതെ ഒരു പത്തുമിനിറ്റ് കഴിഞ്ഞ് വെള്ളം കുടിക്കാൻ ശ്രമിച്ചുനോക്കൂ. അതും ശാന്തതയോടെ കാത്തിരുന്നാലേ കഴിയുകയുള്ളൂ. ധൃതിയിലാണെങ്കിൽ ഭക്ഷണം കഴിച്ച് തീരുമ്പോൾ തന്നെ നമ്മുടെ കൈകൾ ഗ്ലാസ്സിനടുത്തേക്ക് നീങ്ങും. ഭക്ഷണം ആമാശയത്തിലെത്തി അവിടത്തെ പ്രവർത്തനങ്ങൾ കഴിഞ്ഞ് നിൽക്കുന്ന നേരത്താണ് വെള്ളം കുടിക്കുന്നതെങ്കിൽ വീണ്ടും ദഹനത്തിന്റെ അവസാന പ്രവർത്തനങ്ങൾക്ക് ഈ വെള്ളം, യന്ത്രത്തിൽ എണ്ണ ഇടുന്നതുപോലെയുള്ള പ്രവർത്തന

തല്ലി പഴുപ്പിക്കരുത് എന്ന് നമ്മൾ കേട്ടിട്ടുണ്ട്. പ്യൂപ്പയിൽ നിന്ന് ശലഭത്തിലേക്ക് ഒരു കാത്തിരിപ്പിന്റെ നേരമുണ്ട്. ഒരു കുഞ്ഞു ജനിക്കാനും പത്തു മാസത്തെ കാത്തിരിപ്പ് അനിവാര്യമാണ്.

ത്തിന് സഹായകമാകും. ഉടനടി വെള്ളം ചെല്ലുമ്പോൾ സ്വാഭാവികമായി നടക്കേണ്ട ദഹനപ്രവർത്തനം ഡയല്യൂട്ട് ആവുകയും പ്രവർത്തനം വളരെ സാവധാനത്തിലാവുകയും ചെയ്യും. ശാന്തമായിട്ട് ചെയ്താലേ ഇക്കാര്യങ്ങൾ നടക്കൂ. ഇങ്ങനെ ശാന്തതയോടെ ഭക്ഷണകാര്യങ്ങളിൽ ശ്രദ്ധിക്കുമ്പോൾ ആരോഗ്യം നന്നാകുമെന്ന കാര്യത്തിൽ ഇനി ആർക്കാണ് സംശയമുണ്ടാവുക?

ദേഷ്യം വരുമ്പോഴും നമ്മുടെ കൺട്രോൾ വിട്ടു പെരുമാറേണ്ട അവസ്ഥ വരുമ്പോഴും ശാന്തത കൈവരിക്കാനായാൽ രംഗം വഷളാകില്ല എന്നുമാത്രമല്ല, ശാന്തതയുടെയും ക്ഷമയുടെയുമൊക്ക വിലമതിക്കാനാവാത്ത അനുഭവങ്ങൾ നമുക്കും ലഭ്യമാകും. കൺട്രോൾ നഷ്ടപ്പെടുന്ന വ്യക്തികൾക്ക് സ്വയം നിയന്ത്രിക്കാനാവുന്നില്ലയെന്നും അയാളുടെ വ്യക്തിത്വം അപ്രകാരമുള്ളതാണെന്നും നമ്മൾ മനസ്സിലാക്കുമ്പോൾ പ്രതികരിക്കാതെ ശാന്തമായിരിക്കാനും ആളുകളെ മനസ്സിലാക്കാനും നമുക്ക് കഴിയും. ഇവിടെ മനസ്സമാധാനവും ആനന്ദവും നിറയുന്ന സന്ദർഭങ്ങളാണ് രൂപപ്പെടുന്നത്. ആരോഗ്യത്തിന്റെ അടിസ്ഥാനം തന്നെ ഇതൊക്കെയല്ലേ!

അടുക്കളയിലെ കാര്യങ്ങളിലാണെങ്കിലും ശാന്തതയോടെ കാര്യങ്ങൾ ചെയ്യുമ്പോൾ രൂപപ്പെട്ട്, പാകപ്പെട്ടു വരുന്ന വിഭവങ്ങൾ വേറെ ലെവൽ ആയിരിക്കും. അല്ലെങ്കിൽ ഉപ്പുകൂടി, എരിവ് സഹിക്കാൻ പറ്റുന്നില്ല, വെന്തിട്ടില്ല, വച്ചത് ശരിയായില്ല, കരിഞ്ഞു പോയി എന്നൊക്കെ പറയേണ്ടിവരും. അടുക്കളയിൽ പെരുമാറുന്നവർക്കറിയാം ശാന്തമായി കാര്യങ്ങൾ ചെയ്യുമ്പോൾ രുചി കൂടുന്നതിന്റെ ഗുട്ടൻസ്. രോഗങ്ങൾ വരുമ്പോഴും പ്രിയപ്പെട്ടവരുടെ മരണം നടക്കുമ്പോഴും ഇതുപോലുള്ള അപ്രതീക്ഷിത സന്ദർഭങ്ങളിലെല്ലാം ശാന്തതയോടെ, സമചിത്തതയോടെ നിൽക്കാനായാൽ മനസ്സിനും ശരീരത്തിനും അത് ഗുണം ചെയ്യും. എത്രയോ ആളുകളുടെ അനുഭവങ്ങളാണ് ഇക്കാര്യത്തിൽ നമ്മൾ കണ്ടിട്ടുള്ളതും കേട്ടിട്ടുള്ളതും. ഇപ്പറഞ്ഞ സന്ദർഭങ്ങളിൽ ഒട്ടും എളുപ്പമല്ല ശാന്തമായിരിക്കാൻ. പക്ഷേ, ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മയായി മാറും എന്ന് വിശ്വസിക്കുന്നവർക്ക് ഇപ്പറഞ്ഞ ശാന്തതയും സമാധാനവും ഒക്കെ വല്ലപ്പോഴുമുണ്ടാകുന്ന കാര്യമല്ല, അനുദിന ജീവിതത്തിലെ സാധാരണ കാര്യങ്ങളാണ്.

മനുഷ്യജീവിതം ഉൾപ്പെടെ ഈ പ്രപഞ്ചത്തിലെ സകല കാര്യങ്ങളിലും സ്വാഭാവികമായ പ്രവർത്തനങ്ങൾക്ക് ശാന്തത അനിവാര്യമാണെന്ന് കാര്യങ്ങളെ നിരീക്ഷിച്ചാൽ മനസ്സിലാക്കാവുന്നതാണ്. തല്ലി പഴുപ്പിക്കരുത് എന്ന് നമ്മൾ കേട്ടിട്ടുണ്ട്. പ്യൂപ്പയിൽ നിന്ന് ശലഭത്തിലേക്ക് ഒരു കാത്തിരിപ്പിന്റെ നേരമുണ്ട്. ഒരു കുഞ്ഞു ജനിക്കാനും പത്തു മാസത്തെ കാത്തിരിപ്പ് അനിവാര്യമാണ്. ശാന്തമായി ഒന്നിരുന്നാലോചിച്ചാൽ ഇതുപോലെ എത്രയെത്ര കാര്യങ്ങൾ കണ്ടെത്താനാവും.

മേൽപറഞ്ഞതൊക്കെ ഉദാഹരണം മാത്രം. ഇതുപോലെ എല്ലാ കാര്യങ്ങളിലും ശാന്തത ഉണ്ടെങ്കിൽ കാര്യങ്ങളൊക്കെ വളരെ ചിട്ടയോടുകൂടെ നടക്കുകയും അത് കാണുമ്പോൾ നമുക്ക് ഏറെ ആനന്ദം ഉണ്ടാവുകയും ചെയ്യും. കാര്യങ്ങൾ കൃത്യതയോടെ നീങ്ങുന്നതിലാണല്ലോ നമ്മുടെ ഓരോരുത്തരുടെയും സന്തോഷം കുടികൊള്ളുന്നത്. ശാന്തതയുണ്ടെങ്കിലാണ് ഇക്കാര്യങ്ങൾ നടക്കുകയുള്ളൂ എന്നത് മറക്കാതിരിക്കാം.

ശാന്തമാവുക ഞാൻ ദൈവമാണെന്ന് അറിയുക എന്ന തിരുവചനം തന്നെ നമ്മൾ ധ്യാനിക്കുകയാണെങ്കിൽ ശാന്തതയുടെ ആഴങ്ങളിലേക്ക് ദൈവം നമ്മെ കൂട്ടിക്കൊണ്ടുപോകും. ക്രിസ്തുവാകുന്ന ഗുരുമുഖത്തു നിന്നുതന്നെയാണ് ശാന്തതയുടെ പ്രഥമപാഠങ്ങളും പ്രധാനപാഠങ്ങളും നമ്മൾക്ക് സംലഭ്യമാകുന്നത്. തിരക്കുപിടിച്ച നമ്മുടെ ജീവിത സാഹചര്യങ്ങളിൽ ഇടയ്ക്കൊക്കെ ഒരു ബ്രേക്കെടുത്ത് ശാന്തമായിരിക്കാനായി നമുക്ക് സമയം കണ്ടെത്താം. അതുവഴി ശാന്തത എന്ന വിലമതിക്കാനാവാത്ത അനുഭവത്തെ നമ്മുടെ നിത്യജീവിതത്തിലെ സാധാരണ സ്വഭാവമാക്കി മാറ്റിയെടുക്കാം. അതിനാലാണ് ശാന്തതയും സമാധാനവുമൊക്കെ മാനസികമായും ശാരീരികമായും നമ്മെ ആരോഗ്യമുള്ളവരാക്കി മാറ്റും എന്നു പറയുന്നത്.

***കെയ്റോസ് മാസികയുടെ എക്സിക്യൂട്ടീവ് എഡിറ്ററാണ് ലേഖകൻ. ഭാര്യയോടും നാല് മക്കളോടുമൊപ്പം എറണാകുളത്ത് താമസം.***



**മിഷൻ/മൈസ്റ്റോറി - മരിയ ജോർജ്, തൃശൂർ**

# കരിക്കൽ ഗ്രാമത്തിലെ വിശേഷങ്ങൾ

സുവിശേഷ പ്രഘോഷണം എന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം ആണെന്നുള്ള തിരിച്ചറിവ് എന്റെയുള്ളിൽ അടിയുറച്ചിരുന്നു. മിഷൻ യാത്രകളുടെ വിവരണങ്ങൾ പലപ്പോഴും മിഷൻ പ്രദേശങ്ങളിലേക്കുള്ള ഒരു യാത്രയുടെ സ്വപ്നം മനസ്സിൽ നിറച്ചിരുന്നു. വളരെ അപ്രതീക്ഷിതമായ സാഹചര്യത്തിലാണ് കോളേജ് കാമ്പസുകളിലെ വിദ്യാർഥികൾക്കായി ജീസസ് യൂത്ത് ഒരുക്കുന്ന sem break മിഷനെ കുറിച്ചുള്ള വിശേഷങ്ങൾ ഞങ്ങളുടെ ക്യാമ്പസ്സിലും എത്തിച്ചേർന്നത്. ഉള്ളിലുള്ള സ്വപ്നങ്ങൾക്ക് ചിറകു വിരിയുന്നത് പോലെ തോന്നി. ഉള്ളിൽ ചെറിയ ആശങ്കകൾ എല്ലാം ഉണ്ടെങ്കിൽപോലും ഞാനും, sem break മിഷന്റെ ഭാഗമായി മാറാൻ തീരുമാനമെടുക്കുകയുണ്ടായി. പിന്നീടങ്ങോട്ട് ചർച്ചകളുടെയും തീരുമാനങ്ങളുടെയും പ്രാർഥനയുടെയും ഒടുവിൽ എട്ടു പേരടങ്ങുന്ന ഒരു ടീം രണ്ട് സിസ്റ്റേഴ്സിനോടൊപ്പം കർണാടക മിഷൻ പ്രദേശങ്ങളിലേക്ക് യാത്രയാകാൻ തീരുമാനം എടുത്തു. നാലുപേരടങ്ങുന്ന ഞങ്ങളുടെ ടീമിന് ലഭിച്ച പ്രദേശം കർണാടകയിലെ ബത്ക്കൽ ആയിരുന്നു.

എല്ലാ ഒരുക്കങ്ങളും പൂർത്തിയായ സമയത്താണ് അപ്പന് ഡെങ്കി ഫീവർ വരുന്നത്. ഇങ്ങനെ ഒരവസരത്തിൽ യാത്രയെക്കുറിച്ചുള്ള ആശങ്കകൾ മനസ്സിനെ വല്ലാതെ അലട്ടുകയുണ്ടായി. ആ സമയത്ത് പൂർണമായും കർത്താവിൽ ആശ്രയിച്ചു. എനിക്ക് പോകേണ്ട ദിവസമായപ്പോഴേക്കും അപ്പന് പനി കുറയുകയും കാര്യങ്ങൾ ശാന്തമാവുകയും ചെയ്തു. 29ന് രാത്രി ട്രെയിനിൽ ഞങ്ങളുടെ ടീം യാത്ര പുറപ്പെട്ടു. അവിടുന്നങ്ങോട്ടുള്ള ഓരോ നിമിഷങ്ങളും ദൈവപരിപാലനയുടെ അനുഭവങ്ങളായിരുന്നു. രാവിലെതന്നെ ഞങ്ങൾ ബത്ക്കൽ സ്റ്റേഷനിൽ എത്തിച്ചേർന്നു. അവിടെ ഞങ്ങളെ സ്വീകരിക്കാനായി കാർവാർ സോണൽ കോ-ഓർഡിനേറ്റർ റോഷൻഭായി എത്തിയിരുന്നു. അവിടെനിന്ന് ഞങ്ങൾ കരിക്കൽ ഗ്രാമത്തിലേക്ക് യാത്ര തിരിച്ചു, അങ്ങോട്ടുള്ള വഴികൾ ഏറെ മനോഹരമായിരുന്നു. 95 ശതമാനത്തോളം മുസ്ലിമുകൾ തിങ്ങിപ്പാർക്കുന്ന നാടാണ് ബത്ക്കൽ. ടൗണിൽ നിന്ന് രണ്ടുമൂന്നു കിലോമീറ്ററുകൾക്കപ്പുറത്തു മനോഹരമായ ഒരു പ്രദേശം. ഒരു ദേവാലയത്തോടു ചേർന്ന് കൊങ്കണി ഭാഷ മാത്രം സംസാരിക്കാനറിയുന്ന 60 കുടുംബങ്ങൾ താമസിക്കുന്ന കരിക്കൽ ഗ്രാമം.

കരിക്കൽ ഗ്രാമത്തിൽ താമസിക്കാനായി അടഞ്ഞുകിടന്ന ഒരു മഠം ഞങ്ങൾക്കായി തുറന്നു തന്നു. ആദ്യമേ തന്നെ ഞങ്ങൾ അവിടത്തെ വികാരിയച്ചനെ കാണുകയും ആ ഗ്രാമത്തിലെ വിശേഷങ്ങൾ അച്ചനോട് ചോദിച്ചറിയുകയും ചെയ്തതിനു ശേഷം ആശീർവാദം സ്വീകരിച്ചു. അവിടത്തെ ഓരോ ദിവസവും ഞങ്ങൾക്ക് വ്യത്യസ്തമായ അനുഭവങ്ങൾ പകർന്നു തന്നു.

കൊങ്കണി ഭാഷ ഒട്ടുമറിയാത്ത ഞങ്ങൾ പെട്ടെന്ന് തന്നെ ആ ഭാഷയിൽ നന്മ നിറഞ്ഞ മറിയമേ പ്രാർഥന ചൊല്ലാൻ പഠിച്ചത് പരിശുദ്ധാത്മാവിന്റെ പ്രത്യേക കൃപകൊണ്ട് മാത്രമായിരുന്നു. പല ദിവസങ്ങളിലും തനിച്ചുള്ള ഭക്ഷണം പാകം ചെയ്യുന്നത് ഞങ്ങളടെ ജീവിതത്തിൽ പുതിയ ഒരനുഭവമായിരുന്നു. ആ ദിവസങ്ങളിൽ ഒരുക്കിയിരുന്ന ഭവന സന്ദർശനവും യൂത്ത് മീറ്റുകളും. പകൽ സമയത്ത് വീടുകളിൽ ആളുകളില്ലാത്തതിനാൽ മാറ്റിവയ്ക്കേണ്ടിവരും എന്ന വാർത്ത ഞങ്ങളെ ഏറെ വേദനിപ്പിച്ചു. കർത്താവിൽ ആശ്രയിച്ച് ഞങ്ങൾ പ്രാർഥിച്ചു. അടുത്ത ദിവസം തന്നെ ഞങ്ങളുടെ പ്രതീക്ഷകൾക്ക് അപ്പുറത്ത് ഭവനസന്ദർശനത്തിനും യൂത്ത് മീറ്റിനുമുള്ള അവസരങ്ങൾ തുറന്നു കിട്ടി.

വളരെ തീക്ഷ്ണതയോടെയാണ് എല്ലാ യുവജനങ്ങളും ആ പ്രോഗ്രാമിൽ പങ്കെടുത്തത്. ദൈവകരുണയാൽ പങ്കെടുത്ത എല്ലാവർക്കും യൂത്ത് മീറ്റ് ഒരു പുതിയ ഉണർവിന് കാരണമായി.

ഭവനങ്ങൾ സന്ദർശിക്കുമ്പോൾ അവർക്കു എന്താണ് ആവശ്യമെന്നു പരിശുദ്ധാത്മാവ് ഞങ്ങളെ പ്രചോദിപ്പിക്കുകയും, അവരോടു അത് സംസാരിക്കുകയും അങ്ങനെ ഞങ്ങൾ അനുഭവിച്ച ഈശോയുടെ സ്നേഹം അവരുമായി പങ്കുവയ്ക്കാനും, അവരുടെ വിശ്വാസം മൂലം ഞങ്ങൾ വിശ്വാസത്തിൽ ആഴപ്പെടാനുമുള്ള അവസരങ്ങളായി വീട് സന്ദർശനങ്ങൾ മാറി. കൂട്ടായ്മയുടെയും വിശ്വാസത്തിന്റെയും അടിയുറച്ച മൂല്യങ്ങൾ ഞങ്ങൾക്ക് അവിടെ അനുഭവിക്കാൻ സാധിച്ചു. അവരോടൊപ്പമുള്ള കൊങ്കണി ഭാഷയിലുള്ള കുടുംബ പ്രാർഥനയും, തുടർന്ന് അവർ ഞങ്ങൾക്കായി വീടുകളിൽ ഒരുക്കിയ സ്നേഹവിരുന്നും ഞങ്ങൾക്ക് പുതിയ അനുഭവങ്ങളായിരുന്നു.

അപ്രതീക്ഷിതമായി ആ വെള്ളിയാഴ്ച ഗവർമെന്റ് അവധി പ്രഖ്യാപിക്കുകയും, ഇത് മൂലം അവിടെ യൂത്ത് മീറ്റ് ഒരുക്കാനും, അവർക്കുവേണ്ടി പ്രാർഥിക്കാനുമായി ആ ദിവസത്തെ ദൈവം ഒരുക്കി. വളരെ തീക്ഷ്ണതയോടെയാണ് എല്ലാ യുവജനങ്ങളും ആ പ്രോഗ്രാമിൽ പങ്കെടുത്തത്. ദൈവകരുണയാൽ പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും യൂത്ത് മീറ്റ് ഒരു പുതിയ ഉണർവിന് കാരണമായി. ഞാൻ കണ്ടു മുട്ടിയ അനുഷയുടെ അനുഭവമാണ് എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത്. ജീസസ് യൂത്ത് കൂട്ടായ്മയിലേക്ക് പല പ്രാവശ്യം ക്ഷണിച്ചിട്ടും വരാൻ സമ്മതിക്കാതിരുന്ന അനുഷ, യൂത്ത് മീറ്റിന് എത്തിച്ചേർന്നത് അവിടെയുള്ളവർക്കു ആശ്ചര്യമുളവാക്കി. അനുഷയെ എത്തിച്ചത് പരിശുദ്ധാത്മാവാണ് എന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

ഒരിക്കൽ പോലും ഒരു പ്രോഗ്രാം നടത്താത്ത ഞങ്ങൾ, എന്ത് ചെയ്യണം, എങ്ങനെ സംസാരിക്കണം എന്നറിയാതിരുന്ന ഞങ്ങൾ, മൈക്ക് എടുത്ത് സംസാരിക്കുമ്പോൾ വിറയ്ക്കുകയും, സ്വരം ഇടറുകയും ചെയ്യുന്ന ഞങ്ങളെകൊണ്ട് ദൈവം വളരെ മനോഹരമായി ഈ പ്രോഗ്രാം ചെയ്യിപ്പിച്ചത് ഞങ്ങൾക്ക് അവിശ്വസനീയമായ അനുഭവമായിത്തീർന്നു.

അവിടെ നിന്ന് തിരികെ വരുമ്പോൾ, വിശ്വാസത്തിൽ ഒരു പടികൂടി വളർത്തിയതിനു ഹൃദയത്തിൽ ഈശോയോടു ഒത്തിരി നന്ദിയോടെയായിരുന്നു. ഇപ്പോഴും ഞങ്ങൾ അവർക്കായി പ്രാർഥിക്കുകയും, ആ സ്നേഹകൂട്ടായ്മ നിലനിർത്തുകയും ചെയ്യുന്നു. ഒരിക്കലും മറക്കാനാകാത്ത ആദ്യത്തെ മിഷൻ അനുഭവം. ഈശോയ്ക്കു നന്ദി പറഞ്ഞുകൊണ്ട്, ഇത് പോലെ മിഷൻ അനുഭവം അനേകർക്ക് സ്വന്തമാക്കാൻ സാധിക്കട്ടെയെന്ന പ്രാർഥനയോടെ...




**മിഷൻ/മൈസ്റ്റോറി** - മനോജ് തോമസ്, തൃശൂർ

# കാട്ടുപോത്തിനു മുമ്പിൽ

ഊട്ടിയിൽ കുടുംബമായി മിഷൻ പ്രവർത്തനങ്ങൾ ചെയ്യുന്ന സമയത്ത് റോഡിൽ നിന്നും കുറച്ചു മാറി ഒറ്റപ്പെട്ട ഒരു വീട്ടിലായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. പകലെന്നോ രാത്രിയെന്നോ വ്യത്യാസംകൂടാതെ റോഡുകളിലും ജനവാസ മേഖലകളിലും കാട്ടുപോത്തുകൾ ഇറങ്ങാറുണ്ടായിരുന്നു. ഞങ്ങൾ താമസിക്കുന്ന വീടിന്റെ മുറ്റത്ത് കാട്ടുപോത്തുകൾ പകൽ സമയത്ത് കൂട്ടമായി വിശ്രമിക്കാൻ വരുന്നത് സ്ഥിരം കാഴ്ചയായിരുന്നു. അവിടെയുള്ള ജനങ്ങൾ കാട്ടുപോത്തിനെ പേടിച്ച് ഞായറാഴ്ചകളിൽ മാത്രം രണ്ടാമത്തെ കുർബാനയ്ക്കാണ് പോകാറുള്ളത്. കൊടിയ തണുപ്പും മഞ്ഞും, കാട്ടുപോത്തിന്റെ ശല്യവും, ഇരുട്ടും, പള്ളിയിലേക്ക് മുക്കാൽ മണിക്കൂർ നടന്ന് പോകാനുള്ള ദൂരവും, ദിവസവും ദിവ്യബലിക്ക് പോകാൻ ഞങ്ങളുടെ മുമ്പിൽ ഒരു വെല്ലുവിളിയായിരുന്നു. രാവിലെ 5:40ന് ഞങ്ങളെല്ലാവരും ചെറിയ ടോർച്ചും തെളിച്ചു പള്ളിയിലേക്ക് യാത്രയാകും. ഒരു ദിവസം സൈഡിൽ തേയിലതോട്ടങ്ങൾക്കിടയിൽ മറഞ്ഞു നിൽക്കുന്ന കാട്ടു പോത്തിന്റെ മുമ്പിൽ ഞങ്ങൾ അകപ്പെട്ടു. എല്ലാ ദിവസവും തൊണ്ണൂറ്റിയൊന്നാം സങ്കീർത്തനവും ജപമാലയും ചൊല്ലി ദേവാലയത്തിൽ പോകുന്ന ഞങ്ങൾ നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർഥന ചൊല്ലി സൈഡിലൂടെ മുന്നിലേക്ക് ഓടി. ഞങ്ങൾ അന്ന് ദേവാലയത്തിലേക്കു പോയി തിരിച്ചു വരുമ്പോഴും കാട്ടുപോത്ത് ആ ഭാഗത്തു തന്നെ നിൽക്കുന്നുണ്ടായിരുന്നു. ഏഴുമാസത്തെ ഞങ്ങളുടെ അവിടത്തെ മിഷൻ പ്രവർത്തന സമയങ്ങളിൽ ഒരു വ്യക്തിയെ കാട്ടുപോത്ത് കുത്തിക്കൊല്ലുകയും നാലു വ്യക്തികൾക്ക് കാട്ടുപോത്തിന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുന്നതിനിടയിൽ പരിക്കേൽക്കുകയും ചെയ്തു. വന്യമൃഗങ്ങളിൽ നിന്നു പോലും ഒരു മിഷണറി കുടുംബത്തെ സംരക്ഷിക്കുന്ന ദൈവപരിപാലന ഞങ്ങൾ കൂടുതൽ അടുത്തറിഞ്ഞ സമയങ്ങൾ ആയിരുന്നു അത്. അവിടത്തെ മിഷൻ കഴിഞ്ഞ് തിരിച്ചു വരുന്നതുവരെ ഒരു ദിവസം പോലും വന്യമൃഗങ്ങളുടെ ശല്യംമൂലം പരിശുദ്ധ കുർബാന മുടങ്ങാൻ ദൈവം അനുവദിച്ചില്ല. "ഇതാ പാമ്പുകളുടെയും തേളുകളുടെയും ശത്രുവിന്റെ സകല ശക്തികളുടെയും മീതെ ചവിട്ടി നടക്കാൻ നിങ്ങൾക്കു ഞാൻ അധികാരം തന്നിരിക്കുന്നു. ഒന്നും നിങ്ങളെ ഉപദ്രവിക്കുകയില്ല" (ലൂക്ക 10, 19).

**ആലീസുകുട്ടിയും അത്ഭുതലോകവും**

സുജമോൾ ജോസ്



അസാമാന്യ ധൈര്യശാലിയായ, ജീവിതത്തിലെ പ്രതിസന്ധികളെ ദൈവത്തോടുചേർന്ന് അതിജീവിക്കുന്ന, ഹൃദയത്തിലും അധരത്തിലും ദൈവസ്തുതികളോടെ ജീവിക്കുന്ന ഒരാളാണ് ആലീസുകുട്ടി. പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും നിറഞ്ഞ ഈ ജീവിതം സഭയ്ക്കും അനേകർക്കും അനുഗ്രഹമാകും.

₹ 150/-

**വെള്ളിത്താരകവും മരക്കുരിശും**

ബിഷപ്പ് ഡോ. അലക്സ് വടക്കുംതല



ഇപ്പോൾ എന്റെ കൈയിലുള്ളത് ബിഷപ്പ് ഡോ. അലക്സ് വടക്കുംതലയുടെ 'വെള്ളിത്താരകവും മരക്കുരിശും' ആണ്. ഒന്നിലധികം തവണ ഈ മഹത് ഗ്രന്ഥം ഞാൻ വായിച്ചു. എന്നെ ഏറെ സ്വാധീനിച്ചു. ക്രൈസ്തവ സഭകളിലെ ഒരു വിഭാഗത്തിന് വേണ്ടി മാത്രം രചിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമല്ല ഇത്. വായിക്കാൻ കഴിയുന്ന എല്ലാവർക്കും വേണ്ടിയുള്ളതാണ്.

*(ടി. പത്മനാഭൻ)*


₹ 100/-

# ജീവിതത്തെ ഉണർത്തുന്നു, ഒന്നൊന്നായി ഓരോ പുസ്തകവും !

**കുളിർമയുള്ള തീച്ചൂള**

*കെയ്റോസിന്റെ വിസ്മയ വഴികൾ*

സണ്ണി കോക്കാപ്പിള്ളിൽ




കഠിന വഴികളിലൂടെയും പ്രതിസന്ധികളിലൂടെയുമുള്ള കെയ്റോസിന്റെ യാത്ര. ഇതൊരു പുറപ്പാടാണ്. ദൈവത്തോടുള്ള തീരാത്ത പ്രണയത്തിന്റെ, അവസാനിക്കാത്ത പ്രതീക്ഷകളുടെ, തകരാത്ത സ്വപ്നങ്ങളുടെ രുചിക്കൂട്ടാണ് കെയ്റോസിൻറെ 25 വർഷങ്ങൾ.

₹ 200/-

**ഞങ്ങടെ സ്വന്തം പള്ളിയച്ചൻ**

ഡോ. ചാക്കോച്ചൻ ഞാവള്ളിൽ, സാജൻ സി എ, ജിന്റോ കെ.




ജീസസ് യൂത്ത് യുവജന മുന്നേറ്റത്തിന് ആത്മീയ ഉണർവ് പകർന്ന്, ക്രിസ്തുവിലേക്ക് വിരൽ ചൂണ്ടി, നന്മ ചെയ്തുകൊണ്ട് ചുറ്റിസഞ്ചരിച്ച ഒരു ജെസ്യൂട്ട് വൈദികന്റെ സമർപ്പണജീവിതം.

₹ 199/-

**Rivers of living water**

(English)

Dr. Edward Edezhath




ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ദർശനങ്ങളും കാഴ്ചപ്പാടുകളും രൂപപ്പെട്ടു വന്ന വഴികൾ. മുന്നേറ്റത്തിലെ വിവിധ തലങ്ങളിൽ ബന്ധപ്പെടുന്ന ഏവർക്കും ഏറെ ഉപകാരപ്പെടുന്ന പുസ്തകം.

₹ 200/-



**വാർത്താവിചാരം** - സണ്ണി കോക്കാപ്പിള്ളിൽ

# കാത്തിരിപ്പിന്റെ സുവിശേഷം



ഓരോരുത്തർക്കും ഓരോ സമയമുണ്ട്. ദൈവത്തിന്റെ സമയം വരുന്നതുവരെ ക്ഷമയോടെ കാത്തിരിക്കുന്നവർക്ക് ഹൃദ്യമായ ഒരു അനുഭവമായി അതു മാറും. ടീമിലെത്തിയിട്ട് നാളുകൾ ഏറെയായെങ്കിലും മുൻനിരയിൽ കളിക്കാനുള്ള അവസരം ലഭിക്കാതെ തന്റെ സമയത്തിനുവേണ്ടി പ്രത്യാശയോടെ കാത്തിരുന്ന ആളാണ് സഞ്ജു സാംസൺ. കിട്ടേണ്ട അവസരങ്ങളൊക്കെ നഷ്ടമാകുമ്പോഴും പ്രത്യാശയോടെ സഞ്ജു കാത്തിരുന്നു. ഒരു രാജ്യത്തെ മുഴുവൻ അഭിമാന പുളകിതമാക്കി ലോകത്തിന്റെ നെറുകയിൽ അദ്ദേഹം എത്തിച്ചേർന്നിരിക്കുന്നു. വിജയത്തിനുശേഷം പരസ്യമായി ദൈവത്തിന് നന്ദി പറയുക, പോരാട്ടത്തിന് മുമ്പ് നന്നായി പ്രാർഥിക്കുക എന്നതൊക്കെ സഞ്ജുവിന്റെ സവിശേഷതകളാണ്. സഞ്ജു നടത്തിയത് വലിയൊരു സുവിശേഷ പ്രഘോഷണമാണ്. പ്രശസ്ത ധ്യാന ഗുരുവായ ഫാ. ഡാനിയേൽ പൂവണ്ണത്തിലിന്റെ പ്രബോധനങ്ങൾ സഞ്ജുവിനെ സ്വാധീനിച്ചിട്ടുണ്ടെന്ന് പറയപ്പെടുന്നു. ഇത്രയേറെ വിജയപഥത്തിലെത്തിയിട്ടും സഞ്ജുവിനെ വ്യത്യസ്തനാക്കുന്നത് അദ്ദേഹത്തിന്റെ എളിമയാണ്. സമൂഹ മാധ്യമങ്ങളിൽ സഞ്ജുവിനെ പറ്റിയുള്ള വീഡിയോയുടെ താഴെവരുന്ന കമന്റുകളിൽ ഭൂരിപക്ഷവും അദ്ദേഹത്തിന്റെ വിനയത്തെ പ്രശംസിച്ചു കൊണ്ടുള്ളതാണ്.

സ്വന്തം കഴിവിൽ അഹങ്കരിക്കാതെ അതെല്ലാം ദൈവിക ഇടപെടലിന്റെ ഭാഗമായി കാണുന്നവർ ഏറെ ഇല്ലെന്നതാണ് യാഥാർഥ്യം. എപ്പോഴും ദൈവത്തിൽ പ്രത്യാശ വയ്ക്കുന്നവർക്കു മാത്രമേ ഇങ്ങനെ കഴിയുകയുള്ളൂ. ഏതൊരു വ്യക്തിയുടെയും പ്രകടനം അവനു കിട്ടുന്ന പരിശീലനത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ശരിയായ വിധത്തിലുള്ള രൂപീകരണ പ്രക്രിയയുടെ അഭാവമാണ് ഇന്ന് സമൂഹത്തിൽ അനുഭവപ്പെടുന്ന എല്ലാ അപചയങ്ങളുടെയും കാരണം.

# നമ്മുടെ ചരിത്രം നാം പറഞ്ഞു കൊടുക്കരുതോ?

സമുദായ ശക്തീകരണത്തെപറ്റി ഇടവകയുടെ വാർഡുകളിൽ ബോധവത്കരണം നടത്താനുള്ള അവസരമുണ്ടായി. അതുകഴിഞ്ഞപ്പോൾ പലരുടെയും ചോദ്യങ്ങൾ ഉയർന്നു കേട്ടു. ക്രൈസ്തവസഭ കേരളത്തിനും ഭാരതത്തിനും നൽകിയ







സംഭാവനകളുടെ രത്ന ചുരുക്കമായിരുന്നു അവതരിപ്പിച്ചത്. ഇതൊന്നും തങ്ങളെ ആരും പഠിപ്പിച്ചില്ലെന്നാണ് പലരും പറഞ്ഞത്. ക്രൈസ്തവർ വിദേശികളാണ്, ചൂഷകരാണ്, ഇന്ത്യയ്ക്ക് ഒരു സംഭാവനയും നൽകിയിട്ടില്ല എന്നുതുടങ്ങി നിരവധി ആക്ഷേപങ്ങൾ സമൂഹമാധ്യമങ്ങളിൽ നിറയുമ്പോൾ ചില കാര്യങ്ങളൊക്കെ നമ്മുടെ അറിവിൽ ഉണ്ടായിരിക്കണം.

കേരളത്തിൽ ആദ്യത്തെ പ്രിന്റിംഗ് ആരംഭിച്ചത് കൊല്ലത്ത് മിഷണറിമാരാണ്. ഇന്ത്യൻ ലിപികളിൽ ആദ്യം അച്ചടിച്ച ഗ്രന്ഥം വി. ഫ്രാൻസിസ് സേവ്യർ എഴുതിയ 'ഡോക്ട്റിന ക്രിസ്റ്റിന' എന്ന ഗ്രന്ഥത്തിന്റെ തമിഴു പതിപ്പായ 'തമ്പിരാൻ വണക്കം' ആണ്. മലയാള ലിപിയിൽ ആദ്യം അച്ചടിച്ച സമ്പൂർണ ഗ്രന്ഥം 'സംക്ഷേപ വേദാർഥം' ആണ്. മലയാള ലിപിക്ക് രൂപം നൽകിയത് ബെഞ്ചമിൻ ബെയ്‌ലി എന്ന മിഷണറിയാണ്. ഡിജിറ്റൽ മലയാളം ലിപികൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയത് ഫാ. ജോസഫ് പ്ലാശ്ശേരി സി.എം.ഐ. ആണ്. കമ്പ്യൂട്ടറിലെ ആദ്യത്തെ മലയാളം ഫോണ്ട് അതാണ്. മലയാളഭാഷയ്ക്ക് വ്യാകരണമെഴുതിയത് ഡോ. ഹെർമൻ ഗുണ്ടർട്ട് എന്ന മിഷണറിയാണ്. ജാതി സമ്പ്രദായം കൊടികുത്തിയ കാലഘട്ടത്തിൽ എല്ലാ ജാതിക്കാരെയും ഒരുമിച്ചിരുത്തി പഠിപ്പിച്ചത് 1865ൽ ചാവറയച്ചനാണ്. പള്ളിക്കൊപ്പം പള്ളിക്കൂടം വേണമെന്ന നിലപാട് എല്ലാ പള്ളികളിലേക്കും അദ്ദേഹം വ്യാപിപ്പിച്ചു. ശരിക്കും കേരളത്തിന്റെ നവോത്ഥാന നായകൻ എന്ന പദവി അദ്ദേഹത്തിനാണ് നൽകേണ്ടത്. 1859ൽ 'ചാന്നാർ ലഹള' എന്ന പേരിലറിയപ്പെട്ട മാറുമറയ്ക്കൽ സമരത്തിന്റെ പുറകിൽ മിഷണറിമാരായിരുന്നു. മലയാളത്തിലെ ആദ്യത്തെ പത്രമായ 'നസ്രാണി ദീപിക' ആരംഭിച്ചത് നിധീരിക്കൽ മാണി കത്തനാരാണ്. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥമായ 'വർത്തമാന പുസ്തകം' രചിച്ചത് പാറേമാക്കൽ ഗോവർണദോരാണ്. കേരളത്തിൽ ആദ്യമായി അലോപ്പതി ചികിത്സ ആരംഭിച്ചത് 1909ൽ കൊല്ലം ബിഷപ്പായ ബെൻസിഗർ പിതാവ് സ്വിറ്റ്സർലണ്ടിൽ നിന്നും ഹോളിക്രോസ് സഭാംഗങ്ങളായ കന്യാസ്ത്രീകളെ കൊണ്ടുവന്നിട്ടാണ്. 1790 കളിൽ തിരുവിതാംകൂർ രാജാവ് സാമ്പത്തികമായി ബുദ്ധിമുട്ടിയപ്പോൾ 15 ലക്ഷം രൂപ കടം കൊടുത്ത് സഹായിച്ചത് തച്ചിൽ മാത്തൂ തരകൻ എന്ന ക്രൈസ്തവനാണ്. 2800ൽപരം ആശുപത്രികളും ഡിസ്പെൻസറികളും ക്രൈസ്തവർ ഇന്ന് ഇന്ത്യയിൽ നടത്തുന്നു. അനാഥശാലകൾ, ഭിന്നശേഷിക്കാരുടെ പരിശീലന കേന്ദ്രങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ എണ്ണം 5000 കവിഞ്ഞിരിക്കുന്നു. മാത്രമല്ല ഹിന്ദിയടക്കം നിരവധി ഉത്തരേന്ത്യൻ ഭാഷകൾക്ക് വ്യാകരണവും ലിപിയും നൽകിയത് ക്രിസ്ത്യൻ മിഷണറിമാരാണ്. ഇന്ന് ഭാരതത്തിലെ ഏറ്റവും മികച്ച കോളേജുകളിൽ ഭൂരിഭാഗവും ക്രൈസ്തവരുടെയാണ്. ഇനിയും എഴുതിയാൽ ഒരുപാട് കാര്യങ്ങൾ ക്രൈസ്തവരുടെ സംഭാവനകളായി അടയാളപ്പെടുത്താൻ കഴിയും. നമ്മുടെ മഹത്വം നാമറിയുകയും വരും തലമുറയെ ബോധവത്കരിക്കുകയും ചെയ്യണം. നമുക്ക് അഭിമാനിക്കാൻ ഏറെയുണ്ട്. രാഷ്ട്ര നിർമിതിയിൽ സുപ്രധാന പങ്കുവഹിച്ചത് നാമാണ്. ഇതിനെ തമസ്കരിക്കാൻ പല ഭാഗത്തുനിന്നും ആസൂത്രിതമായിത്തന്നെ നിരവധി പ്രവർത്തനങ്ങൾ നിലവിലുണ്ടുതാനും.




# നിസയുടെ രസങ്ങൾ


പാടവരമ്പിലൂടെ പപ്പയുടെ കൈപിടിച്ച് നടന്നുകൊണ്ടിരുന്ന നിസമോൾ, പപ്പയുടെ കൈ വിട്ട് വരമ്പിലൂടെ തുള്ളിച്ചാടിയോടി. ഇരുവശങ്ങളിലായി വിശാലമായി നീണ്ട് പരന്നു കിടക്കുന്ന കതിരിട്ടു നിൽക്കുന്ന നെൽപ്പാടം നിസമോൾക്ക് അതിരില്ലാത്ത അത്ഭുതവും ആനന്ദവും നൽകി. പച്ചപുതച്ചു കിടക്കുന്ന നെൽപ്പാടങ്ങളെക്കുറിച്ച് അവൾ പഠിക്കുന്ന അഞ്ചാം ക്ലാസ്സിലെ മലയാള പാഠപുസ്തകത്തിൽ വായിച്ചു പഠിച്ചിട്ടേയുള്ളൂ, ആദ്യമായിട്ടായിരുന്നു അവളത് നേരിട്ടു കണ്ടത്.

പപ്പ ഓടിച്ചെന്ന് കൈയിൽ പിടിച്ച് അവളോട് പറഞ്ഞു: സൂക്ഷിക്കണം വരമ്പിന്റെ അരികിലായി ചെളിയുണ്ട്. അറിയാതെ അരികിലേക്ക് നീങ്ങിയാൽ കാൽവഴുതി ചെളിയിലേക്ക് വീണുപോകും. 'നിസമോൾ വീണാലും കുഴപ്പമില്ല, നെൽച്ചെടികൾ മോശമായി പോകും' പപ്പയുടെ തമാശ കേട്ട് ആദ്യമവൾ അമ്പരന്നെങ്കിലും തമാശയാണെന്ന് പപ്പയുടെ മുഖത്തേക്ക് നോക്കിയപ്പോൾ മനസ്സിലായി. അവളും ഒരു ചമ്മലോടെ ചിരിച്ചു. പപ്പ പിന്നീട് പാടങ്ങളെക്കുറിച്ചുള്ള കഥ പറയാൻ തുടങ്ങി. വിത്ത് വിതയ്ക്കുന്നതു മുതൽ മുളച്ച് നെൽക്കതിരായി, കതിരുവിളഞ്ഞ് പാകമായി കൊയ്തെടുക്കുന്നതും, നമ്മുടെ വീടുകളിലേക്ക് അരിയായി വന്ന് നമ്മൾ ചോറുണ്ണുന്നത് വരെയുള്ള കാര്യങ്ങൾ പപ്പ അവൾക്ക് പറഞ്ഞുകൊടുത്തു. അത്ഭുതം കൂറുന്ന മിഴികളോടെയാണ് അവളതെല്ലാം കേട്ടത്.

പേക്രോം പേക്രോം... തവളയുടെ കരച്ചിൽ കേട്ട് അവൾ തിരിഞ്ഞു നോക്കി. നെൽച്ചെടികൾക്കിടയിൽ രണ്ട് തവളകൾ. നിസമോൾ വളരെ ശ്രദ്ധയോടെ അവിടെ നിന്നുകൊണ്ട് തവളകളെ നിരീക്ഷിച്ചു. നെൽച്ചെടിയിൽ വന്നിരിക്കുന്ന പ്രാണിയെ തവളയുടെ നാവ്നീട്ടി ഭക്ഷിക്കുന്നത് അവൾ കൗതുകത്തോടെ നോക്കി നിന്നു. പപ്പയുടെ





**സ്മാർട്ട് കിഡ്സ് – ചിത്രീകരണം: വെങ്കി**  **കഥ: സെറീൻ ഏയ്ഞ്ചൽ**

കൈയിൽ നിന്ന് മൊബൈൽ ഫോൺ വാങ്ങി തവളകളെയും നെൽച്ചെടികളെയും വിശാലമായ പാടവരമ്പിനെയുമൊക്കെ അവൾ ക്യാമറയിൽ പകർത്തി.

പപ്പയോട് തന്റെ അടുക്കൽ ചേർന്നു നിൽക്കാൻ പറഞ്ഞുകൊണ്ട് മൊബൈൽ ഫോണിൽ അവൾ സെൽഫി എടുക്കാൻ തയ്യാറായി. പപ്പയോടൊപ്പം നിന്നു കൊണ്ട് ആ നെൽപ്പാടങ്ങളെ പശ്ചാത്തലമാക്കി അവൾ വീഡിയോ എടുത്തു തുടങ്ങി. "ഹായ് ഫ്രണ്ട്സ്, ഞാനും പപ്പയും ഇപ്പോൾ നിൽക്കുന്നത് നെൽപ്പാടങ്ങൾക്കിടയിലാണ്. നമ്മുടെ പാഠപുസ്തകത്തിൽ നമ്മൾ പഠിച്ചത് പോലെയുള്ള നെൽവയലുകളാണ് നിങ്ങൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇനി നേരെ മുന്നോട്ടുപോയാൽ തൊട്ടപ്പുറത്ത് ഒരു പുഴയുണ്ട്, ആ പുഴയിൽ വലവീശുന്നത് കാണാം. പുഴയിൽ നിന്ന് മീൻ പിടിക്കുന്ന വീഡിയോ ഉടനെതന്നെ നിങ്ങൾക്ക് ഞാൻ നൽകാം. വെയ്റ്റ് ചെയ്യൂ... ഇത് ഞാൻ നിസ, കൂടെ എന്റെ പപ്പയും.."

മകളുടെ വീഡിയോ പിടിത്തം കണ്ട് പപ്പയ്ക്ക് വലിയ സന്തോഷമായി. ഇവളിതൊക്കെയെങ്ങനെ പഠിച്ചെടുത്തു എന്ന ചിന്തയിൽ പപ്പ അവളെ നോക്കി ചിരിച്ചു. അവൾ പപ്പയെ കണ്ണുറുക്കി കാണിച്ചു.

പിന്നീട് അവർ നടന്നുനടന്ന് പാടവരമ്പുകൾ താണ്ടി പുഴയ്ക്കരികിലേക്കെത്തി. നിസമോൾ പറഞ്ഞതുപോലെതന്നെ അവിടെ ചിലയാളുകൾ വഞ്ചിയിലിരുന്നും കരയിൽ നിന്നും വല വീശുന്നുണ്ടായിരുന്നു. പപ്പയും നിസയും അവർക്ക് അരികിലെത്തി. വലവീശി മീനുകളെ കുടഞ്ഞ് താഴെ ഇട്ടപ്പോൾ മീനുകൾ പിടയ്ക്കുന്നത് കണ്ട് അവൾക്ക് നല്ല രസം തോന്നി. പപ്പ അവളെയും കൂട്ടി മീനുകളുടെ അടുത്തെത്തി, അവയുടെ ഓരോന്നിന്റെയും പേരുകൾ അവൾക്ക് പറഞ്ഞുകൊടുത്തു. പപ്പയുടെ കൈയിൽ നിന്ന് മൊബൈൽ ഫോൺ വാങ്ങി മീനുകളുടെ ഫോട്ടോയും അവൾ എടുത്തു.

അവിടെനിന്ന് തിരികെ പോരുമ്പോൾ പപ്പ അവൾക്ക് അവരുടെ നാടിനെ കുറിച്ചും നെൽകൃഷിയെ കുറിച്ചും പുഴയും തോടും അതിലെ മീനുകളെ കുറിച്ചുമൊക്കെ വിശദമായി പറഞ്ഞുകൊടുത്തു. നമ്മൾ നിത്യവും കഴിക്കുന്ന ചോറ് ഉണ്ടാകുന്നത് ഇവിടെ നിന്നുള്ള ഈ കൃഷിയിൽ നിന്നാണെന്ന അറിവ് നിസയ്ക്ക് വലിയൊരു തിരിച്ചറിവായിരുന്നു. നെൽപ്പാടങ്ങൾ കണ്ടും പച്ചപ്പു നിറഞ്ഞ നാടുകണ്ടും പുഴയും അതിലെ മീനുകളും വലയും മീൻപിടിത്തക്കാരും നിസയുടെ മനസ്സിൽ പച്ചപിടിച്ചു നിന്നു. അന്നൊരു ശനിയാഴ്ച ആയിരുന്നതിനാൽ മുൻകൂട്ടി തീരുമാനിച്ചത് പ്രകാരമാണ് നിസയും പപ്പയും നാടുചുറ്റാനിറങ്ങിയത്. പാഠപുസ്തകത്തിനു പുറമെയുള്ള ഈ കാഴ്ചകളും അതിലൂടെ ലഭിച്ച പുത്തനറിവുകളും അവളെ  കൂടുതൽ ഉന്മേഷഭരിതയാക്കി.



# വഴുതന മാത്തൻ



**കാർട്ടൂൺ:** സിനിൽ കെ.ജെ. / **ആശയം:** സ്റ്റീവ് വർഗീസ്






SUB SCR IBE!
TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES

To purchase scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | **www.jykairosmedia.org**

RNI No.KERMAL/2002/12027, Date of publication: 01/04/2026, ₹50.00

# കുഞ്ഞുകൂട്ടുകാർക്ക് കയ്യെഴുത്ത് സുവിശേഷം

KAIROS Buds



**പ്രിയ കുഞ്ഞു കൂട്ടുകാരേ,**

ഈശോയോട് കൂടുതൽ അടുക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എങ്കിലിതാ നിങ്ങളിൽ പുത്തനുണർവും പുതുചൈതന്യവും നിറയുന്നത് കാണാൻ ഒരുങ്ങിക്കോളൂ!

കെയ്റോസ് ബഡ്സ് അവതരിപ്പിക്കുന്ന 'കയ്യെഴുത്ത് സുവിശേഷം' എന്ന അത്ഭുതകരമായ ഒരു ടാസ്കിലേക്ക് പ്രിയ കൂട്ടുകാർക്ക് സ്വാഗതം.

ബൈബിളിലെ നാലു സുവിശേഷങ്ങളും വളരെ സാവധാനം പ്രാർഥനയോടെ നമ്മൾ, കൈകൊണ്ടെഴുതി പൂർത്തിയാക്കുന്നു. വിലമതിക്കാനാവാത്ത ഒരു പ്രത്യേക സമ്മാനമായി നമ്മളത് ഉണ്ണീശോയ്ക്ക് നൽകുന്നു. രണ്ടാഴ്ചയിലൊരിക്കൽ നടക്കുന്ന ബൈബിൾ ക്ലാസ്സുകളിലൂടെ നിങ്ങൾ കടന്നു പോകുമ്പോൾ നമ്മുടെ കുഞ്ഞു ഹൃദയങ്ങളും കൈകളും ഈശോയ്ക്ക് ഏറ്റവും പ്രിയമുള്ളതായി തീരുകയും ഈശോയുമായി നല്ല ഗാഢമായ സൗഹൃദം ഉണ്ടാവുകയും ചെയ്യുന്നു.

**ഈ QR Code സ്കാൻ ചെയ്ത് ഇപ്പോൾ തന്നെ രജിസ്റ്റർചെയ്യാം**

**എങ്ങനെയാണ് ഈ പ്രവർത്തനങ്ങൾ:**

- 9 വയസ്സിനും 15 വയസ്സിനും ഇടയിലുള്ള എല്ലാ കുട്ടികൾക്കും ഇതിൽ പങ്കെടുക്കാം
- നിങ്ങൾക്ക് ഇഷ്ടമുള്ള ഏതു ഭാഷയിലും എഴുതാൻ അവസരം
- വിവിധ ഭാഷകളിൽ ബൈബിൾ ലഭിക്കുന്ന ആപ്പുകൾ ഉപയോഗിച്ച് ഇത് ചെയ്യാവുന്നതാണ്
- നാലു സുവിശേഷങ്ങൾ എഴുതുന്നതിന് പകരം ഒരെണ്ണം മാത്രമായും എഴുതാൻ കുഞ്ഞു കൂട്ടുകാർക്ക് അവസരം
- എഴുതാനായി മനോഹരമായി ഡിസൈൻ ചെയ്ത പേപ്പർ നിങ്ങൾക്ക് നൽകുന്നതായിരിക്കും. ബ്ലാക്ക് & വൈറ്റിലോ കളറിലോ നിങ്ങൾക്കത് പ്രിന്റ് ചെയ്തെടുത്തു ഉപയോഗിക്കാവുന്നതാണ്
- നിങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങൾ ഓരോ മാസത്തിലും ഒരു വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ വിലയിരുത്തപ്പെടുകയും കെയ്റോസ് ബഡ്സിന്റെ വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതുമായിരിക്കും
- നിങ്ങൾ എഴുതി പൂർത്തിയാക്കിയ സുവിശേഷങ്ങൾ ജീസസ് യൂത്തിന്റെ നേതൃനിരയിലുള്ളവർ വിലയിരുത്തുകയും ആവശ്യമായ തിരുത്തലുകൾ വരുത്താൻ സഹായിക്കുകയും ചെയ്യും
- പൂർത്തിയാക്കിയ സുവിശേഷങ്ങൾ നിങ്ങൾക്ക് നൽകുന്ന നിർദേശമനുസരിച്ച് നിങ്ങൾക്കു തന്നെ പുസ്തകരൂപത്തിൽ ബൈൻഡ് ചെയ്തു സൂക്ഷിക്കാവുന്നതാണ്

ഒരുദിവസം 15 വാക്യങ്ങൾ മാത്രം എഴുതുന്നതിലൂടെ നമ്മളിത് പൂർത്തീകരിച്ച് ക്രിസ്തുമസ് ദിനത്തോടുകൂടെ നിങ്ങൾക്ക് സ്വന്തമായി ഒരു 'കയ്യെഴുത്ത് സുവിശേഷം' ലഭിക്കുന്നു.

നിങ്ങളുടെ സ്വന്തം കൈപ്പടയിൽ എഴുതിയ സുവിശേഷങ്ങളുടെ ഒരു പകർപ്പ് നിങ്ങളുടെ കൈയിൽ ഇരിക്കുന്നത് ഒന്ന് സങ്കല്പിച്ചു നോക്കൂ. എത്ര മനോഹരവും അത്ഭുതകരവുമായ സമ്മാനമാണത്!

നമുക്ക് ഈശോയുടെ വചനം എഴുതാം... അവന്റെ വചനത്തിൽ ജീവിക്കാം...

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ; സ്നേഹപൂർവം,

***നോബിൻ അങ്കിൾ***

കൂടുതൽ വിവരങ്ങൾക്ക്:

**ബെനീറ്റ +91 6282137478**

Kairos MEDIA

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662